10
ബുധൻ
ജൂൺ 2020
27 ഇടവം 1196
Vol. 2 Issue No.232

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ
തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്
₹ 7.50
പേജ് 12
www.keralapranamam.com
infokeralapranamam@gmail.com

## ആർ. ടി. ഓഫീസിലെ ഇടനിലക്കാരേയും അഴിമതിക്കാരേയും കൊറോണയ്ക്കും പേടിയാണോ?

കോഴിക്കോട് ആർ.ടി. ഓഫീസിന് മുന്നിൽ സാധാരണക്കാർക്ക് സാമൂഹിക അകലം പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കാൻ ബോക്സുകൾ. ഇടനിലക്കാർക്കും അഴിമതിക്കാർക്കും ഈ കോവിഡ് പ്രോട്ടോക്കോളൊന്നും ബാധകമല്ല. ഓഫീസിന്റെ പിന്നാമ്പുറത്തെ ജനവാതിലിനടുത്ത് ഇവരുടെ തിക്കും തിരക്കും. ഇവരിൽനിന്ന് അപേക്ഷയും കൈക്കൂലിയും വാങ്ങി നിമിഷംകൊണ്ട് സർട്ടിഫിക്കറ്റുകൾ റഡിയാക്കി കൊടുക്കാൻ ഉദ്യോഗസ്ഥസംഘവും. കൊറോണപോലും ലജ്ജിച്ചുപോകും.

Special Story

**സന്തോഷ് വേങ്ങേരി**

**കോഴിക്കോട്:** ലോക്ക് ഡൗൺ പ്രോട്ടോകോളിന്റെ ഭാഗമായി കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ആർ.ടി. ഓഫീസിൽ പൊതുജനങ്ങളിൽ നിന്ന് സാമൂഹിക അകലം പാലിച്ചുകൊണ്ട് അപേക്ഷകൾ സ്വീകരിക്കാൻ ബോക്സുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്തൊരു കരുതൽ, ജാഗ്രത, അച്ചടക്കം, കൃത്യനിർവ്വഹണബോധം എന്നൊക്കെ നമ്മൾ വിചാരിച്ചെങ്കിൽ തെറ്റി. ഓഫീസിന് പുറത്ത് വടക്ക് വശത്തെ വരാന്തയുടെ കിഴക്കെ ഇരുട്ട് മൂലയിലെ തുറന്നിട്ട ജനൽപാളിക്ക് മുന്നിൽ തിക്കും തിരക്കുമാണ്. ഇവിടെ ഒരു സാമൂഹിക അകലവുമില്ല. പ്രോട്ടോക്കോളുമില്ല. കൊറോണപോലും ഈ വഴി വരില്ല... ഇതു വഴിയാണ് ഏജൻറുമാരും ഇടനിലക്കാരും അവിഹിത മാർഗത്തിലൂടെ അപേക്ഷ നൽകുന്നത്. ഉപേക്ഷിച്ച ഓഫീസ് ഫർണിച്ചർ വരാന്തയിൽ തടസം വച്ച് സാധാരണക്കാർക്ക് ഇവിടേക്ക് പ്രവേശനം സാധ്യമാവാത്ത രീതിയിലാണ് പിൻവാതിൽ പ്രവർത്തനം.

രാവിലെ പത്തു മണിയോടെ പാവം സാധാരണക്കാർ മാസ്കുമണിഞ്ഞ് ഓഫീസിനു മുന്നിലെത്തി പെട്ടിയിൽ അപേക്ഷകളുമിട്ട് പോകും.നേരത്തെ പെട്ടിയിലിട്ട അപേക്ഷയുടെ വിവരം അറിയാൻ വേറെ ചിലർ അവിടയൊക്കെ ചുറ്റിക്കറങ്ങുന്നുണ്ടാകും. ഇവർക്ക് ഓഫീസിനകത്തേക്കൊന്നും പ്രവേശനമില്ല. പക്ഷേ, പിന്നാമ്പുറ ജനവാതിലിലെ തള്ള് അധികമാകുമ്പോൾ ഓഫീസിനകത്തുവരെ ദല്ലാളന്മാരും ഇടനിലക്കാരും അഴിഞ്ഞാടുന്നത് കാണാം.

സാധാരണക്കാരുടെ അപേക്ഷകൾ പെട്ടിയിലിട്ടാൽ രണ്ട് ദിവസത്തിന് ശേഷമാണ് തുറന്നെടുക്കുന്നത്. സൂക്ഷ്മ പരിശോധനയൊക്കെ കഴിഞ്ഞ് പോസ്റ്റൽ വഴി സർട്ടിഫിക്കറ്റ് കൈയ്യിൽ കിട്ടുമ്പോഴേക്ക് ആഴ്ചകൾ കഴിയും. അതേസമയം ഓരോ ഇടനിലക്കാരനും അട്ടിക്കണക്കിന് അപേക്ഷകളാണ് പിന്നാമ്പുറ ജനൽ വഴി കൈമാറുന്നത്. ഇത് വാങ്ങി നമ്പറിടാൻ പ്രത്യേകമായി ഒരു ഉദ്യാഗസ്ഥൻ തന്നെയുണ്ട്. ഇടനിലക്കാർക്ക് ആ ദിവസം തന്നെ സർട്ടിഫിക്കറ്റ് നൽകും. സൂക്ഷ്മ പരിശോധനയൊന്നുമില്ല. കൈക്കൂലിയുടെ അളവ് കൂട്ടിയാൽ മതി.






**കോഴിക്കോട് ആർ.ടി.ഓഫീസിന് പിന്നാമ്പുറത്തെ ജനവാതിലിനടുത്ത് ഇടനിലക്കാരുടെ തിരക്ക് ( ഇടത് ) വഴിയിൽ ഫർണിച്ചറുകളിട്ട് സാധാരണക്കാരുടെ പ്രവേശനം തടഞ്ഞിരിക്കുന്നു ( വലത് )**

ഡ്രൈവിങ്ങ് ലൈസൻസ് പുതുക്കൽ, പേര് മാറ്റൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, ലോൺ ചേർക്കൽ, ലോൺ ഒഴിവാക്കൽ തുടങ്ങിയവയാണ് കോവിഡ് പ്രോട്ടോക്കോൾ പോലും ലംഘിച്ചുകൊണ്ട് ജീവനക്കാരെ കൂട്ടുപിടിച്ച്, ഇടനിലക്കാർ നിമിഷനേരംകൊണ്ട് സാധിച്ചെടുക്കുന്നത്. ഇതുകാരണം ഇടനിലക്കാർ ചോദിക്കുന്ന പൈസകൊടുത്ത് സർട്ടിഫിക്കറ്റുകൾ വാങ്ങാൻ സാധാരണക്കാരും നിർബന്ധിതരാകുകയാണ്.

## മിഷിഗൻ സർവകലാശാലയിലെ ആരോഗ്യ വിദഗ്ധരുടെ മുന്നറിയിപ്പ്




**തിരുവനന്തപുരം:** സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കിയില്ലെങ്കിൽ രോഗവ്യാപനം കുതിച്ചുയരുമെന്ന് മിഷിഗൻ സർവകലാശാലയിലെ ആരോഗ്യ വിദഗ്ധരുടെ മുന്നറിയിപ്പ്. രോഗവ്യാപനത്തിന്റെ അടിസ്ഥാനമായ പുനരുൽപാദന നിരക്ക് കേരളത്തിൽ ഇപ്പോൾ 1.35 ആണെന്നാണു വിലയിരുത്തൽ. നിയന്ത്രണ വിധേയമാകണമെങ്കിൽ ഇത് ഒന്നിൽ താഴെ എത്തണം.

മിഷിഗൻ വാഴ്സിറ്റി ടീമിന്റെ നിഗമനപ്രകാരം ജൂലൈ 4 ആകുമ്പോഴേക്കും കേരളത്തിലെ മൊത്തം കോവിഡ് രോഗികളുടെ എണ്ണം ചുരുങ്ങിയത് 11,000 ആയേക്കും. ഇതു പരമാവധി 43,000 വരെയാകാം. പ്രവാസികളുടെ മടങ്ങിവരവ് അടക്കം കണക്കിലെടുക്കുമ്പോൾ ഇക്കാര്യത്തിൽ വലിയ വർദ്ധനവ് ഉണ്ടാകുമെന്നാണ് കരുതുന്നത്.

അതേസമയം ഇന്ത്യയൊട്ടാകെയുള്ള രോഗികളുടെ എണ്ണം അപ്പോഴേയ്ക്കും 6 ലക്ഷം മുതൽ 9 ലക്ഷം വരെയാകുമെന്നും ആരോഗ്യവിദഗ്ദ്ധർ പറയുന്നു. മിഷിഗൻ വാഴ്സിറ്റിയിലെ കോവിഡ് ഇന്ത്യ സ്റ്റഡി ഗ്രൂപ്പ് ആണ് ഫെബ്രുവരി മുതലുള്ള കേരളത്തിലെ രോഗവ്യാപന രീതിയും രോഗികളുടെ എണ്ണവും വിലയിരുത്തി റിപ്പോർട്ട് തയാറാക്കുന്നത്. ദിവസേനയുള്ള രോഗക്കണക്കുകൾ മാറുന്നതിനനുസരിച്ച് രോഗവ്യാപന സാധ്യതാ വിവരങ്ങൾ പുതുക്കുന്നുമുണ്ട്. വാഴ്സിറ്റിയിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ ബയോ സ്റ്റാറ്റിസ്റ്റിക്സ് പ്രഫസർ ഇന്ത്യക്കാരി ഡോ. ഭ്രമർ മുഖർജിയുടെ നേതൃത്വത്തിലുള്ള

സംഘമാണ് പഠനം നടത്തുന്നത്.

അതിനിടെ ഇന്നലെ 91 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചതോടെ സംസ്ഥാനത്തു രോഗബാധിതരുടെ എണ്ണം 2005 ആയി. ജനുവരി 30ന് ആദ്യ രോഗബാധ റിപ്പോർട്ട് ചെയ്ത കേരളത്തിൽ ആയിരം രോഗികളായത് കഴിഞ്ഞ മാസം 27നാണ് (119ാം ദിവസം). പിന്നീട് 12 ദിവസം കൊണ്ട് രോഗബാധിതരുടെ എണ്ണം ഇരട്ടിയായി. മരണവും ഈ രണ്ടാഴ്ചയ്ക്കിടയിൽ ഇരട്ടിയായി. നിലവിൽ ചികിത്സയിലുള്ളത് 1174 പേർ; രോഗമുക്തരായത് 814 പേർ. ആവർത്തിച്ചുള്ള പരിശോധന ഉൾപ്പെടെ 1,13,956 പേരുടെ സാംപിളുകൾ ഇതുവരെ പരിശോധിച്ചു. മലപ്പുറം (163), പാലക്കാട് (158), തൃശൂർ (114) ജില്ലകളിൽ നിലവിൽ നൂറിലേറെ പേർ ചികിത്സയിലുണ്ട്.

## ബസ്സുകൾക്ക് അധിക നിരക്ക് ഈടാക്കാം

### ചാർജ്ജ് വർധന പിൻവലിച്ച നടപടി രണ്ടാഴ്ച സ്റ്റേ ചെയ്ത് ഹൈക്കോടതി


**കൊച്ചി:** സ്വകാര്യ ബസ്സുകൾക്ക് അധിക നിരക്ക് ഈടാക്കാമെന്ന് ഹൈക്കോടതി. ചാർജ്ജ് വർദ്ധന പിൻവലിച്ച സർക്കാർ നടപടി ഹൈക്കോടതി രണ്ടാഴ്ചത്തേക്ക് സ്റ്റേ ചെയ്തിട്ടുമുണ്ട്. സ്വകാര്യ ബസുടമകൾ നൽകിയ ഹർജിയിലാണ് കോടതി നടപടി സ്വീകരിച്ചത്. ഹൈക്കോടതി ഇടപെടലിന്റെ സാഹചര്യത്തിൽ സ്വകാര്യ ബസ്സുകൾക്കും കെ.എസ്.ആർ.ടി.സി ബസുകൾക്കും അധിക നിരക്ക് തത്കാലത്തേക്ക് ഈടാക്കാൻ സാധിക്കും.

ലോക്ക്ഡൗൺ കാലാവധി അവസാനിക്കുന്നത് വരെ ബസുടമകൾക്ക് കൂടിയ നിരക്ക് ഈടാക്കുകയും ചെയ്യാം. സംസ്ഥാന സർക്കാർ ഉത്തരവ് കോടതി റദ്ദാക്കിയിട്ടില്ല.താൽക്കാലിക സ്റ്റേ മാത്രമാണ് നൽകിയത്. കോടതി ഉത്തരവ് സ്വാഗതം ചെയ്യുന്നതായും അടുത്ത ദിവസം മുതൽ സർവീസ് നടത്തുമെന്നും സ്വകാര്യ ബസ് ഉടമകൾ അറിയിച്ചിട്ടുണ്ട്.

അതേസമയം സാമൂഹിക അകലം പാലിച്ചുകൊണ്ടുതന്നെ ബസ്സിൽ യാത്രക്കാരെ കൊണ്ടുപോവണമെന്ന് കോടതി നിർദേശിച്ചിട്ടുണ്ട്.

### ഹൈക്കോടതി സ്റ്റേയ്ക്കെതിരെ സർക്കാർ അപ്പീൽ നൽകും

**തിരുവനന്തപുരം:** ലോക്ക്ഡൗൺ കാലത്ത് താത്കാലികമായി വർധിപ്പിച്ചിരുന്ന ബസ് ചാർജ് കുറച്ച സർക്കാർ നടപടി സ്റ്റേ ചെയ്ത ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോകുമെന്ന് ഗതാഗത മന്ത്രി എകെ ശശീന്ദ്രൻ. വിധിയുടെ പകർപ്പ് കിട്ടിയാലുടൻ പഠിച്ച ശേഷം ഇതിനുള്ള നടപടിയെടുക്കും. ബസ് ചാർജ് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് രണ്ടാഴ്ചക്കുള്ളിൽ ലഭിക്കും.അത് ഉടൻ നടപ്പാക്കുകയും ചെയ്യും.



**ഇന്ത്യയിൽ**
രോഗികൾ 2,69,897
മരണം 7,508

**ലോകത്ത്**
രോഗികൾ 71,98,634
മരണം 4,08,733

## ഇന്നലെ 91 പേർക്ക് കൂടി രോഗബാധ

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നലെ 91 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. പാലക്കാടുനിന്നുള്ള 14 പേർക്കും, ആലപ്പുഴയിൽ 11 പേർക്കും, തിരുവനന്തപുരത്ത് 10 പേർക്കും, കോട്ടയത്ത് എട്ട് പേർക്കും, പത്തനംതിട്ട, കോഴിക്കോട് ഏഴ് പേർക്ക് വീതവും, തൃശൂർ, മലപ്പുറം, വയനാട് ആറ് പേർക്ക് വീതവും, കൊല്ലം, കണ്ണൂർ ജില്ലകളിൽ അഞ്ച് പേർക്ക് വീതവും, എറണാകുളത്ത് നാല് പേർക്കും, കാസർഗോഡ് രണ്ട് പേർക്കുമാണ് രോഗം സ്ഥിരീകരിച്ചത്.

ഇതിൽ 53 പേർ വിദേശ രാജ്യങ്ങളിൽ നിന്നും (യുഎഇ 30, കുവൈറ്റ് 10, താജിക്കിസ്ഥാൻ നാല്, നൈജീരിയനാല്, റഷ്യമൂന്ന്, സൗദി അറേബ്യരണ്ട്) 27 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും (മഹാരാഷ്ട്ര14, തമിഴ്നാട്അഞ്ച്, ഡൽഹിഅഞ്ച്, കർണാടകരണ്ട്, ആന്ധ്രാപ്രദേശ്ഒന്ന്) വന്നതാണ്. 10 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്.

പാലക്കാട് ജില്ലയിലെ നാല് പേർക്കും തൃശൂർ ജില്ലയിലെ മൂന്ന് പേർക്കും മലപ്പുറം ജില്ലയിലെ രണ്ട് പേർക്കും കണ്ണൂർ ജില്ലയിലെ ഒരാൾക്കുമാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്. തിരുവനന്തപുരം ജില്ലയിലെ ഒരു ആരോഗ്യ പ്രവർത്തകയ്ക്കും രോഗം ബാധിച്ചു.

ചികിത്സയിലായിരുന്ന 34 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയി. 1231 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 848 പേർ ഇതുവരെ കോവിഡ് മുക്തരായി.

### ആശാൻ

**കോവിഡ് കൈകാര്യം ചെയ്യുന്നതിൽ തെറ്റ് പറ്റിയിരിക്കാം, അമിത് ഷാ**



കുമ്പസാരം; ലക്ഷ്യം എന്താവും?

## മുഖ്യമന്ത്രിയുടെ മകൾ വീണയ്ക്ക് വിവാഹം; വരൻ മുഹമ്മദ് റിയാസ്

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിവാഹിതയാകുന്നു. ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ് മുഹമ്മദ് റിയാസ് ആണ് വരൻ. ഈ മാസം പതിനഞ്ചിന് വിവാഹം ഉണ്ടാകുമെന്നാണ് റിപ്പോർട്ടുകൾ. ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ തുടരുന്ന സാഹചര്യത്തിൽ ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന ലളിതമായ ചടങ്ങുകളോടെയായിരിക്കും വിവാഹം.

ബംഗളൂരുവിൽ എക്സലോജിക് സൊലൂഷൻസ് എന്ന ഐടി കമ്പനിയുടെ മാനേജിംഗ് ഡയറക്ടറാണ് വീണ. നേരത്തെ ആർ പി ടെക് സോഫ്റ്റ് ഇന്റർനാഷനലിന്റെ സിഇഒ ആയിരുന്നു.



എസ് എഫ് ഐയിലൂടെയായിരുന്നു പി എ മുഹമ്മദ് റിയാസ് രാഷ്ട്രീയത്തിലേക്ക് രംഗപ്രവേശം നടത്തുന്നത്. കോഴിക്കോട് ഫാറൂഖ് കോളേജിലെ എസ്എഫ്ഐ പ്രതിനിധിയായിരുന്ന റിയാസ് കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ നിന്ന് നിയമബിരദവും നേടി. 2009ൽ കോഴിക്കോട് നിന്ന് ലോക്സഭയിലേക്ക് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. എംകെ രാഘവനാണ് മുഹമ്മദ് റിയാസിനെ പരാജയപ്പെടുത്തിയത്. തുടർന്ന് 2017ലാണ് ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡൻറാകുന്നത്. ഡി.വൈ.എഫ്.ഐ കോട്ടൂളി യൂണിറ്റ് സെക്രട്ടറിയായാണ് യുവജനപ്രസ്ഥാനത്തിലെത്തുന്നത്. തുടർന്ന് 2016ൽ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയായി.

നേരത്തെ വിവാഹിതനായിരുന്ന മുഹമ്മദ് റിയാസ് വിവാഹമോചനം നേടിയ വ്യക്തിയാണ്. വീണയും നേരത്തെ നടന്ന വിവാഹബന്ധം വേർപ്പെടുത്തിയിരുന്നു.




കേരള പ്രണാമം
കേരളത്തിന്റെ സ്വന്തം പത്രം
ഇപ്പോൾ ഓൺലൈനിലും
സന്ദർശിക്കുക
keralapranamam.com
KERALA PRANAMAM
ONLINE www.keralapranamam.com
കേരളപ്രണാമം ഇ പേപ്പർ സൗജന്യമായി വായിക്കാം,
തത്സമയ വാർത്തകളും അറിയാം

# കുഞ്ഞിവാവയെ കാണിക്കാൻ ആതിര കാത്തിരിക്കുന്നു, പക്ഷേ, നിഥിൻ വരുന്നത് മരണത്തിന്റെ ചിറകിൽ

**കോഴിക്കോട്:** കുഞ്ഞിവാവയെ കാണാൻ പ്രിയതമൻ ഷാർജയിൽ നിന്ന് എത്രയും വേഗം പറന്നെത്തുമെന്ന പ്രതീക്ഷയിൽ ലേബർ റൂമിൽ പാതി മയക്കത്തിൽ കിടക്കുകയാണ് ആതിരയിപ്പോഴും... ജീവന്റെ ജീവനായ നിഥിന്റെ അപ്രതീക്ഷിതവിയോഗം അവളറിഞ്ഞിട്ടില്ല. നിഥിന്റെ മൃതദേഹം ഷാർജയിൽനിന്ന് പേരാമ്പ്ര മുയിപ്പോത്തെ വീട്ടിലേക്ക് ഇന്ന് കൊണ്ടുവരും. കോവിഡ് പരിശോധനാഫലം നെഗറ്റീവ് ആയതിനാൽ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾക്ക് താമസം വരില്ലെന്നാണ് ദുബായിലെ സാമൂഹ്യപ്രവർത്തകർ അറിയിച്ചിരിക്കുന്നത്.

മൃതദേഹം നാട്ടിലെത്തുമ്പോൾ നിഥിന്റെ വിയോഗം എങ്ങനെ ആതിരയെ അറിയിക്കുമെന്നറിയാതെ വിങ്ങുകയാണ് ഒരു നാടൊന്നാകെ. പ്രിയതമന്റെ വേർപാടറിയാതെ തിങ്കളാഴ്ചയാണ് ആതിര പെൺകുഞ്ഞിന് ജന്മം നൽകിയത് .

വിദേശത്ത് കുടുങ്ങിയ ഗർഭിണികളെ നാട്ടിലെത്തിക്കാൻ സുപ്രീംകോടതയിൽ നിയമപോരാട്ടം നടത്തിയത് ഗർഭിണിയായ ആതിരയും ഭർത്താവ് നിഥിൻ ചന്ദ്രനുമായിരുന്നു. ദുബായിൽ നിന്ന് ആതിരയോടൊപ്പം നാട്ടിലെത്താൻ നിഥിനും ടിക്കറ്റ് ലഭിച്ചിതായിരുന്നു. പക്ഷെ നിഥിന്റെ





നല്ല മനസ് തന്നേക്കാൾ ആത്യാവശ്യമായി നാട്ടിലെത്തേണ്ട ഒരാൾക്കായി ആ ടിക്കറ്റ് നൽകി. പ്രസവ സമയത്ത് നാട്ടിലെത്താമെന്നായിരുന്നു നിഥിൻ ആതിരക്ക് നൽകിയ വാക്ക്.

എന്നാൽ കഴിഞ്ഞ ദിവസം ഉറങ്ങിയ നിഥിൻ പിന്നെ ഉണർന്നിട്ടില്ല. ഇതൊന്നും ആതിരയെ അറിയിച്ചിട്ടില്ല. പ്രസവത്തിനു മുൻപുള്ള പരിശോധനയെന്ന പേരിൽ ബന്ധുക്കൾ ആതിരയെ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ശസ്ത്രക്രിയയിലൂടെ ആണ് ആതിര പെൺകുഞ്ഞിന് ജന്മം നൽകിയത്. ആദ്യകുഞ്ഞിന്റെ പിറവി ജന്മനാട്ടിലാവണമെന്ന ആഗ്രഹത്തിലായിരുന്നു നിഥിൻ ആതിരയെ നാട്ടിലേക്ക് അയച്ചത്.

ഭർത്താവിന്റെ കൂടെ ഷാർജയിലായിരുന്ന ആതിര കഴിഞ്ഞ മാസമാണു നാട്ടിലെത്തിയത്. ലോക്ഡൗണിൽ വിദേശത്തു കുടുങ്ങിയ ഗർഭിണികളെ നാട്ടിലെത്തിക്കണമെന്നാവശ്യപ്പെട്ടു സുപ്രീം കോടതിയെ സമീപിച്ച് യാത്രാനുമതി നേടുകയായിരുന്നു. ആദ്യവിമാനത്തിൽ തന്നെ ആതിരയ്ക്ക് ഇടം കിട്ടുകയും ചെയ്തു. ഭാര്യയ്ക്കൊപ്പം വരാമായിരുന്നുവെങ്കിലും, അത്യാവശ്യമായി നാട്ടിലെത്തേണ്ട മറ്റൊരാളുടെ അവസരം നഷ്ടപ്പെടുത്തേണ്ടെന്നു കരുതി നിഥിൻ വന്നില്ല. ഇൻകാസിന്റെ സജീവ പ്രവർത്തകനായി നിഥിൻ അവിടെ തന്നെ നിലകൊള്ളാൻ തീരുമാനിക്കുകയായിരുന്നു.

ഇൻകാസ് യൂത്ത് വിങ്ങിനു വേണ്ടി ഷാഫി പറമ്പിൽ എംഎൽഎ യാണ് ആതിരയ്ക്ക് ടിക്കറ്റ് നൽകിയത്. ഇതിനു പകരമായി ടിക്കറ്റെടുക്കാൻ ബുദ്ധിമുട്ടിയ രണ്ടു പ്രവാസികളെ ആതിരയും നിഥിനും കൂടി ടിക്കറ്റിന്റെ പണം നൽകി സഹായിച്ചിരുന്നു.


ആതിരയുടെ പ്രസവത്തോടടുപ്പിച്ച് നാട്ടിലേക്കുള്ള വരാനുള്ള ഒരുക്കത്തിലായിരുന്നു നിഥിൻ. 2017 സെപ്റ്റംബറിലായിരുന്നു ഇവരുടെ വിവാഹം. യുഎഇയിൽ സാമൂഹികസേവന രംഗത്തു സജീവമായിരുന്ന നിഥിൻ, ബ്ലഡ് ഡോണേഴ്സ് കേരളയുടെ സജീവപ്രവർത്തകനായിരുന്നു.

ആതിരയും നിഥിനും എൻജിനിയർമാരാണ്. മൂന്നുവർഷം മുമ്പായിരുന്നു വിവാഹം. എട്ടു മാസം മുമ്പാണ് നാട്ടിൽനിന്നു പോയത്. റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ മുയിപ്പോത്ത് പടിഞ്ഞാറക്കര കുനിയിൽ രാമചന്ദ്രന്റെയും ലതയുടെയും മകനാണ് നിഥിൻ. ആരതി ഏകസഹോദരിയാണ്.

# മുൻ രഞ്ജി താരം ജയമോഹൻ തമ്പിയുടെ മരണം കൊലപാതകം: മകൻ അറസ്റ്റിൽ

**തിരുവനന്തപുരം:** മുൻ രഞ്ജി താരവും കേരള ക്രിക്കറ്റ് ടീം അംഗവും എസ്.ബി.ടി.യിൽ ഡി.ജി.എമ്മും ആയിരുന്ന ജയമോഹൻ തമ്പിയുടെ മരണം കൊലപാതകമെന്ന് തെളിഞ്ഞു. സംഭവത്തിൽ മകൻ അശ്വിൻ തിരുവനന്തപുരത്ത് അറസ്റ്റിലായി. ജയമോഹൻ തമ്പിയെ മകൻ തള്ളിയിട്ടെന്നാണ് പൊലീസ് പറയുന്നത്. നെറ്റിയിലെ ആഴമുള്ള മുറിവാണ് മരണകാരണമായത്

തിങ്കളാഴ്ച രാവിലെയാണ് തിരുവനന്തപുരം മണക്കാട് പറമ്പിൽ നഗറിൽ ഹൗസ് നമ്പർ എച്ച് 18 ആശ്വാസിൽ ഇദ്ദേഹത്തെ മരിച്ചനിലയിൽ കണ്ടത്. 64 വയസ്സായിരുന്നു. തിങ്കളാഴ്ച രാവിലെ മുതൽ വീട്ടിൽ നിന്ന് ദുർഗന്ധം പടർന്നതിനെ വീടിന് മുകളിൽ വാടകക്ക് താമസിക്കുന്നവർ നടത്തിയ പരിശോധയിലാണ് ജയമോഹൻ തമ്പിയെ ഹാളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. നാട്ടുകാർ



വിവരമറിയിച്ചതിനെ തുടർന്ന് ഫോർട്ട് പോലീസെത്തി മൃതദേഹം മെഡിക്കൽ കോളജ് മോർച്ചറിയിലേയ്ക്ക് മാറ്റി.

ഇതേസമയം വീട്ടിൽ മൂത്ത മകൻ അശ്വിൻ ഉണ്ടായിരുന്നെങ്കിലും ഇയാൾ അച്ഛന്റെ മരണമോ തുടർന്നുണ്ടായ ദുർഗന്ധമോ അറിഞ്ഞില്ലെന്നാണ് പറഞ്ഞിരുന്നത്. അശ്വിൻ മദ്യപിച്ച് അബോധാവസ്ഥയിലായിരുന്നുവെന്ന് പോലീസ് പറയുന്നു. അയൽവാസികളാണ് മുറിയിൽ കിടന്നുറങ്ങിയ ഇയാളെ വിളിച്ചുണർത്തിയത്.

മെഡിക്കൽ കോളേജിൽ മൃതദേഹപരിശോധന നടത്തിയശേഷം ബന്ധുക്കൾക്ക് വിട്ടുനൽകി. ഭാര്യ: പരേതയായ അനിത. എസ്.ബി.ഐ ജീവനക്കാരനായ ആഷിക് മോഹനാണ് മറ്റൊരു മകൻ. മരുമക്കൾ: മേഘ, ജൂഹി.

ആലപ്പുഴ സ്വദേശിയായ ജയമോഹൻ 1982–84 കാലഘട്ടത്തിൽ കേരളത്തിനായി രഞ്ജി ട്രോഫി കളിച്ചിട്ടുണ്ട്. ടീമിൽ വിക്കറ്റ് കീപ്പർ ബാറ്റ്സ്മാനായിരുന്നു അദ്ദേഹം. ജൂനിയർ തലത്തിൽ സംസ്ഥാനത്തിനുവേണ്ടി മികച്ച പ്രകടനം നടത്തിയ താരമായിരുന്നു ജയമോഹൻ തമ്പി. എസ്.ബി.ടി.യിൽ ഔദ്യോഗികജീവിതം തുടങ്ങിയ ജയമോഹൻ ബാങ്ക് ടീമിനു വേണ്ടിയും ദേശീയ ടൂർണമെന്റുകളിൽ കളിച്ചിട്ടുണ്ട്. എസ്.ബി.ടി. ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനുമായിരുന്നു.

# അഞ്ജുവിന്റെ കൈയ്യക്ഷരം പരിശോധിക്കും

## അന്വേഷണത്തിന് പ്രത്യേക സംഘം; പ്രതിഷേധങ്ങൾക്കൊടുവിൽ മൃതദേഹം സംസ്കരിച്ചു

**കോട്ടയം:** പരീക്ഷാ ഹാളിൽ നിന്ന് കാണാതായ ശേഷം മരിച്ച നിലയിൽ കണ്ടെത്തിയ കാഞ്ഞിരപ്പള്ളിയിലെ ബിരുദ വിദ്യാർത്ഥിനി അഞ്ജു ഷാജിയുടെ മൃതദേഹം വലിയ പ്രതിഷേധങ്ങൾക്ക് ഒടുവിൽ വീട്ടുവളപ്പിൽ സംസ്കരിച്ചു. പൂഞ്ഞാർ എംഎൽഎ പി സി ജോർജ്, കാഞ്ഞിരപ്പള്ളി ഡിവൈഎസ്പി എന്നിവരെത്തി നടത്തിയ ചർച്ചകൾക്കൊടുവിലാണ് മരണത്തിൽ സമഗ്രാന്വേഷണം ആവശ്യപ്പെട്ട് ബിജെപി പ്രവർത്തകരും നാട്ടുകാരും നടത്തിയ പ്രതിഷേധം അവസാനിപ്പിച്ചത്. ഇതിന് ശേഷം അഞ്ജുവിന്റെ മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു.

കാഞ്ഞിരപ്പള്ളി ഡിവൈഎസ്പിക്കാണ് കേസന്വേഷണ ചുമതല. മരണം സംബന്ധിച്ച് കുടുംബം ഉൾപ്പെടെ ആരോപണങ്ങളുമായി രംഗത്ത് എത്തിയതി





ന് പിന്നാലെയാണ് കേസ് അന്വേഷണത്തിന് പുതിയ സംഘത്തെ നിയോഗിച്ചത്. കോട്ടയം എസ്.പി ജി ജയ്ദേവാണ് ഇക്കാര്യം അറിയിച്ചത്.

അഞ്ജുവിന്റെ കൈയ്യക്ഷരവും ഹാൾ ടിക്കറ്റിലെ കയ്യക്ഷരവുമായി ഒത്തുനോക്കും. ഇതിനായി വിദഗ്ദ സഹായം തേടും. കോളേജ് അധികൃതർ പുറത്ത് വിട്ട ദൃശ്യങ്ങളിൽ എഡിറ്റിങ്ങ് നടന്നിട്ടുണ്ടോ എന്ന് കണ്ടെത്താൻ ഫോറൻസിക് പരിശേധന നടത്തുമെന്നും എസ്.പി വ്യക്തമാക്കി.

അതേസമയം, അഞ്ജു ഷാജിയുടെ കുടുംബത്തെ സഹായിക്കുന്നതിനായി സർക്കാറിൽ സമ്മർദ്ദം ചെലുത്തുമെന്ന് പൂഞ്ഞാർ എംഎൽഎ പിസി ജോർജ്ജ് വ്യക്തമാക്കി. ഇക്കാര്യം ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകുമെന്നും പിസി ജോർജ്ജ് വ്യക്തമാക്കി.

അഞ്ജുവിന്റേത് മുങ്ങിമരണമാണെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ശരീരത്തിൽ മറ്റ് പരിക്കുകളില്ല. മൃതദേഹത്തിന് രണ്ട് ദിവസത്തെ പഴക്കമുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

പെൺകുട്ടി പരീക്ഷയെഴുതിയ ബിവിഎം ഹോളിക്രോസ് കോളേജിനെതിരേ ഗുരുതര ആരോപണങ്ങൾ ആവർത്തിക്കുകയാണ് കുടുംബം.

പ്രിൻസിപ്പാൾ അടക്കം വളരെ മോശമായാണ് തങ്ങളോട് പെരുമാറിയതെന്നും ഗൂഢാലോചന നടത്തി തന്റെ മകളുടെ മേൽ എല്ലാ കുറ്റങ്ങൾ ചാരി രക്ഷപ്പെടാൻ ശ്രമിക്കുകയാണ് കേളേജുകാർ ചെയ്യുന്നതെന്നുമാണ് പെൺകുട്ടിയുടെപിതാവ് ആരോപിക്കുന്നത്. പ്രിൻസിപ്പാൾ, അധ്യാപകർ എന്നിവരെ അഞ്ജുവിന്റെ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യണമെന്നും പിതാവ് ആവശ്യപ്പെട്ടു.

# മഞ്ഞുരുക്കം; ഇന്ത്യയും ചൈനയും സൈന്യത്തെ പിൻവലിക്കുന്നു

**ലഡാക്ക്:** കിഴക്കൻ ലഡാക്കിലെ ചില പ്രദേശങ്ങളിൽ നിന്ന് ഇന്ത്യയും ചൈനയും തങ്ങളുടെ സൈന്യത്തെ പിൻവലിക്കാൻ ആരംഭിച്ചു.

ഗൽവാൻ താഴ്വരയിലെയും മറ്റ് രണ്ട് പ്രദേശങ്ങളിലെയും സൈന്യത്തെയാണ് ഇരു രാജ്യങ്ങളും പിൻവലിക്കുന്നത്. ഒരു മാസത്തോളമായി നീണ്ട സംഘർഷാവസ്ഥക്ക് അയവ് വരുന്നതിന്റെ സൂചനയാണിത്.

അതേസമയം, പാംഗോംഗ് സൊ, ദൗലത് ബേഗ് ഒൾഡി പോലുള്ള സ്ഥലങ്ങളിലെ സൈനിക വിന്യാസത്തിൽ മാറ്റമില്ല.

സൈനികരെ പിൻവലിക്കുന്നത് സംബന്ധിച്ച് പ്രതിരോധ, വിദേശകാര്യ മന്ത്രാലയങ്ങൾ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. ചൈനീസ് വൃത്തങ്ങളും ഇത്തരമൊരു അറിയിപ്പ് നൽകിയിട്ടില്ല. എന്നാൽ കുറച്ച് സൈനികരെ പിൻവലിച്ചതായി സൈനിക വൃത്തങ്ങൾ പറയുന്നു. ഗൽവാൻ, ഹോട്ട് സ്പിംഗ്സ്, പി പി 15ലെ പട്രോളിംഗ് പ്രദേശം എന്നിവിടങ്ങളിലെ താത്കാലിക നിർമിതികളും ഒഴിവാക്കിയിട്ടുണ്ട്.

മേഖലയിലെ സംഘർഷാവസ്ഥ പരിഹരിക്കുന്നതിന് ഇന്ത്യയും ചൈനയും കഴിഞ്ഞയാഴ്ച മേജർ ജനറൽ തല ചർച്ചകൾ നടത്തിയിരുന്നു. മെയ് അഞ്ച് മുതലാണ് ഇന്ത്യ ചൈന സൈനികർ കിഴക്കൻ ലഡാക്കിൽ മുഖാമുഖം നിലയുറപ്പിച്ചത്. പാംഗോംഗ് സൊയിലെ സംഘർഷത്തെ തുടർന്നായിരുന്നു ഇത്. 2017ലെ ദോക്ലാം പ്രതിസന്ധിക്ക് ശേഷമുള്ള ഏറ്റവും വലിയ സംഘർഷാവസ്ഥയായിരുന്നു ഇത്.



# വന്ദേ ഭാരത്: യുഎഇയിൽ 45 അധിക വിമാനങ്ങൾ, 44ഉം കേരളത്തിലേക്ക്

**ന്യൂഡൽഹി:** വന്ദേ ഭാരത് മിഷന്റെ മൂന്നാം ഘട്ടത്തിൽ കൂടുതൽ വിമാന സർവീസുകൾ. യുഎഇയിൽ നിന്ന് മാത്രം 45 അധിക വിമാനങ്ങളാണ് മൂന്നാം ഘട്ടത്തിൽ പുതിയതായി ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 44എണ്ണവും കേരളത്തിലേക്കാണെന്ന് ഖലീജ് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. ഒരു സർവീസ് ഒഡിഷയിലേക്കുമാണ്,

കഴിഞ്ഞ ദിവസം പുതിയതായി 25 വിമാനങ്ങൾ കൂടി ഉൾപ്പെടുത്തിയിരുന്നു. ജൂൺ 9 മുതൽ 19 വരെയാണ് രണ്ടാം ഘട്ടം. ഇതിൽ എട്ട് വിമാനങ്ങളാണ് കേരളത്തിലേക്ക് അധികമായി സർവീസ് നടത്താൻ നിശ്ചയിച്ചത്.

വന്ദേഭാരത് മിഷന്റെ മൂന്നാം ഘട്ടത്തിനു വേണ്ടി മാറ്റിവച്ച ടിക്കറ്റുകൾക്ക് പ്രവാസികളിൽ നിന്നും മികച്ച പ്രതികരണം ലഭിച്ചതിനെ തുടർന്ന് കൂടുതൽ സീറ്റുകൾ ലഭ്യമാക്കുമെന്ന് എയർ ഇന്ത്യ അറിയിച്ചിരുന്നു. ജൂൺ 10നും ജൂലൈ ഒന്നിനും ഇടയിൽ യുഎസും യുകെയും കാനഡയും യൂറോപ്പുമടക്കം തെരഞ്ഞെടുത്ത രാജ്യങ്ങളിൽ നിന്നും നടത്തുന്ന 300 വിമാനങ്ങൾ സർവീസ് നടത്തുന്നത് എയർ ഇന്ത്യ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചത്.

മെയ് ഏഴ് മുതലാണ് എയർ ഇന്ത്യയും ഉപകമ്പനിയായ എയർ ഇന്ത്യ എക്സ്പ്രസും വന്ദേഭാരത് മിഷന് കീഴിൽ അന്താരാഷ്ട്ര സർവീസുകൾ ആരംഭിച്ചത്. അതേസമയം വിമാനമാർഗ്ഗം കേരളത്തിലെത്തിയവരുടെ എണ്ണം അരലക്ഷം കവിഞ്ഞു. എയർപോർട്ട് വഴി 51,135 പേരും സീപോർട്ട് വഴി 1621 പേരും ചെക്ക് പോസ്റ്റ് വഴി 1,26,178 പേരും റെയിൽവേ വഴി 21,708 പേരും ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 2,00,642 പേരാണ് എത്തിയത്.

# തീവ്രമേഖലകളിലെ 30 ശതമാനത്തോളം ആളുകൾക്കും വൈറസ് ബാധ:

## ഞെട്ടിക്കുന്ന റിപ്പോർട്ട് പുറത്തുവിട്ട് ഐസിഎംആർ

**ന്യൂഡൽഹി:** രാജ്യത്തെ കണ്ടെയ്ൻമെന്റ് സോണുകളിലെ 30 ശതമാനത്തോളം ആളുകൾക്കും കൊറോണ ബാധിച്ചിരുന്നതായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചി (ഐസിഎംആർ)ന്റെ റിപ്പോർട്ട് പുറത്ത്.

മുംബൈ, പുനെ, താനെ, ഡൽഹി, ഇൻഡോർ, കൊൽക്കത്ത, ചെന്നൈ, അഹമ്മദാബാദ്, സൂറത്ത്, ജയ്പൂർ എന്നിവിടങ്ങളിൽ നിന്നുള്ള 70 ജില്ലകളിൽ നിന്നായി 24,000ത്തോളം സാംപിളുകൾ പരിശോധിച്ചാണ് ഐസിഎംആർ റിപ്പോർട്ട് തയാറാക്കിയത്.

കൊറോണ ബാധിച്ചവരിൽ പലരും രോഗമുക്തി നേടിയിട്ടുണ്ട്. ലക്ഷണങ്ങളൊന്നുമില്ലാതെ ഒട്ടേറെപ്പേർക്ക് രാജ്യത്ത് കൊറോണ സ്ഥിരീകരിച്ചിട്ടുണ്ട്. കണ്ടെത്തിയിട്ടുള്ളതിനേക്കാളും വ്യാപകമായ രീതിയിലാണ് ഇന്ത്യയിലെ രോഗവ്യാപനമെന്നും ഐസിഎംആർ വ്യക്തമാക്കുന്നു.

രാജ്യത്ത് പലർക്കും നേരിയ ലക്ഷണങ്ങളുമായി രോഗം വന്നുപോയിട്ടുണ്ടാകാമെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

# ആഗോളവ്യാപനം അതീവഗുരുതരം; രോഗലക്ഷണമില്ലാത്ത വൈറസ് വ്യാപകം

**ജെനീവ:** കോവിഡിന്റെ ആഗോള വ്യാപനം കൂടുൽ ഗുരുതരമാകുന്നുവെന്ന് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്. അമേരിക്കൻ ഭൂഖണ്ഡങ്ങളിൽ രോഗവ്യാപനത്തിന്റെ തോത് വർധിക്കുകയാണെന്നും ലോകരോഗ്യ സംഘടന പറയുന്നു.

അമേരിക്കയിലുൾപ്പെടെ നടക്കുന്ന വർണവെറിക്കെതിരായ പ്രതിഷേധങ്ങളിൽ സുരക്ഷിത അകലവും മറ്റും പാലിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു. നിലവിൽ നാല് ലക്ഷത്തിന് മുകളിലാണ്.

കൂടുതൽ ആളുകളിലേക്ക് രോഗം പടരാനനുള്ള സാഹചര്യം ഒഴിവാക്കണം. കിഴക്കൻ ഏഷ്യ, യൂറോപ്പ് എന്നിവയ്ക്ക് ശേഷം അമേരിക്കൻ ഭുഖണ്ഡങ്ങളിലാണ് രോഗവ്യാപനം കൂടുതൽ. കഴിഞ്ഞ ഒമ്പത് ദിവസവും ഒരുലക്ഷം വീതം ആളുകൾക്ക് പുതിയതായി രോഗബാധയുണ്ടായി.


കഴിഞ്ഞ ഞായറാഴ്ച മാത്രം 1,36,000 പുതിയ കോവിഡ് രോഗികളുണ്ടായി. 72 ലക്ഷത്തോളം ആളുകൾക്കാണ് നിലവിൽ രോഗം ബാധിച്ചത്. രോഗവ്യാപനം തുടങ്ങിയിട്ട് ആറുമാസത്തിലേറെയായി. എന്നിരുന്നാലും ഒരുരാജ്യവും പ്രതിരോധ പ്രവർത്തനങ്ങളിൽ നിന്ന് പിന്നാക്കം പോകരുതെന്നും ലോകാരോഗ്യ സംഘടന ആവശ്യപ്പെട്ടു.

സെൻട്രൽ അമേരിക്കൻ രാജ്യങ്ങളിൽ രോഗവ്യാപനം കൂടുകയാണ്. ബ്രസീലാണ് രോഗത്തിന്റെ നിലവിലെ പ്രഭവ കേന്ദ്രങ്ങളിലൊന്ന്.

അതേസമയം പല രാജ്യങ്ങളിലും രോഗലക്ഷണമില്ലാത്ത വൈറസ് ബാധിതരെ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്ന് മറ്റുള്ളവരിലേക്ക് രോഗം പകർന്നതായി കണ്ടെത്താനായിട്ടില്ലെന്നും ലോകാരോഗ്യ സംഘടന പകർച്ചവ്യാധി വിദഗ്ദനായ വാൻ കോർകോവ് വ്യക്തമാക്കി. ഇവരിൽ നിന്ന് മറ്റുള്ളവരിലേക്ക് രോഗം പകരുന്നത് അപൂർവമായി മാത്രമാണെന്നും അദ്ദേഹം വ്യക്തമാക്കി.

# വുഹാനെ മറികടന്ന് മുംബൈ: കോവിഡ് രോഗികളുടെ എണ്ണം 51,100

**മുംബൈ:** കോവിഡ് രോഗികളുടെ എണ്ണത്തിൽ മുംബൈ ചൈനയിലെ വുഹാനെ മറികടന്നു. ചൊവ്വാഴ്ച മുംബൈയിലെ കോവിഡ് രോഗികളുടെ എണ്ണം 51,000 കവിഞ്ഞു. ഇത് കോവിഡ് 19 ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ട ചൈനയിലെ വുഹാനേക്കാൾ 700 എണ്ണം അധികമാണ്. വുഹാനിൽ സ്ഥിരീകരിച്ച കൊറോണ വൈറസ് കേസുകളുടെ എണ്ണം 50,333 ആണ്, ഇതിൽ 3,869 മരണങ്ങൾ ഉൾപ്പെടുന്നു. മുംബൈയിൽ ഇതുവരെ 51,100 പേർക്കാണ് കൊവിഡ് സ്ഥിരീകരിച്ചത്. ഇവിടെ 1,760 രോഗികൾ മരിച്ചു.



# ഈ വർഷം സ്കൂൾ സിലബസ് കുറയ്ക്കാൻ ആലോചന; പഠനസമയവും കുറച്ചേക്കും

**ന്യൂഡൽഹി:** കോവിഡ് പ്രതിസന്ധിയെ തുടർന്ന് ഈ അധ്യയന വർഷത്തിൽ സ്കൂൾ സിലബസും പ്രവൃത്തി സമയവും കുറയ്ക്കാൻ കേന്ദ്ര സർക്കാർ തീരുമാനം. ഇക്കാര്യത്തിൽ അധ്യാപകരോടും വിദ്യാഭ്യാസ വിദഗ്ധരോടും അഭിപ്രായം അറിയിക്കാൻ മാനവശേഷി മന്ത്രി രമേഷ് പൊഖ്റിയാൽ നിശാങ്ക് ആവശ്യപ്പെട്ടു. മന്ത്രിയുടെയോ, മന്ത്രാലയത്തിൻറെയോ ടിറ്റർ, ഫെയ്സ്ബുക്ക് പേജുകളിൽ അഭിപ്രായം അറിയിക്കാം. ജൂലൈ പകുതിവരെ സ്കൂൾ തുറക്കരുതെന്നാണ് നിർദേശം. ഓഗസ്റ്റിൽ തുറക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്. കോവിഡ് വ്യാപനത്തിൻറെ തോത് അനുസരിച്ച് സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാം.

സ്കൂൾ തുറക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടിക്രമങ്ങൾ അടുത്തയാഴ്ച്ച പുറത്തിറക്കും. കേന്ദ്ര മാനവശേഷി മന്ത്രാലയത്തിലെ സ്കൂൾ എജ്യൂക്കേഷൻ സെക്രട്ടറി അനിത കർവാൽ സംസ്ഥാന വിദ്യാഭ്യാസ സെക്രട്ടറിമാരുമായി കഴിഞ്ഞ ദിവസം ചർച്ച നടത്തിയിരുന്നു. അധ്യയന ദിനങ്ങൾ 220 ൽ നിന്ന് 100 ആയി വെട്ടിച്ചുരുക്കാനുള്ള നിർദേശം കേന്ദ്രസർക്കാരിൻറെ പരിഗണനയിലുണ്ട്.

## സെൻട്രൽ ലൈബ്രറിയിൽ തൽക്കാലം പുസ്തകങ്ങൾ നൽകില്ല

**തിരുവനന്തപുരം:** സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ പുസ്തകങ്ങൾ ഇഷ്യു ചെയ്യുന്നതല്ലെന്ന് ലൈബ്രറിയൻ അറിയിച്ചു. ലൈബ്രറിയുടെ പ്രവർത്തനം സമയം രാവിലെ പത്ത് മുതൽ വൈകിട്ട് അഞ്ചുവരെ ആയിരിക്കും. പുസ്തകങ്ങളുടെ പിഴസംഖ്യ ഈടാക്കുന്നത് താത്ക്കാലികമായി നിർത്തിവെച്ചു. കൂടുതൽ വിവരങ്ങൾക്ക് വേണ്ടി ഡ്യൂട്ടി ലൈബ്രേറിയന്മാരെ ബന്ധപ്പെടുക. ഫോൺ: 9446511208, 9446520430.

## മഴക്കാല ക്യാമ്പുകൾ തുറക്കാൻ തുക അനുവദിച്ചു

**തിരുവനന്തപുരം:** മഴക്കാല ക്യാമ്പുകൾ തുറക്കാനും മറ്റ് അടിയന്തര ആവശ്യങ്ങൾക്കുമായി വില്ലേജ് ഓഫീസർമാർക്ക് 20,000 രൂപ വീതം അനുവദിക്കാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവായി. ജനങ്ങൾ കൂടുതലായെത്തുന്ന ഓഫീസുകളിൽ ഇൻഫ്രാറെഡ് തെർമോമീറ്ററുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ലാന്റ് റവന്യൂ കമ്മിഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്

## ഓട്ടോറിക്ഷകൾ കുമാരപുരം ഓഫീസിൽ മുദ്ര പതിപ്പിക്കണം

**തിരുവനന്തപുരം:** ആക്കുളം ഓട്ടോറിക്ഷാ പുന:പരിശോധനാ ക്യാമ്പിൽ ഫെയർ മീറ്റർ മുദ്രപതിപ്പിച്ചിട്ടുള്ള ഓട്ടോറിക്ഷകൾ ഇനിമുതൽ കുമാരപുരത്തിന് സമീപത്തെ ഓഫീസിൽ മുദ്ര പതിപ്പിക്കണമെന്ന് ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ അറിയിച്ചു. 8281972013 എന്ന നമ്പരിൽ ബന്ധപ്പെട്ട് തീയതി വാങ്ങണം.

# വി.മുരളീധരൻറെ അവസ്ഥ 'ഹാ കഷ്ടം'; മന്ത്രി കടകംപള്ളി



**തിരുവനന്തപുരം:** ക്ഷേത്രങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻറെ പ്രസ്താവനയ്ക്കെതിരെ കടുത്ത ഭാഷയിൽ വിമർശനവുമായി ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. കാര്യങ്ങൾ മനസിലാക്കിയിട്ട് വേണം കേരളത്തിൻറെ മേൽ കുതിരകയറാൻ. കേന്ദ്രമന്ത്രിസഭാ യോഗത്തിൽ പങ്കെടുത്തില്ലെങ്കിൽ കാര്യങ്ങൾ ചോദിച്ചു മനസിലാക്കണം. ആരാധനാലയങ്ങൾ തുറക്കാൻ തീരുമാനിച്ചത് കേന്ദ്രസർക്കാരാണ്. കേന്ദ്രസർക്കാരിൻറെ തീരുമാനം സംസ്ഥാന സർക്കാർ ചാടിപ്പിടിച്ച് നടപ്പാക്കുകയായിരുന്നില്ല. ഇക്കാര്യത്തിൽ മതമേലാധ്യക്ഷൻമാരോടും ഹിന്ദു സംഘടനാ നേതാക്കളോടും ചർച്ച ചെയ്താണ് തീരുമാനം എടുത്തത്. മുരളീധരൻറെ അവസ്ഥ ഹാ കഷ്ടം എന്നല്ലാതെ പറയാനാവില്ല. ശബരിമലയിലേത് പോലെ ധ്രുവീകരണമാണ് ഈ വിഷയത്തിലും പ്രതിപക്ഷം ലക്ഷ്യമിടുന്നതെന്നും കടകംപള്ളി മാധ്യമപ്രവർത്തകരോട് പറഞ്ഞു. സംസ്ഥാനത്ത് ആരാധനാലയങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഇന്നലെയാണ് കേന്ദ്രസഹമന്ത്രി സംസ്ഥാനത്തെ കുറ്റപ്പെടുത്തി ഫെയ്സ്ബുക്കിൽ പോസ്റ്റിട്ടത്. ക്ഷേത്രങ്ങൾ തുറക്കാൻ വിശ്വാസികളോ അമ്പല കമ്മിറ്റികളോ ആവശ്യപ്പെട്ടിട്ടില്ല. വിശ്വാസികളെ താറടിക്കാനാണ് ശ്രമിക്കുന്നതെന്നായിരുന്നു വി.മുരളീധരൻ പോസ്റ്റിൽ പറഞ്ഞത്. ഇതിനെതിരെയാണ് കടകംപള്ളിയുടെ പ്രതികരണം.

## കടകംപള്ളി സുരേന്ദ്രൻ ആർത്തി ഭക്തരുടെ പേരിൽ അടിച്ചേൽപിക്കേണ്ട: കെ. സുരേന്ദ്രൻ



**തിരുവനന്തപുരം:** ആരാധനാലയങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനെതിരെ കടുത്ത വിമർശനവുമായി ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ. ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ തുറക്കാൻ തീരുമാനിച്ചത് കേന്ദ്രം പറഞ്ഞത് കൊണ്ടാണെന്ന് ദേവസ്വം ബോർഡ് പറയുന്നത്. കടകംപള്ളി സുരേന്ദ്രൻ ആർത്തി ഭക്തരുടെ പേരിൽ അടിച്ചേൽപിക്കേണ്ട. മുസ്ലീം, ക്രൈസ്തവ ദേവാലയങ്ങൾ അവർ തീരുമാനിക്കുമ്പോൾ ക്ഷേത്രങ്ങളുടെ കാര്യത്തിൽ മാത്രമെന്താണ് സർക്കാരിന് താൽപര്യം? ഭക്തരുടെ വികാരത്തിന് വിരുദ്ധമാണ് എപ്പോഴും കടകംപള്ളിയുടെ താത്പര്യമെന്നും സുരേന്ദ്രൻ പറഞ്ഞു.


വി മുരളീധരൻ എന്ത് ചെയ്യണം എന്ന് കടകംപള്ളി തീരുമാനിക്കണ്ട. കേന്ദ്രം പറയുന്നതെല്ലാം ഇവിടെ നടപ്പാക്കുന്നുണ്ടോ? സംസ്ഥാന സർക്കാരിന് ക്ഷേത്രങ്ങളോട് താത്പര്യമില്ല. നിത്യപൂജക്ക് ചെലവ് ചെയ്യാനില്ലാതെ ക്ഷേത്രങ്ങൾ ബുദ്ധിമുട്ടുകയാണ്. ഒരു രൂപ സർക്കാർ കൊടുത്തില്ല. അവിടുത്തെ ജീവനക്കാർ കഷ്ടപ്പെടുകയാണ്. ആരോടും ചോദിക്കാതെയാണ് സർക്കാർ തീരുമാനമെടുത്തത്. ക്ഷേത്രം തുറന്നത് കൂടിയാലോചനയില്ലാതെയാണ്. ജനങ്ങളുടെ ആഗ്രഹത്തിന് വിരുദ്ധമാണ് സർക്കാർ തീരുമാനം. ബീവറേജസിന് മുന്നിൽ ആയിരങ്ങൾ കൂടുന്നു. കൊവിഡ് ടെസ്റ്റ് ദേശീയ ശരാശരിയിലും എത്രയോ താഴെയാണിവിടെ. ഉറവിടം കണ്ടെത്താത്ത നിരവധി കേസുകൾ കേരളത്തിലുണ്ട്. മറ്റ് താൽപര്യങ്ങളെ മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്.

ഈ മാസം മുപ്പതുവരെയെങ്കിലും ക്ഷേത്രങ്ങൾ കേരളത്തിൽ തുറക്കരുത് എന്നാണ് ബി.ജെ.പിയുടെ നിലപാട്. മുഖ്യമന്ത്രി വാർത്താസമ്മേളനം നിർത്തിയെന്ന് തോന്നുന്നുവെന്നും കെ.സുരേന്ദ്രൻ പരിഹസിച്ചു. കേരളത്തിൽ ടെസ്റ്റുകൾ കുറവാണ്. വളരെ ക്കുറച്ച് ടെസ്റ്റുകൾ മാത്രമാണ് ഇവിടെ ചെയ്യുന്നത്. കേസുകൾ കുറച്ച് മാത്രം ചെയ്ത് കുറവു കേസുകൾ മാത്രമേ ഉള്ളൂ എന്ന് പ്രചരിപ്പിക്കാനുള്ള തന്ത്രമാണെന്ന് സംശയിക്കുന്നുവെന്നും ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പറഞ്ഞു.

## മണ്ണന്തല - പൗഡിക്കോണം - ശ്രീകാര്യം റോഡ് സ്ഥലം ഏറ്റെടുക്കൽ തുടങ്ങി

**തിരുവനന്തപുരം:** നഗരത്തിൽനിന്ന് ടെക്നോപാർക്കിലേക്കുള്ള പ്രധാന റോഡുകളിൽ ഒന്നായ മണ്ണന്തല - പൗഡിക്കോണം - ശ്രീകാര്യം റോഡ് ഒന്നാംഘട്ട നവീകരണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ ആരംഭിച്ചു. സ്ഥലം ഏറ്റെടുത്തുള്ള ആദ്യ അതിർത്തിക്കല്ല് മന്ത്രി കടകംപള്ളി സുരേന്ദ്രൻ സ്ഥാപിച്ചു. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പ്രധാന റോഡുകളിൽ ഒന്നാണിത്. പ്രദേശത്തെ ജനങ്ങളുടെ അഭിപ്രായംകൂടി കണക്കിലെടുത്താണ് റോഡുകൾക്ക് 14 മീറ്റർ വീതി നിശ്ചയിച്ചതെന്ന് മന്ത്രി പറഞ്ഞു. ബസ് വേകളും ജങ്ഷൻ വികസനവും ഉൾപ്പെടെയുള്ള സമഗ്ര നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശ്രീകാര്യത്തുനിന്ന് ആരംഭിച്ച് പൗഡിക്കോണം വഴി മണ്ണന്തല വരെയുള്ള ഏഴ് കിലോമീറ്റർ വരുന്ന ഭാഗമാണ് രണ്ട് ഘട്ടത്തിലായി നവീകരിക്കുന്നത്. ആദ്യ ഘട്ടത്തിൽ മണ്ണന്തല, കേരളാദിത്യപുരം, പൗഡിക്കോണം ജങ്ഷൻ റോഡ് വികസനവും രണ്ടാമത്തെ ഘട്ടത്തിൽ സൊസൈറ്റി ജങ്ഷൻമുതൽ ശ്രീകാര്യംവരെയുള്ള റോഡ് നവീകരണവുമാണ്. ഇരു ഘട്ടങ്ങളിലായി ആകെ 8.42 കോടിയുടെ ഡിപിആറാണ് സമർപ്പിച്ചത്.

## ക്ഷേത്രങ്ങൾ തുറക്കരുതെന്ന നിലപാട് കാപട്യമെന്ന് എം. എസ്. ഭുവന ചന്ദ്രൻ



**തിരുവനന്തപുരം :** കേരളത്തിൽ ക്ഷേത്രങ്ങൾ തുറക്കരുതെന്ന ക്ഷേത്ര സംരക്ഷണ സമിതിയുടെയും, VHP പോലുള്ള മറ്റ് ചില സംഘടനകളുടെയും നിലപാട് കാപട്യമെന്ന് ശിവസേന സംസ്ഥാന അധ്യക്ഷൻ എം. എസ് ഭുവന ചന്ദ്രൻ പറഞ്ഞു. ശിവസേന സംസ്ഥാന എക്സിക്യൂട്ടീവ് യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര സർക്കാർ രാജ്യത്തുടനീളം ക്ഷേത്രങ്ങൾ തുറന്ന് ആരാധനാ സ്വാതന്ത്ര്യം അനുവദിക്കാം എന്ന് പ്രഖ്യാപിച്ചപ്പോൾ മൗനം പാലിക്കുകയും കേരള സർക്കാർ അനുമതി നൽകിയപ്പോൾ മാത്രം പ്രതികരണവുമായി രംഗത്ത് വന്ന നിലപാട് ദുരൂഹത ഉണർത്തുന്നതാണ്.

കേരളത്തേക്കാൾ കൊവിഡ് 19 വ്യാപനം കൂടുതലുള്ള കർണ്ണാടക - ഗുജറാത്ത് - UP പോലുള്ള പല സംസ്ഥാനങ്ങളിലും VHP, ക്ഷേത്ര സംരക്ഷണ സമിതി പോലുള്ള സംഘപരിവാർ സംഘടനകളുടെ കീഴിലുള്ള നിരവധി ക്ഷേത്രങ്ങൾ വിശ്വാസികൾക്ക് ആരാധന നടത്താൻ തുറന്ന് നൽകിയിട്ടുണ്ട്.

കള്ള് ഷാപ്പുകളിലും, ഹോട്ടലുകളിലും ഭക്ഷണം പാകം ചെയ്ത് നൽകാൻ അനുമതി നൽകുകയും, മാമോദീസ പോലുള്ള ചടങ്ങുകൾക്ക് അനുമതി നൽകുകയും ചെയ്ത കേരള സർക്കാർ ക്ഷേത്രങ്ങളിൽ നിവേദ്യങ്ങളും, തീർത്ഥവും, ചന്ദനവും നൽകാൻ അനുമതി നൽകാത്തത് ഇരട്ട നീതിയാണെന്നും നിത്യ പൂജയ്ക്ക് ബുദ്ധിമുട്ടനുഭവിക്കുന്ന ചെറു ക്ഷേത്രങ്ങൾക്ക് സഹായങ്ങൾ ചെയ്ത് നൽകാൻ മുഴുവൻ ശിവസേന പ്രവർത്തകർക്കും നിർദ്ദേശം നൽകിയതായും എം എസ് ഭുവന ചന്ദ്രൻ പറഞ്ഞു.



## സദ്ഗമായ സാംസ്കാരിക വേദിയുടെ 'പാഠം 1 കൃഷി' പദ്ധതി

**നെയ്യാറ്റിൻകര:** വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സദ്ഗമായ സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ ആരംഭിച്ച 'പാഠം 1 കൃഷി' എന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമായി. നെയ്യാറ്റിൻകര പുന്നയ്ക്കാട് വാർഡിൽ വർഷങ്ങളായി കൃഷിയില്ലാതെ കിടന്ന തരിശുഭൂമിയാണ് കൃഷിനിലമാക്കി പദ്ധതിയുടെ ഭാഗമാക്കിയത്.

പദ്ധതിയുടെ ഉദ്ഘാടനം പ്രമുഖ സംവിധായകൻ ആർ എസ് വിമൽ നിർവഹിച്ചു. സദ്ഗമയാ പ്രസിഡന്റ് അഡ്വ.സി.ആർ പ്രാണകുമാർ, പ്രശസ്ഥ തിരക്കഥാകൃത്ത് കൃഷ്ണാ പൂജപ്പുര, മാമ്പഴക്കര രാജശേഖരൻ നായർ, മുൻസിപ്പൽ കൗൺസിലർ പുന്നയ്ക്കാട് സജു, അഡ്വ വി .പി വിഷ്ണു, ഊരുട്ടുകാല സുരേഷ്, സി ആർ ആത്മകുമാർ, സുനിൽകുമാർ,ഷിബു തത്തിയൂർ, സച്ചിൻ മര്യാപുരം, സബീർ, കുളത്തൂർ രാധാകൃഷ്ണൻ, അമൽ ആറയൂർ, അഖിൽ, സമ്പത്, വിനായക് തുടങ്ങിയവർ പങ്കെടുത്തു.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം

**തിരുവനന്തപുരം:** സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെ കെൽട്രോൺ നടത്തുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ എസ്.എസ്.എൽ.സി/പ്ലസ്ടു/ ഡിഗ്രി/ഡിപ്ലോമ/ബി.ടെക് കഴിഞ്ഞ പട്ടികജാതി വിദ്യാർഥികൾക്ക് സൗജന്യ പരിശീലനത്തിന് അപേക്ഷിക്കാം. റെസിഡൻഷ്യൽ വിഭാഗത്തിലും നോൺ റെസിഡൻഷ്യൽ വിഭാഗത്തിലുമാണ് കോഴ്സുകൾ. അപേക്ഷകൾ തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലുള്ള കെൽട്രോൺ നോളഡ്ജ് സെന്ററിൽ ജൂൺ 25നകം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 7356789991/04712337450

## അതിഥി തൊഴിലാളികൾക്ക് അരി നൽകി



*കിളിമാനൂരിൽ റേഷൻകടയിൽ നിന്നും അതിഥി തൊഴിലാളികൾക്ക് സൗജന്യ അരി വിതരണം ചെയ്തപ്പോൾ*



## ട്രോളിങ് നിരോധനം; ക്രമീകരണങ്ങൾ അവലോകനം ചെയ്തു

**കൊല്ലം:** ട്രോളിങ് നിരോധനം ഏർപ്പെടുത്തുന്നതിന് മുന്നോടിയായി ജില്ലയിൽ നടപ്പിലാക്കേണ്ട ക്രമീകരണങ്ങൾ മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മയുടെ അധ്യക്ഷതയിൽ കലക്ട്രേറ്റിൽ കൂടിയ യോഗം അവലോകനം ചെയ്തു. ഹാർബറിൽ അനാവശ്യമായി കാണപ്പെടുന്ന കൂടാരങ്ങൾ മാറ്റണമെന്നും പഴകിയ മത്സ്യബന്ധന വലകൾ അടിയന്തരമായി നീക്കംചെയ്യണമെന്നും മന്ത്രി നിർദേശിച്ചു. നിലവിൽ ഉപയോഗിക്കുന്ന വലകൾ സൂക്ഷിക്കുന്നതിന് ലോക്കർ റൂമുകൾ തുറന്നു കൊടുക്കണം. അഗ്നി സുരക്ഷാ സേനയുടെ സഹായത്തോടെ ഹാർബർ അണുമുക്തമാക്കണം. ലാൻഡിങ് സെന്ററുകളിൽ ഫിഷറീസിന്റെ മേൽനോട്ടത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. രാവിലെ ഒൻപത് മുതൽ വൈകുന്നേരം നാലുവരെ തദ്ദേശീയരായവരുടെ വലിയ വള്ളങ്ങളും വൈകിട്ട് അഞ്ചു മുതൽ രാവിലെ 8.30 വരെ ചെറിയ വള്ളങ്ങളും അടുക്കാം. അഞ്ചു കേന്ദ്രങ്ങൾ ഉള്ളതിൽ ഒരു കേന്ദ്രത്തിൽ രണ്ട് സ്ഥലത്ത് വീതം വള്ളങ്ങൾ അടുപ്പിക്കാൻ നടപടി വേണം. സ്ലിപ്പ് എടുക്കുന്ന സ്ഥലങ്ങളിൽ സാനിറ്റൈസർ, തെർമൽ സ്കാനർ എന്നിവ ഒരുക്കണമെന്ന് മന്ത്രി നിർദേശം നൽകി.

ഹാർബറിൽ അനാവശ്യമായി തങ്ങുന്നവർക്കെതിരെയും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയും കർശന നടപടി എടുക്കുമെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു. എ ഡി എം പി.ആർ. ഗോപാലകൃഷ്ണൻ, സിറ്റി പോലീസ് കമ്മീഷണർ ടി നാരായണൻ, ഡി എം ഒ ഡോ. ആർ ശ്രീലത, സ്പെഷ്യൽ ഡെപ്യൂട്ടി കലക്ടർ ആർ സുമീതൻപിള്ള, ഹാർബർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ലോട്ടസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ സുഹൈർ തുടങ്ങിയവർ പങ്കെടുത്തു.

## ടെണ്ടർ ക്ഷണിച്ചു

**കൊല്ലം:** വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ 14 ബ്ലോക്ക് ഡിവിഷനുകളുടെ കീഴിൽ പ്രവർത്തിക്കുന്ന വയോജന ക്ലബ്ബുകൾക്ക് ആവശ്യമായ പ്ലാസ്റ്റിക് കസേരകൾ ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ജൂൺ 16 ന് ഉച്ചകഴിഞ്ഞ് രണ്ടുവരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ ഓഫീസിലും 04742404299 നമ്പരിലും ലഭിക്കും.

# കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ സി ടി സ്കാൻ യൂണിറ്റ് ആരംഭിച്ചു



*സി ടി സ്കാൻ യൂണിറ്റിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിങ്ങിലൂടെ ആരോഗ്യ വകുപ്പ് മന്ത്രി കെ കെ ശൈലജ നിർവഹിക്കുന്നു*



*സിടി സ്കാൻ യൂണിറ്റിന് സമീപം കൊടിക്കുന്നിൽ സുരേഷ് എം പിയും, പി അയിഷാ പോറ്റി എം എൽ എയും*

**കൊട്ടാരക്കര:** താലൂക്ക് ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച സി ടി സ്കാൻ യൂണിറ്റിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിങ്ങിലൂടെ ആരോഗ്യ വകുപ്പ് മന്ത്രി കെ കെ ശൈലജ നിർവഹിച്ചു. താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി 91 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

മികവുറ്റ പൊതുജനാരോഗ്യ സംവിധാനമുള്ളതിനാലാണ് കോവിഡ് 19 നെ ഒരു പരിധിവരെ പ്രതിരോധിക്കാൻ സംസ്ഥാനത്തിന് സാധിച്ചത്. ലോകരാജ്യങ്ങൾ പോലും കേരളത്തിന്റെ കോവിഡ് പ്രതിരോധത്തെ നോക്കിക്കാണുകയും കേരളത്തിന്റെ മാതൃക സ്വീകരിക്കുകയുമുണ്ടായി. ആരോഗ്യ മേഖലയിലെ ചിട്ടയായ പ്രവർത്തനവും കൂട്ടായ പരിശ്രമവും കൊണ്ടാണ് ഈ നേട്ടം സാധ്യമായത്. കൃത്യമായ ജാഗ്രത, നിരീക്ഷണ സംവിധാനം, പരിശോധന, ചികിത്സ എന്നിവയിലെ മികവുകൊണ്ടാണ് സംസ്ഥാനം സമൂഹ വ്യാപന ഘട്ടത്തിലേക്ക് കടക്കാതിരുന്നത്. കോവിഡ് രോഗികൾക്ക് പ്രത്യേക ചികിത്സ നൽകുമ്പോൾ മറ്റു രോഗവുമായി എത്തുന്നവർക്ക് ചികിത്സ കിട്ടാത്ത സാഹചര്യമുണ്ടാകരുതെന്നും മന്ത്രി കൂട്ടി ചേർത്തു. ചടങ്ങിൽ പി അയിഷാ പോറ്റി എം എൽ എ അധ്യക്ഷയായി. കൊടിക്കുന്നിൽ സുരേഷ് എം പി വിശിഷ്ടാതിഥിയായി.

ആശുപത്രി സൂപ്രണ്ട് ഡോ കെ ആർ സുനിൽകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. കൊട്ടാരക്കര നഗരസഭ ചെയർപേഴ്സൺ ബി ശ്യാമള അമ്മ, വൈസ് ചെയർമാൻ ഡി രാമകൃഷ്ണപിള്ള, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എസ് ഷംല, കൗൺസിലർമാരായ സി മുകേഷ്, എസ് ആർ രമേശ്, ആശുപത്രി ജീവനക്കാർ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## തടയണ പൊളിച്ചില്ലെങ്കിൽ ജനകീയ സമരം: അഡ്വ:ബിന്ദുകൃഷ്ണ

**കരുനാഗപ്പള്ളി:** നാനൂറോളം കുടുംബങ്ങളുടെ ജീവിതത്തിന് ഭീഷണിയായി പള്ളിക്കൽ ആറിന്റെ കുറുകെ നിർമ്മിച്ച തടയണ പൊളിച്ചുമാറ്റിയില്ലേൽ ശക്തമായ ജനകീയ സമരത്തിന് തുടക്കം കുറിക്കുന്നമെന്ന് ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് അഡ്വക്കേറ്റ് ബിന്ദു കൃഷ്ണ. തടയണ പൊളിച്ചു മാറ്റണമെന്നാവശ്യപ്പെട്ട് യുഡിഎഫ് നിയോജകമണ്ഡലം കമ്മിറ്റി ചെയർമാൻ തൊടിയൂർ രാമചന്ദ്രൻ തൊടിയുരിൽ നടത്തിയ ഏകദിന ഉപവാസ സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. വെള്ളപ്പൊക്കം തടയുന്നതിനായി നിർമ്മിച്ച തടയണം അശാസ്ത്രീയമായതിനാൽ ഗുണത്തേക്കാളേറെ ദോഷമായി തീർന്നിരിക്കുകളയാണെന്നും. തടയണ പൊളിച്ചു മാറ്റണമെന്ന ജനകീയ ആവശ്യത്തിന് പരിഹാരം കാണാൻ കഴിയാത്തത് കരുനാഗപ്പള്ളി എംഎൽഎ ആർ രാമചന്ദ്രന്റെ പിടിപ്പുകേടാണെന്നും ബിന്ദുകൃഷ്ണ അഭിപ്രായപ്പെട്ടു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് എൻ അജയകുമാർ അധ്യക്ഷത വഹിച്ചു കെ.പി.സി.സി ജനറൽ സെക്രട്ടറിമാരായ സി .ആർ മഹേഷ്, പഴകുളം മധു, കെ ജി രവി, ചിറ്റുമൂല നാസർ ആർ രാജശേഖരൻ, മുനമ്പത്ത് വഹാബ്, റ്റി തങ്കച്ചൻ, കെ രാജശേഖരൻ, ലീലാകൃഷ്ണൻ, കെ കെ സുനിൽകുമാർ, നീലികുളം സദാനന്ദൻ, എൽ കെ ശ്രീദേവി എം എ സലാം, സത്താർ, കെ .എസ് .പുരം സുധീർ തൊടിയൂർ താഹ എന്നിവർ സംസാരിച്ചു.വൈകിട്ട് നടന്ന സമാപന സമ്മേളനം യുഡിഎഫ് ജില്ലാ ചെയർമാൻ കെ.സി രാജൻ ഉദ്ഘാടനം ചെയ്തു. എം എസ് ഷൗക്കത്ത് അധ്യക്ഷത വഹിച്ചു



## കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കണം എസ്.ഇ.യു

**കരുനാഗപ്പള്ളി:** സർക്കാർ ജീവനക്കാർക്ക് ഓഫീസുകളിൽ ഹാജരാകുന്നതിന് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കണമെന്ന് എസ്.ഇ.യു ജില്ലാ കമ്മിറ്റി. സ്വന്തം ജില്ലകളിൽ നിന്നും അയൽ ജില്ലകളിൽ നിന്നും ഓഫീസുകളിൽ പോകുന്നതിന് മണിക്കൂറുകളോളം ബസ് കാത്തു നിൽക്കേണ്ടിവരുന്ന അവസ്ഥക്ക് മാറ്റമുണ്ടാകണമെന്ന് ജില്ലാ കമ്മിറ്റി അഭ്യർത്ഥിച്ചു.

ഗർഭിണികളായ വനിതാജീവനക്കാരെ കോവിഡ് 19 ഭീഷണി മാറുന്നതുവരെ അവരുടെ ഭവനങ്ങളിൽ ഇരുന്ന് ഓൺലൈൻ വഴി ജോലി ചെയ്യാൻ അനുവദിക്കണമെന്നും കോവിഡ് 19 ന്റെ പേരിൽ ശമ്പള പരിഷ്ക്കരണ നടപടികൾ വൈകിപ്പിക്കാതെ ത്വരിതപ്പെടുത്തി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മുൻകാല പ്രാബല്യത്തോടെ നടപ്പാക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് എ.ഹിഷാം അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി റിസ യോഗം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ഫിറോസ്ഖാൻ, ട്രഷറർ ഷൈൻകുമാർ സീനിയർ വൈസ്പ്രസിഡന്റ് ഇയാസ്, ജില്ലാ സെക്രട്ടറിയേറ്റംഗം ജീവൻ എന്നിവർ സംസാരിച്ചു.

## സാനിറ്റൈസർ, മാസ്ക്, ഭാഗ്യക്കൂപ്പൺ വിതരണം

**കൊല്ലം:** ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്കായുള്ള സാനിറ്റൈസർ, മാസ്ക്, ഭാഗ്യക്കൂപ്പൺ എന്നിവ കൈപ്പറ്റാത്ത ജില്ലയിലെ അംഗങ്ങൾക്ക് ജൂൺ 10, 11, 15, 16 തീയതികളിൽ ജവഹർ ബാലഭവനിൽ വിതരണം ചെയ്യുമെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ അറിയിച്ചു.

## മകന്റെ പിറന്നാൾ ദിനത്തിൽ നന്മയുമായി ദമ്പതികൾ

**കരുനാഗപ്പള്ളി:** മകന്റെ ആദ്യ പിറന്നാൾ ദിനത്തിൽ നിർധനരും, നിരാലംബരുമായ എച്ച്.ഐ.വി അണുബാധിത കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വീട്ടിൽ എത്തിച്ച് നൽകി ദമ്പതികൾ മാതൃകയായി. തൊടിയൂർ പുലിയൂർ വഞ്ചി കളത്തൂർ പടീറ്റതിൽ ആഷീം, ഷമി ദമ്പതികളുടെ ഇളയ മകൻ അയ്സിന്റെ ജന്മദിനമാണ് നൻമയുടെ വേറിട്ട വഴികളിലൂടെ കൈത്താങ്ങായത്. ഈ കുടുംബം ഇപ്പോൾ ഖത്തറിലാണ്. കഴിഞ്ഞ പതിനാല് വർഷമായി ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന എയിഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി സഹകരിച്ച് എച്ച്.ഐ.വി ബോധവൽക്കരണ രംഗത്ത് പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി നാട്ടരങ്ങ് ചാരിറ്റബിൾ കൾച്ചറൽ ഫോറം നടപ്പിലാക്കി വരുന്ന 'അവരും മനുഷ്യരാണ്' എന്ന കാമ്പയിന്റെ ഭാഗമായാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത്. ഭക്ഷ്യധാന്യങ്ങളുമായി പുറപ്പെട്ട നൻമ വണ്ടി പ്രമുഖ ജീവകാരുണ്യ പ്രവർത്തകനായ ഷാജഹാൻ രാജധാനി ഫ്ളാഗ് ഓഫ് ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അംഗം സീനാ നവാസ്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബിന്ദു രാമചന്ദ്രൻ, ഗംഗകുമാർ, അധ്യാപക അവാർഡ് ജേതാവ് രാജു മുല്ലത്താനത്ത്, ടൗൺ മസ്ജിദ് ഇമാം ഷാഹിദ് മൗലവി, ശിവകുമാർ കരുനാഗപ്പള്ളി, നാട്ടരങ്ങ് സെക്രട്ടറി ബിജു മുഹമ്മദ്, കോ ഓർഡിനേറ്റർ ഓമനക്കുട്ടൻ, മാഗ്ന ആഷിമിന്റെ മാതാപിതാക്കളായ ഇബ്രാഹിം കുട്ടി, ഖുറൈഷ എന്നിവർ പങ്കെടുത്തു.



*നൻമ വണ്ടി ജീവകാരുണ്യ പ്രവർത്തകൻ ഷാജഹാൻ രാജധാനി ഫ്ളാഗ് ഓഫ് ചെയ്യുന്നു*

## ഓൺലൈൻ പഠനത്തിനായി 15 ടിവികൾ നൽകി




**കൊല്ലം:** ജില്ലയിൽ ഓൺലൈൻ പഠനത്തിന് ടി വി യും സ്മാർട്ട് ഫോണുകളും ഇല്ലാത്തവരെ സഹായിക്കുന്നതിന്റെ ഭാഗമായി ഇന്നലെ 15 ടി വി കൾ ജില്ലാ കലക്ടർ ബി അബ്ദുൾ നാസറിന് കൈമാറി. കാഞ്ഞാവെളി പലകശ്ശേരിയിലെ ശശി പ്രഭമാണിക്യ റാവു ആണ് ടി വി നൽകാൻ സഹായിച്ചത്. നിലവിൽ അവർ അന്ധ്ര സ്വദേശിയാണ്. തെന്മല ഉറുകുന്ന്, പിറവന്തൂർ വെള്ളംതെറ്റി ആദിവാസി കോളനികളിലെ വിദ്യാർഥികൾക്ക് നൽകുന്നതിനായി രണ്ട് ടി വി കൾ ജില്ലാ കലക്ടർ ട്രൈബൽ വെൽഫെയർ ഓഫീസർക്ക് കൈമാറി. 13 ടി വി കൾ ജില്ലയിലെ വിവിധ വിജ്ഞാൻ വാടികളിലേക്ക് കൈമാറുമെന്നും കലക്ടർ അറിയിച്ചു.

## കൊവിഡ്-19 ധനസഹായം

**പത്തനംതിട്ട:** ജില്ലാ കെട്ടിട നിർമാണ തൊഴിലാളി ക്ഷേമബോർഡിന്റെ പരിധിയിൽ കൊവിഡ്-19 പ്രത്യേക ധനസഹായം ലഭിക്കാത്ത തൊഴിലാളികൾക്ക് ഓഫീസിൽ നേരിട്ട് അപേക്ഷ നൽകാമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഐഡി ബുക്ക്, അംശദായം അടയ്ക്കുന്ന പാസ്ബുക്ക്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

## ഗ്രാന്റ് ഇൻ എയ്ഡ്

**പത്തനംതിട്ട:** സംസ്ഥാനത്തെ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് കെയർ ഹോം ഫോർ മെന്റലി ഇൻ ഇൻസ്റ്റിറ്റിയൂഷൻസിന് 2020-21 വർഷത്തെ ഗ്രാന്റ് ഇൻ എയ്ഡിന് അപേക്ഷിക്കാം. അപേക്ഷ ജൂൺ 15 വരെ സ്വീകരിക്കും. കൂടുതൽ വിവരം സാമൂഹ്യനീതി വകുപ്പ് വെബ്സൈറ്റിലും ജില്ലാ സാമൂഹ്യനീതി ഓഫീസിലും ലഭിക്കും. ഫോൺ: 0468 2325168.

## വോട്ടർ പട്ടിക: രേഖകൾ ഹാജരാക്കണം

**പത്തനംതിട്ട:** 2020 പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കൊടുമൺ ഗ്രാമപഞ്ചായത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് മാർച്ച് 16ന് മുമ്പ് അപേക്ഷിച്ചവരിൽ ഫോട്ടോ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ ഹാജരാക്കാത്തവർ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഈ മാസം 11നകം പഞ്ചായത്തിൽ രേഖകൾ നൽകണമെന്ന് സെക്രട്ടറി അറിയിച്ചു.

## കെട്ടിട നികുതി

**പത്തനംതിട്ട:**വടശേരിക്കര ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതി കുടിശികയും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസും പുതുക്കുന്നതിന് പിഴ കൂടാതെ ഫീസ് ഒടുക്കുന്നതിനുള്ള തീയതി ഈ മാസം 30 വരെ ദീർഘിപ്പിച്ചു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശിക ഒടുക്കുന്നതിനുള്ള സമയപരിധി ജൂലൈ അഞ്ച് വരെയും നീട്ടി.

# മത്സ്യോല്പാദനം ഇരട്ടിയാക്കൽ ലക്ഷ്യമിട്ട് ജനകീയ മത്സ്യകൃഷി പദ്ധതികൾ

**പത്തനംതിട്ട:** അനുയോജ്യമായ എല്ലാ ജലാശയങ്ങളിലും ശാസ്ത്രീയമായി മത്സ്യകൃഷി രീതികൾ നടപ്പിലാക്കിക്കൊണ്ട് നിലവിലുള്ള മത്സ്യോല്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നു. ഈ വർഷം പത്തനംതിട്ട ജില്ലയിൽ നടപ്പാക്കുന്നതിനു ഏഴ് വ്യത്യസ്ത ഘടകപദ്ധതികളാണ് ജനകീയ മത്സ്യകൃഷിയിൽ ഉൾപെടുത്തിയിരിക്കുന്നത്.

അർദ്ധ ഊർജ്ജിത കാർപ് മത്സ്യകൃഷി:- കുറഞ്ഞത് 10 സെന്റ് വിസ്തൃതിയുള്ള ജലാശയം ഈ പദ്ധതിയിൽ ഉൾപെടുത്താം. കട്‌ല, രോഹു, മൃഗാൽ എന്നീ കാർപ് മത്സ്യ ഇനങ്ങളുടെ സമ്മിശ്രകൃഷി രീതിക്ക് സെന്റിന് 2,000 രൂപ യൂണിറ്റ് കോസ്റ്റും 40 ശതമാനം സബ്സിഡിയും ഉണ്ട്.

നൈൽ തിലാപ്പിയ മത്സ്യകൃഷി:- 50 സെന്റിനു മുകളിൽ വിസ്തൃതിയുള്ള ജൈവസുരക്ഷ ഉറപ്പാക്കിയതും വെള്ളപ്പൊക്ക സാധ്യത ഇല്ലാത്തതുമായ ജലാശയങ്ങളിൽ ഈ പദ്ധതി നടപ്പാക്കാം. ഗിഫ്റ്റ്, ചിത്രലാഡ, ബിഗ് നിൻ, തുടങ്ങിയ ഇനങ്ങളിലുള്ള തിലാപ്പിയ മത്സ്യങ്ങളെയാണ് ഈ പദ്ധതിയിലൂടെ കൃഷി ചെയ്യുന്നത്. സെന്റിന് 5,400 രൂപ യൂണിറ്റ് കോസ്റ്റും 40 ശതമാനം സബ്സിഡിയും ഉണ്ട്.

നാടൻ മത്സ്യകൃഷി :-വരാൽ, കാരി, മുശി, കല്ലട എന്നീ നാടൻ മത്സ്യങ്ങളുടെ കൃഷിയ്ക്കായി കുറഞ്ഞത് 25 സെന്റ് വിസ്തൃതിയുള്ള ജലാശയങ്ങൾ തെരഞ്ഞെടുക്കാം. സെന്റിന് 5,400 രൂപ യൂണിറ്റ് കോസ്റ്റും 40 ശതമാനം സബ്സിഡിയും നിശ്ചയിച്ചിരിക്കുന്നു.

റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം :- 40 ക്യുബിക് മീറ്റർ വ്യാപ്തിയുള്ള ടാങ്കും ആനുപാതികമായ അളവിലുള്ള ഗ്രോബെഡുമുള്ള റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം യൂണിറ്റിൽ തിലാപ്പിയ, കാരി, മുശി, അനാബസ് എന്നിവയിൽ എതെങ്കിലും മത്സ്യത്തെയും പച്ചക്കറികളും കൃഷി ചെയ്യാം. ഒരു യൂണിറ്റിന്റെ ചെലവ് 5 ലക്ഷം രൂപയും 40 ശതമാനം സബ്സിഡിയും ആയി നിശ്ചയിച്ചിരിക്കുന്നു.

ബയോ-ഫ്ളോക് യൂണിറ്റിലെ നൈൽ തിലാപ്പിയ മത്സ്യകൃഷി :- നൂതന മത്സ്യകൃഷി രീതിയായ ബയോ-ഫ്ളോക് യൂണിറ്റിൽ തിലാപ്പിയ മത്സ്യകൃഷിക്ക് 4.5 ലക്ഷം രൂപയും 40 ശതമാനം സബ്സിഡിയും നിശ്ചയിച്ചിരിക്കുന്നു. 40 ക്യുബിക് മീറ്റർ ആകെ വ്യാപ്തിയുള്ള ടാങ്ക് അടങ്ങുന്നതാണ് ഒരു യൂണിറ്റ്.

കരിമീൻ വിത്തുല്പാദന യൂണിറ്റ് :- മത്സ്യകൃഷിക്കായി കരിമീൻ വിത്തിന്റെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള ലഭ്യത ഇല്ലാത്ത സാഹചര്യത്തിൽ കരിമീൻ വിത്തുല്പാദനത്തിനായി യൂണിറ്റ് സ്ഥാപിച്ച് വിത്തുല്പാദനം വർദ്ധിപ്പിച്ച് കരിമീൻ കൃഷി വ്യാപിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായുള്ള പദ്ധതിയാണിത്. 5 സെന്റും 10 സെന്റും വീതം വിസ്തൃതിയുള്ള രണ്ട് മൺകുളങ്ങളും എഫ്.ആർ.പി. ടാങ്കുകളും ഉപയോഗിച്ചുകൊണ്ട് കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വില്പന നടത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 2.5 ലക്ഷം രൂപയും 40% സബ്സിഡിയും നിശ്ചയിച്ചിരിക്കുന്നു.

ഒരു നെല്ലും ഒരു മീനും:- അനുയോജ്യമായ പാടശേഖരങ്ങളിൽ നെൽകൃഷിക്കു ശേഷം മത്സ്യകൃഷി കൂടി ചെയ്യുന്നതു വഴി പാടശേഖരങ്ങളെ വർഷം മുഴുവൻ ഉപയോഗിക്കുവാനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കും. ഹെക്ടറിനു 20,000 രൂപ യൂണിറ്റ് കോസ്റ്റും 40 ശതമാനം സബ്സിഡിയും നിശ്ചയിച്ചിരിക്കുന്നു.

സുഭിക്ഷ കേരളം പദ്ധതികൾ :-കോവിഡാനന്തര കാലത്ത് ഉണ്ടായേക്കാവുന്ന ഭക്ഷ്യ ക്ഷാമത്തെ മുന്നിൽ കണ്ടുകൊണ്ട് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫിഷറീസ് വകുപ്പും സംയുക്തമായി മത്സ്യകൃഷി മേഖലയിൽ നടപ്പാക്കുന്നതിനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. താരതമ്യേന എളുപ്പം സ്ഥാപിക്കാവുന്നതും, വർഷം മുഴുവൻ ജലലഭ്യത ഇല്ലാത്ത ഇടങ്ങളിലും സാധ്യമാകുന്നതുമായ മത്സ്യകൃഷി രീതികളാണിവ. പദ്ധതികൾക്ക് 40 ശതമാനം സബ്സിഡി നിശ്ചയിച്ചിരിക്കുന്നു. സബ്സിഡി തുകയുടെ മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പും മൂന്നിൽ രണ്ട് ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്നതായിരിക്കും.

വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യകൃഷി :- രണ്ടു സെന്റ് വിസ്തൃതിയുള്ള പടുതാക്കുളങ്ങൾ നിർമിച്ച് ആസാം വാള മത്സ്യകൃഷി നടത്താം. ഒരു യൂണിറ്റിന്റെ ഒറ്റത്തവണ കൃഷിയ്ക്കായി പരമാവധി 1.23 ലക്ഷം രൂപയും 40 ശതമാനം സബ്സിഡിയും നിശ്ചയിച്ചിരിക്കുന്നു. ജലലഭ്യതയുള്ള പ്രദേശങ്ങളിൽ പടുത ഉപയോഗിക്കാതെയും മത്സ്യകൃഷി ചെയ്യാം.

ബയോഫ്ലോക് യൂണിറ്റിലെ മത്സ്യകൃഷി :- അഞ്ച് മീറ്റർ വ്യാസവും 1.2 മീറ്റർ ഉയരവുമുള്ള ടാങ്കിൽ ബയോ ഫ്ളോക് രീതിയിൽ തിലാപ്പിയ മത്സ്യകൃഷി നടത്തുന്നതിന് പരമാവധി 1.38 ലക്ഷം രൂപയും 40 ശതമാനം സബ്സിഡിയും അനുവദിക്കും. കൃഷിയിടത്തിൽ ജൈവസുരക്ഷ ഉറപ്പാക്കി വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കണം.

ജനകീയ മത്സ്യകൃഷിയിലെ വിവിധ പദ്ധതികളിലേക്കുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ജൂൺ 20നകം പത്തനംതിട്ട ജനറൽ ആശുപത്രിക്കുസമീപം പ്രവർത്തിക്കുന്ന ജില്ലാ ഫിഷറീസ് ഓഫീസിൽ ലഭ്യമാക്കണം. ഫോൺ: 0468 2223134. സുഭിക്ഷ കേരളം പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കൾക്കും ജില്ലാ ഫിഷറീസ് ഓഫീസിന്റെ നേതൃത്വത്തിൽ സൗജന്യ പരിശീലനം നല്കും. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. സുഭിക്ഷകേരളം പദ്ധതിയുടെ അപേക്ഷ ൌയവശസവെമളശവെു മേ@ഴാമശഹ.രീാ എന്ന ഈമെയിൽ വിലാസത്തിലേക്ക് അയയ്ക്കാം.

## അഖിലേന്ത്യാ പ്രതിഷേധ ദിനം

**പത്തനംതിട്ട** : കേന്ദ്ര സർക്കാരിന്റെ ക്ഷാമ ബത്ത മരവിപ്പിക്കൽ ഉത്തരവ് പിൻവലിക്കുക,വേതനം വെട്ടിക്കുറക്കൽ നടപടി ഉപേക്ഷിക്കുക,തസ്തിക വെട്ടിക്കുറക്കലും നിയമന നിരോധനവും ഉപേക്ഷിക്കുക പൊതുമേഖല സ്വകാര്യ വല്ക്കരണവും തൊഴിൽ നിയമ ഭേദഗതി നടപടികളും പിൻവലിക്കുക രോഗപ്രതിരോധ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ വിഭാഗം ജീവനക്കാർക്ക് മതിയായ സുരക്ഷ ഉറപ്പ് വരുത്തുക, ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് എ.ഐ.എസ്.ജി.ഇ.എഫ് ആഹ്വാനം ചെയ്ത അഖിലേന്ത്യാ പ്രതിഷേധ ദിനം,എഫ്.എസ്.ഇ.ടി.ഓ നേതൃത്ത്വത്തിൽ പത്തനംതിട്ടയിൽ ആചരിച്ചു.

കേരള എൻ.ജി.ഒ യൂണിയൻ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗംഎസ് സുശീല ഉദ്ഘാടനം ചെയ്തു.കെ.എസ്.ടി.എ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കെ.എൻ ശ്രീകുമാർ, എഫ്.എസ്.ഇ.ടി ഓ ജില്ലാ സെക്രട്ടറി എ.ഫിറോസ്, കേരള എൻ.ജി.ഒ യൂണിയൻ ജില്ലാ സെക്രട്ടറി ഡി.സുഗതൻ,ജില്ലാ പ്രസിഡന്റ് സി.വി സുരേഷ് കുമാർ, കെ.എസ്.ടി.എ ജില്ലാ സെക്രട്ടറി രാജൻ ഡി.ബോസ് , ജില്ലാ പ്രസിഡന്റ് കെ.ഹരികുമാർ,കെ.ജി.ഒ.എ ജില്ലാ പ്രസിഡന്റ് ഹബീബ് മുഹമ്മദ്, പ്രസാദ് മാത്യു തുടങ്ങിയവർ നേതൃത്വം നല്കി.



*കൊടുമൺ അടൂർ- തട്ട- പത്തനംതിട്ട വഴിയോരത്ത് സമീപത്തെ കൃഷിയിടങ്ങളിൽ നിന്ന് വിളവെടുത്ത് കർഷകർ നേരിട്ട് വിൽപന നടത്തുന്നു*

## കോവിഡ്-19 സമൂഹ വ്യാപനം കണ്ടെത്താൻ വിപുലമായ പരിശോധന നടത്തി ആരോഗ്യവകുപ്പ്

**പത്തനംതിട്ട:** ജില്ലയിൽ കോവിഡ്-19 രോഗത്തിന് സമൂഹവ്യാപനം നടന്നിട്ടുണ്ടോയെന്ന് കണ്ടെത്താൻ ആരോഗ്യവകുപ്പ് വിപുലമായ പരിശോധന തുടങ്ങി. രോഗം സംശയിക്കുന്നയാളുടെ തൊണ്ടയിൽ നിന്നും മൂക്കിൽ നിന്നും സ്രവം ശേഖരിച്ച് തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ അയച്ചാണ് നിലവിൽ രോഗം സ്ഥിരീകരിക്കുന്നത്. പ്രതിദിനം 250 പേരുടെ സ്രവപരിശോധന ഈ രീതിയിൽ നടത്തിവരുന്നു. കൂടാതെ രോഗബാധ സംശയനിവാരണത്തിനായി കോഴഞ്ചേരി റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ട്രൂനാറ്റ് സ്രവപരിശോധനാ സൗകര്യവും ഉണ്ട്. ഇത്തരം പ്രാഥമിക പരിശോധനാഫലം പോസിറ്റീവായി കണ്ടെത്തുന്നവരുടെ സ്രവം ആർറ്റി-പിസിആർ ടെസ്റ്റിന് വിധേയമാക്കിയാൽ മാത്രമേ രോഗം സ്ഥിരീകരിക്കാൻ സാധിക്കൂ.

ഈ പരിശോധനകൾക്ക് പുറമേയാണ് സമൂഹ വ്യാപനം കണ്ടുപിടിക്കുന്നതിനായി റാപ്പിഡ് ആന്റിബോഡി ടെസ്റ്റിന് തുടക്കമായത്. ജില്ലയിലുള്ളവരെ വിവിധ വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിൽ നിന്നും നിശ്ചിത എണ്ണം ആളുകളുടെ അഞ്ച് മില്ലീലിറ്റർ രക്തം ശേഖരിച്ച് കോഴഞ്ചേരി റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ എത്തിച്ചാണ് രോഗവ്യാപന പരിശോധന നടത്തുന്നത്. നിലവിൽ വീടുകളിലോ സ്ഥാപനങ്ങളിലോ സമ്പർക്കവിലക്കിൽ കഴിയുന്നവരിൽ നിന്നും രക്തസാമ്പിൾ ആരോഗ്യപ്രവർത്തകർ എത്തി ശേഖരിക്കും.

കോവിഡ് രോഗീപരിചരണത്തിൽ നേരിട്ട് ഇടപെട്ട ആരോഗ്യ പ്രവർത്തകർ, നോൺ കോവിഡ് ആശുപത്രി ജീവനക്കാർ, പോലീസ്, സമൂഹ അടുക്കളയിൽ പ്രവർത്തിച്ചവർ, ആരോഗ്യ ഫീൽഡ് പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, റേഷൻ കടകൾ, മറ്റ് ആഹാര വിതരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, സംസ്ഥാനാന്തര യാത്ര നടത്തുന്ന ട്രക്ക് ഡ്രൈവർമാരുമായി ഇടപഴകിയ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ, അതിഥി തൊഴിലാളികൾ, 60ന് മുകളിൽ പ്രായമുള്ളവർ, പനി ഉൾപ്പെടെ രോഗവുമായി ആശുപത്രിയിലെത്തുന്നവർ, സമ്പർക്കവിലക്ക് കഴിഞ്ഞവർ തുടങ്ങിയ വിഭാഗങ്ങളായി തിരിച്ചാണ് പരിശോധനയ്ക്ക് വിധേയരാകേണ്ടവരെ കണ്ടെത്തുന്നത്.

അറിയിപ്പ് ലഭിക്കുന്നവർ നിർദിഷ്ട സമയത്ത് അതത് ആരോഗ്യ കേന്ദ്രങ്ങളിൽ എത്തി പരിശോധനയ്ക്ക് രക്തം ശേഖരിക്കുന്ന പ്രവർത്തനങ്ങളുമായി സഹകരിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ അറിയിച്ചു. ആദ്യഘട്ടമായി 500 പേരുടെ രക്തപരിശോധനയാണ് ജില്ലയിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

## ഭവന നിർമാണ ആനുകൂല്യത്തിന് അപേക്ഷിക്കാം

**പത്തനംതിട്ട:** മൈലപ്ര ഗ്രാമപഞ്ചായത്തിൽ, പട്ടികജാതി വികസന വകുപ്പിൽ നിന്നും ലൈഫ്മിഷന് ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിതഭവനരഹിതർ എന്നീ വിഭാഗങ്ങളിലായി മുൻകാലങ്ങളിൽ ആനുകൂല്യം ലഭിക്കാതിരുന്നതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമാണ ആനുകൂല്യത്തിന് അപേക്ഷിക്കാം. അപേക്ഷ ഈ മാസം 15നകം പഞ്ചായത്ത് ഓഫീസിൽ നൽകണം. ഫോൺ: 04682 222340.



## കാർ/ജീപ്പ് വാടകയ്ക്ക്

**ആലപ്പുഴ:** ജില്ലാ സാമൂഹ്യ നീതി ആഫീസിൽ 2020 ജൂലൈ ഒന്നു മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് ഓഫീസ് ആവശ്യത്തിലേക്ക് ടാക്സി പെർമിറ്റുള്ള കാർ/ജീപ്പ് വാടകയ്ക്ക് നൽകുവാൻ സന്നദ്ധരായ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചു.

ഏഴു വർഷത്തിൽ കുറവ് പഴക്കമുള്ള വാഹനത്തിന്റെ ഉടമകളിൽ നിന്നും ലഭിക്കുന്ന ടെണ്ടറുകളാണ് പരിഗണിക്കുന്നത്. ടെൻഡർ സ്വീകരിക്കുന്ന അവസാന ദിവസം ജൂൺ 17 ഉച്ചയ്ക്ക് ശേഷം രണ്ടു വരെയാണ്.

അന്നേ ദിവസം 2.30ന് ടെൻഡർ തുറക്കും. ടെണ്ടറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി ആലപ്പുഴ ജനറൽ ആശുപത്രിക്ക് കിഴക്കുവശം ഫെഡറേഷൻ ഓഫ് ദ ബ്ളൈന്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസുമായി നേരിട്ടോ ഫോൺ മുഖേനയോ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ :0477 2253870 .

# എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠന സൗകര്യം ഉറപ്പാക്കും

## വീടുകളിൽ സൗകര്യമില്ലാത്തവർക്കായി 106 കേന്ദ്രങ്ങൾ

**ആലപ്പുഴ** : വീടുകളിൽ ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത കുട്ടികൾക്കായി ജില്ലയിൽ 106 പഠനകേന്ദ്രങ്ങൾ സജ്ജീകരിച്ച് വിദ്യാഭ്യാസ വകുപ്പ്. ഇത്തരം വിദ്യാർത്ഥികൾക്കായി ജൂൺ 12ന് മുമ്പ് കേന്ദ്രങ്ങളിലെ ക്രമീകരണങ്ങൾ ഉറപ്പാക്കാൻ ജില്ലാ കളക്ടർ എ അലക്സാണ്ടറുടെ അധ്യക്ഷതയിൽ കളക്ട്രേറ്റിൽ ചേർന്ന് യോഗം തീരുമാനിച്ചു.

റഗുലർ ഓൺലൈൻ ക്ലാസുകൾ ജൂൺ 14 മുതലാണ് ആരംഭിക്കുക. അതുവരെ ട്രയലുകളാണ് നടക്കുക. വിദ്യാഭ്യാസ വകുപ്പിൻറെ ആദ്യ കണക്കെടുപ്പിൽ ജില്ലയിൽ ഓൺലൈൻ പഠന സൗകര്യം ഇല്ലാതിരുന്നത് 3386 കുട്ടികൾക്കാണ്. എന്നാൽ വിവിധ വകുപ്പുകളുടെയും ഐ.ടി.അറ്റ് സ്കൂളിന്റെയും സന്നദ്ധ സംഘടനകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ആയിരത്തോളം വിദ്യാർഥികൾക്ക് ഈ സൗകര്യം ഇതിനകം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ധന്യ ആർ.കുമാർ യോഗത്തിൽ ചൂണ്ടിക്കാട്ടി. ആവശേഷിക്കുന്ന 2385 കുട്ടികൾക്കാണ് ജില്ലയിൽ ഓൺലൈൻ ക്ലാസുകൾ കാണുന്നതിനുള്ള സൗകര്യമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്.ജില്ലയിലെ ലൈബ്രറികൾ , സി. ആർ. സി ഹാൾ, കൃഷിഭവൻ ഹാൾ, ബി. ആർ. സി സെന്ററുകൾ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിങ്ങനെ 106 കേന്ദ്രങ്ങൾ വീടുകളിൽ സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാർഥികൾക്ക് ഓൺലൈൻ ക്ലാസുകൾക്കായി സജ്ജീകരിക്കുന്നുണ്ട്. ഹാളുകൾ ക്രമീകരിക്കേണ്ടതും വൃത്തിയാക്കേണ്ടതും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതും ഹാളുകളുടെ ഉടമസ്ഥ അവകാശമുള്ള സംഘടനകൾ നിവർവഹിക്കണം. ഉപജില്ല, ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കായിരിക്കും സെന്ററുകളുടെ ചുമതല.സെന്ററിലെ പവർ സപ്ലൈ, കേബിൾ കണക്ഷൻ, ഫാൻ, കസേര, മേശ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് സമഗ്ര ശിക്ഷ കേരളയാണ്. ഇതിന് ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സഹായം കൂടി ഉറപ്പാക്കണം. പഠന കേന്ദ്രങ്ങളിൽ കുട്ടികളെ എത്തിക്കേണ്ട ചുമതല അതത് പ്രഥമ അധ്യാപകർക്കാണ്. ഓരോ സ്കൂളിൽ നിന്നും ഓൺലൈൻ ക്ലാസിന് എത്തുന്ന കുട്ടികളുടെ ചുമതല അതത് സ്കൂളുകളിലെ ഓരോ അധ്യാപകർക്ക് വീതം പ്രഥമാധ്യാപകർ നൽകണം. പങ്കെടുക്കുന്ന കുട്ടികളുടെ ഹാജർ ഈ അധ്യാപകർ ഉറപ്പുവരുത്തണം.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, കുടുംബശ്രീ , സന്നദ്ധ സംഘടനകൾ, വ്യവസായികൾ, കെ എസ് എഫ് ഇ, തുടങ്ങിയവരുടെ സഹായത്തോടെ ഓൺലൈൻ ക്ലാസുകൾക്കുള്ള ടി.വി. ഉൾപ്പടെയുള്ള ഭൗതിക സൗകര്യം വിദ്യാർത്ഥികൾക്ക് ഒരുക്കാൻ കഴിയുമെന്ന് കളക്ടർ പറഞ്ഞു. എല്ലാ കുട്ടികളും ഓൺലൈൻ ക്ലാസ് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു എന്നുള്ളത് ഉറപ്പുവരുത്തേണ്ടത് ജില്ല തലത്തിൽ ഡി.ഡി.ഇയും ഉപജില്ലാ തലത്തിൽ ഡി.ഇ.ഓ, എ.ഇ.ഓ മാരുമായിരിക്കും.

ഓൺലൈൻ ക്ലാസുകൾ നടക്കുന്ന സെന്ററുകളിൽ കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കേണ്ടതാണ്.

ഓരോ സെന്ററുകളിലും ചുമതലയുള്ള അധ്യാപകർ ഇത് ഉറപ്പുവരുത്തണം. അതത് സെൻററുകളിലെ ഒൺലൈൻ ക്ലാസുകളുടെ സമയ വിവരപ്പട്ടിക ഓരോ സെൻററുകളിലും ചുമതലയുള്ള അധ്യാപകർ മുൻകൂട്ടി പ്രദർശിപ്പിക്കണം. യോഗത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ധന്യ ആർ.കുമാർ , ബന്ധപ്പെട്ട വകുപ്പുമേധാവികൾ എന്നിവർ പങ്കെടുത്തു.

## ഒരു ലക്ഷം കത്തുകൾ അയച്ചു

**ഹരിപ്പാട്:** പൊതു മേഖലയും സാമൂഹ്യ നീതിയും സംരക്ഷിക്കുക., കോവിഡ് 19പാക്കേജിൽ അർഹമായ വിഹിതം പട്ടിക വിഭാഗത്തിന്റെ അതിജീവനത്തിനായി മാറ്റിവെയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് പട്ടികജാതി ക്ഷേമ സമിതിയുടെ, നേതൃത്വത്തിൽ പ്രധാനമന്ത്രിയയ്ക്ക് ഒരു ലക്ഷം കത്തുകൾ അയച്ചു.

ഇതിന്റെ ഭാഗമായി കാർത്തികപ്പള്ളി ഏരിയയിലെ വിവിധ പോസറ്റ് ഓഫീസുകളുടെ മുന്നിൽ യോഗങ്ങൾ നടന്നു. ആറാട്ടുപുഴയിൽ സി കെ

അനീഷ്, കാർത്തികപ്പള്ളിയിൽ ചിത്രസേനൻ, മുതുകുളത്ത് എംഡി മോഹനൻ, ചിങ്ങോലി മിൽ കെ.രാധാകൃഷ്ണൻ ,ചേപ്പാട് -ആർ.വിജയകുമാർ എന്നിവർ യോഗങ്ങൾ ഉദ്ഘാടനം ചെയ്തു

## ലോറിജീവനക്കാർക്ക് ക്വാറന്റീൻ സൗകര്യം ഒരുക്കുന്നില്ലെന്ന് സംഘടനകൾ

**തുറവൂർ:** അന്യസംസ്ഥാനത്തു നിന്ന് അരൂരിലെ വിവിധസമുദ്രോൽപന്ന ശാലകളിലേക്ക് എത്തുന്ന ലോറി ജീവനക്കാർക്ക് ക്വാറന്റിനിൽ കഴിയുന്നതിനുള്ള സൗകര്യം ഒരുക്കുന്നില്ലന്ന് വ്യാപാരികളും നിരവധിസംഘടനകളും ആരോപിക്കുന്നു.

വിവിധസംസ്ഥാനങ്ങളിൽ നിന്ന് മത്സ്യവുമായി ഇവിടെ എത്തുന്ന ലോറി തൊഴിലാളികൾക്ക് ക്വറന്റീൻ സൗകര്യം ഒരുക്കുകയും കമ്പനി ചെലവിൽ അവർക്കുള്ള ഭക്ഷണം ഒരുക്കുകയും രജിസ്റ്റർ സൂക്ഷിക്കു കയും ചെയ്യണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. ഇവയെല്ലാം കാറ്റിൽ പറത്തിയിരിക്കയാണ്. അരൂരിലെ ആരോഗ്യ വകുപ്പ് കണ്ടിട്ടുംമൗനം പാലിക്കുകയാണ്. അന്യസംസ്ഥാനലോറി,കണ്ടെയ്നർതൊഴിലാളികൾ യഥേഷ്ടംസാധനങ്ങൾ വാങ്ങുന്നതിന്,തെരുവിലിറങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ആന്ധ്ര, ഒറീസ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്ന് വനാമി ചെമ്മീനും വിവിധയിനം മീനുകളുമായി നിരവധി ലോറികൾ നിത്യേനേ അരൂർ ചന്തിരൂർ മേഖലകളിൽഎത്തുന്നു. സമുദ്രോൽപ്പന്ന ശാലയുമായി നേരിട്ട് ബന്ധമില്ലത്തവർ വഴിയാണ് വനാമി ചെമ്മീനുകൾ എത്തുന്നത്. ലോറികൾ വഴി എത്തുന്ന ചെമ്മീൻ ഏജന്റ്മാർ വഴിയാണ് കച്ചവടം നടത്തുന്നത്.

ഇങ്ങനെ എത്തുന്ന ലോറികൾക്ക് കമ്പനികൾ യാതൊരു സഹായവുംനൽകാത്തതിനാൽ ഇവർ ക്വാറന്റീനിൽ പോകാതെ സമീപപ്രദേശങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ എത്തുന്നത് മൂലം പ്രദേശത്തെ വ്യാപാരികൾആശങ്കയിലാണ്.ഇത്തരത്തിൽ ചന്തിരൂർ മേഖലയിൽ കഴിഞ്ഞ ദിവസംഎത്തിയ രണ്ട്പേരെആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

ഇതിനെതിരെ നടപടി ഉണ്ടാകണമെന്ന് ഐ.എൻ.എൽ ജില്ലാ ജനറൽ സെക്രട്ടറി ബി.അൻഷാദും വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ സെക്രട്ടറി യു.സി.ഷാജിയുംആവശ്യപ്പെട്ടു.

കൊറോണ സാഹചര്യത്തിൽതട്ടുകടകളിൽപരിശോധനകർശനമാക്കി ലൈസൻസ് നിർബന്ധമാക്കണമെന്നും സുരക്ഷാ പരിശോധനകൾ നടത്തണമെന്ന അവശ്യവും ശക്തമാകുന്നു.

## ഷാനിമോൾ ഇനിഷ്യേറ്റീവ് ടെലിവിഷൻ വിതരണം ചെയ്തു





*ഷാനിമോൾ ഇനിഷ്യേറ്റിവ് ഓൺലൈൻ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിനായി എം.എൽ എ ഇനിഷ്യേറ്റിവ് പദ്ധതിയിൽപ്പെടുത്തി നൽകിയ ടി.വി.കൾ തുറവൂർ എ.ഇ.ഒ. റ്റി.പി.ഉദയകുമാരിക്ക് ഷാനിമോൾ ഉസ്മാൻ എം.എൽ.എ. കൈമാറുന്നു.*

**തുറവൂർ :**ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ടെലിവിഷൻ വിതരണം ചെയ്തു.

മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിലും ഒരോ ടെലിവിഷൻ സെറ്റുകളാണ് വിതരണം ചെയ്തത്.ഷാനിമോൾ ഇനീഷ്യേറ്റീവ് പദ്ധതിയിൽ പെടുത്തിയാണ് ടി വി വിതരണം ചെയ്തത്. എം .എൽ.എ.ഓഫീസിൽ ഷാനിമോൾ ഉസ്മാൻ ,എം. എൽ .എ. തുറവൂർ എ.ഇ.ഒ. ടി. പി.ഉദയകുമാരിക്ക് ടെലിവിഷൻ സെറ്റുകൾ കൈമാറി .

## കോവിഡ് നിർദ്ദേശങ്ങൾ കാറ്റിൽ പറത്തി രോഗികളെ എത്തിക്കുന്നു





**അമ്പലപ്പുഴ:** കോവിഡ് 19 വ്യാപനവുമായി ബന്ധപെട്ട് ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അടിയന്തിര ചികിത്സ ആവശ്യമുള്ള രോഗികളെ മാത്രമെ എത്തിയ്ക്കാൻ പാടുള്ളു എന്ന നിർദ്ദേശവും, സന്ദർശകർ പൂർണ്ണ മായും ഒഴിവാകണമെന്നും ഒരാൾ മാത്രമേ രോഗിക്ക് ഒപ്പം ഉണ്ടാകാൻ പാടുള്ളു ,എന്ന ആശുപത്രി സൂപ്രണ്ട് ഡോ. രാംലാലിന്റെ നിർദ്ദേശമാണ് അടിമറിക്കപെടുന്നത്. നിസാര ശാരീരിക അസ്വസ്ഥത, വാഹന അപകടത്തിൽ നിസ്സാര പരിക്ക് അനുഭവപെട്ടവരെ പോലും ജില്ലയിലെ ജില്ലാ ആശുപത്രികളിൽ നിന്നും, താലൂക്ക് ആശുപത്രികളിൽ നിന്നും വണ്ടാനം മെഡിക്കൽ കോളേജിലേക്ക് 108 ആംബുലൻസിൽ എത്തിക്കുകയും ,കൂടെ രോഗികൾക്ക് ഒപ്പം 2 ഉം 3ഉം ബന്ധുക്കളും ചേർന്നാണ് രോഗിയുമായി എത്തുന്നത്.

നിസ്സാര രോഗമുള്ളവരെ താലൂക്ക് ജില്ലാ ആശുപത്രിയിൽ കിടത്തിയും ,അല്ലാതയും രോഗം ഭേദമാക്കാമെന്നിരിക്കെ ഇതര ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന രോഗികളെ ചികിത്സ നൽകാതെ 108 ആംബുലൻസിൽ അവിടങ്ങളിൽ നിന്നും നേരെ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗങ്ങളിൽ എത്തിക്കുന്നതിനെ തുടർന്ന് അത്യാഹിത കവാട ഭാഗത്തെ തിരക്ക് നിയന്ത്രിക്കാൻ എയ്ഡ് പോസ്റ്റ് പോലീസും സുരക്ഷാ ജീവനക്കാർക്കും വളരെയേറെ ബുദ്ധിമുട്ടാണ് സഹിക്കേണ്ടി വരുന്നത്. അത്യാസന്ന നിലയിൽ ഉള്ള രോഗികളെ മാത്രം മെഡിക്കൽ കോളേജിൽ എത്തിക്കാൻ പാടുള്ളു എന്ന നിർദ്ദേശം ഡി.എച്ച്. എസിന്റെ കീഴിലുള്ള ആശുപത്രികൾ കാറ്റിൽ പറത്തുന്നതിനെ തുടർന്ന് രോഗികളുടേയും സന്ദർശകരുടേയും എണ്ണം ദിനംപ്രതി കൂടി വരുകയാണ്. നിസാര രോഗമുള്ളവർക്ക് സമീപത്തെ ആരോഗ്യ കേന്ദ്രത്തിൽ എത്തി ചികിത്സ തേടാമെന്ന് കോവിഡ് 19 വ്യാപനവുമായി ബന്ധപെട്ട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കണ്ടെന്നും സന്ദർശകർ ഒഴിവാകണമെന്നും സർക്കാരും ആരോഗ്യ മന്ത്രിയും കൂടെ കൂടെ നിർദ്ദേശങ്ങൾ നൽകുന്നുണ്ടങ്കിലും, സമീപത്തെ ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടി എത്തുന്നവരെ പോലും ചേർത്തല, മാരാരിക്കുളം ,ആലപ്പുഴ ,കായംകുളം തുടങ്ങിയ ആശുപത്രികളിൽ നിസ്സാര ചികിത്സക്ക് എത്തുന്ന രോഗികളെ 108 ൽ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് തള്ളിവിടുന്ന നയമാണ് പ്രാധമിക ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരിൽ നിന്നും മുണ്ടാകുന്നത്. കോവിഡ് 19 സാമൂഹ്യ വ്യാപനം തടയാനും സർക്കാരിന്റെ ഉത്തരവ് പാലിക്കാനും ആശുപത്രി എയ്ഡ് പോസ്റ്റ് പോലീസ് എസ് ഐ ഷുക്കൂർ സീനിയർ സിവിൽ പോലീസ് ഓഫീസർ രതീഷ് കുമാർ സി വിൽ പോലീസ് ഓഫീസർ വിനിൽ എന്നിവരും സുരക്ഷ ജീവനക്കാരും ചേർന്ന് രാവൊ എന്നൊ പകൽ എന്നോ ഇല്ലാതെ പ്രവർത്തനം കാര്യക്ഷമ മാക്കുമ്പോഴും ഇത് അംഗീകരിക്കാൻ തയാറാകാത്ത രീതിയിലുള്ള പെരുമാറ്റമാണ് പ്രാധമിക ആരോഗ്യ കേന്ദ്രത്തിൽ നിന്ന് പോലും 108ൽ രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ച് കോവിഡ് 19 സാമൂഹ്യ വ്യാപനത്തിന് വഴി തെളിക്കുന്ന നടപടിയിൽ നിന്നും ഒഴിവാക്കാൻ ജില്ലാ ഭരണകൂടം ഇടപെടണമെന്ന ആവശ്യം ശക്തമാകുകയാണ്.

കേരള പ്രണാമം



## കടുത്തുരുത്തി ടൗൺ ബൈപ്പാസ് നിർമാണം തുടങ്ങി

**കടുത്തുരുത്തി :** കോട്ടയം-എറണാകുളം റോഡിന് സമാന്തരമായി നിർമ്മിക്കുന്ന കടുത്തുരുത്തി ടൗൺ ബൈപ്പാസ് റോഡിന്റെ അന്തിമഘട്ട നിർമാണം തുടങ്ങി. തീരദേശ റോഡ് മുതൽ ചുള്ളിത്തോട് വരെയുള്ള ബൈപ്പാസ് റോഡിന്റെ ഇരുവശത്തേക്കുമുള്ള ദൂരപരിധിയും, അതിർത്തിയും ക്രമീകരിക്കുന്നതിനുള്ള ടോട്ടൽ സ്റ്റേഷൻ പ്രവർത്തനങ്ങൾ മോൻസ് ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കടുത്തുരുത്തി വലിയ തോടിനും, ചുള്ളി തോടിനും കുറുകെ നിർമ്മിക്കുന്ന രണ്ട് പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നടപടി സ്വീകരിച്ചതായി എം.എൽ.എ അറിയിച്ചു

## രാത്രിയിൽ രൂക്ഷഗന്ധം : പരാതി

**പാലാ:** വിളക്കുമാടത്തും പരിസര പ്രദേശങ്ങളായ ചാത്തൻകുളം, പൂവത്തോട് , ഇടമറ്റം തുടങ്ങിയ പ്രദേശങ്ങളിലും രാത്രികാലങ്ങളിൽ അതിരൂക്ഷമായ ഗന്ധം പരക്കുന്നതായി പ്രദേശവാസികൾ. ഇത് ശ്വസിക്കുന്ന കൊച്ചുകുട്ടികളും പ്രായംചെന്നവരും ഉൾപ്പടെയുള്ളവർക്ക് പല ശാരീരിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നതായി നാട്ടുകാർ പറയുന്നു. ദുർഗന്ധത്തിൻറെ ഉറവിടം കണ്ടെത്തി പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർക്കും തഹസിൽദാർ, ആർഡിഒ തുടങ്ങിയവർക്കും നാട്ടുകാർ പരാതി നൽകി.

## തൽസ്ഥിതി തുടരും

**കുറവിലങ്ങാട്:** തീർഥാടന കേന്ദ്രമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത്മറിയം അർക്കദിയാക്കോൻ പള്ളിയിൽ ഇപ്പോഴുള്ള രീതിയിൽതന്നെ തിരുക്കർമങ്ങൾ തുടരുമെന്ന് ആർച്ച്പ്രീസ്റ്റ് റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ അറിയിച്ചു. ജനപങ്കാളിത്തമില്ലാതെയാണ് നിലവിൽ തിരുക്കർമങ്ങൾ നടക്കുന്നത്. യോഗപ്രതിനിധികളുമായി കൂടിയാലോചിച്ചാണ് തീരുമാനമെടുത്തതെന്നും ആർച്ച്പ്രീസ്റ്റ് അറിയിച്ചു

# യാത്രക്കാരില്ല, ബസുകൾ വീണ്ടും ഷെഡിലേക്ക..! യാത്രാക്ലേശം രൂക്ഷമായി

**കോട്ടയം:** സംസ്ഥാനത്ത് ഇന്നു സർവീസ് നടത്തുന്നത് ചുരുക്കം ചില സ്വകാര്യ ബസുകൾ മാത്രം. ബസിൽ കയറുന്ന യാത്രക്കാരുടെ എണ്ണം കുറഞ്ഞതോടെ വൻതുക നഷ്ടം സഹിച്ചു ബസുകൾക്കു സർവീസ് നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായതോടെയാണ് പലരും സർവീസ് അവസാനിപ്പിച്ചത്. സ്വകാര്യ ബസുകളിൽ സാമൂഹിക അകലം പാലിച്ചു കുറച്ചു യാത്രക്കാരുമായി നിയന്ത്രണങ്ങളോടെ സർവീസ് നടത്തിയിരുന്നപ്പോൾ ബസുകളിൽ കയറിയിരുന്ന യാത്രക്കാർ പോലും ഇപ്പോൾ കയറുന്നില്ല.

ആളുകൾക്കു കോവിഡ് ഭീതിയുള്ളതിനാൽ എല്ലാ സീറ്റുകളിലും ഇരുന്നു കൊണ്ടു യാത്ര ചെയ്യാൻ യാത്രക്കാർ തയാറാകുന്നില്ല. അപരിചിതർക്കൊപ്പം യാത്ര ചെയ്യുന്നതിനോട് പലർക്കും യോജിപ്പില്ലെന്നും ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ പറയുന്നു.

സർക്കാർ അനുമതി നല്കിയിട്ടും 30 ശതമാനം ബസുകൾ മാത്രമാണ് നിരത്തിലിറക്കിയത്. ദിവസത്തിൽ ഒരു സ്വകാര്യ ബസ് സർവീസ് നടത്തുന്പോൾ ഡീസലിൻറെ ടാക്സ് ഇനത്തിൽ മാത്രം സംസ്ഥാന സർക്കാരിനു 1,000 രൂപയോളം ലഭിക്കുന്നുണ്ടെന്നും അസോസിയേഷൻ പറയുന്നു. കോട്ടയം ജില്ലയിലെ 1,050 സ്വകാര്യ ബസുകളിൽ ഇന്നലെ നിരത്തിലിറങ്ങിയതു 45 സ്വകാര്യബസുകളാണ്.


സ്വകാര്യ ബസുകൾ നിരത്തിലിറങ്ങാത്തതോടെ യാത്ര ക്ലേശം രൂക്ഷമായിട്ടുണ്ട്. സർക്കാർ ഓഫീസുകൾ പൂർണതോതിൽ പ്രവർത്തിച്ചു തുടങ്ങിയതും യാത്രക്കാരുടെ എണ്ണം വർധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

ജില്ലയിൽ ഇന്നും രാവിലെ മുതൽ സർവീസ് ആരംഭിച്ചിരിക്കുന്നത് 50 സ്വകാര്യ ബസുകൾ മാത്രം. സംസ്ഥാനത്തെ മറ്റു ജില്ലകളിലെ സാഹചര്യവും വ്യത്യസ്തമല്ല. സ്വകാര്യ ബസുകൾ ഭൂരിഭാഗവും സർവീസ് നിർത്തിവച്ചതോടെ യാത്രാക്ലേശം രൂക്ഷമായി.



## ഇരുന്നു ഭക്ഷണം കഴിക്കാൻ സൗകര്യം ഒരുങ്ങുക 60 ശതമാനം ഹോട്ടലുകളിൽ മാത്രം

**കോട്ടയം:** ഇന്നു മുതൽ തുറക്കാൻ അവസരം ലഭിച്ചുവെങ്കിലും ഇരുന്നു ഭക്ഷണം കഴിക്കാൻ സൗകര്യം ഒരുങ്ങുക ജില്ലയിലെ 60 ശതമാനം ഹോട്ടലുകളിൽ മാത്രം. ജീവനക്കാരുടെ അഭാവം, ബാധ്യതകൾ, വിൽപ്പന നടക്കുമോയെന്ന ആശങ്ക എന്നിവയൊക്കെയാണു ഹോട്ടൽ ഉടമകളെ പിന്നോട്ടു നയിക്കുന്നത്. തുറക്കുന്നതിന്റെ ഭാഗമായി ഇന്നലെ ഹോട്ടലുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ജില്ലയിൽ 20 ശതമാനം ഹോട്ടലുകൾ ലോക് ഡൗൺ ഇളവുകളുടെ പശ്ചാത്തലത്തിൽ പാഴ്സൽ സർവീസ് നേരത്തെ ആരംഭിച്ചിരുന്നു. അതേസമയം, നഗരപ്രദേശങ്ങളിൽ ഉൾപ്പെടെ പല ഹോട്ടലുടമളും തുറക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. ആവശ്യത്തിനു ജോലിക്കാരും സൗകര്യങ്ങളുമുള്ളവർ മാത്രമാകും ഇന്നു മുതൽ പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുക. ബാക്കിയിടങ്ങളിൽ പാഴ്സൽ സർവീസ് മാത്രമായിരിക്കുമുണ്ടാകുകയെന്നു ഹോട്ടൽ ആൻഡ് റസ്റ്ററന്റ് അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. ജില്ലയിൽ രണ്ടായിരത്തിലേറെ ഹോട്ടലുകൾ പ്രവർത്തിക്കുന്നതിൽ 1200 ഹോട്ടലുകൾ അസോസിയേഷനിൽ അംഗങ്ങളാണ്. പാഴ്സൽ വിഭവങ്ങൾക്കു ഡിമാന്റില്ലാതിരുന്നതിനാൽ വെജിറ്റേറിയൻ ഹോട്ടലുകൾ ഏറെയും ലോക്ഡൗൺ ആരംഭിച്ച ശേഷം തുറന്നിരുന്നില്ല. ഇന്നു തുറന്നാലും എല്ലാ ഹോട്ടലുകളിലെയും മെനുവിൽ വിഭവങ്ങൾ കുറവായിരിക്കും. ജീവനക്കാരുടെ കുറവാണു പ്രധാന കാരണം. സർക്കാർ നിർദേശിച്ചിരിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും നിർദേശമുണ്ട്.പാത്രങ്ങൾ 60 ഡിഗ്രിയിൽ കുറയാത്ത ചൂടുള്ള വെള്ളത്തിൽ കഴുകണം, പച്ചക്കറികൾ ക്ലോറിൻ വെള്ളത്തിൽ ഉൾപ്പെടെ കഴുകണം, മേശയും നിലവും സോഡിയം ഹൈഡ്രോ ക്ലോറൈഡ് ലായനി ഉപയോഗിച്ചു ശുചീകരിക്കണം തുടങ്ങിയ നിർദേശങ്ങൾ അസോസിയേഷൻ ഹോട്ടലുടമകൾക്കു നൽകിയിട്ടുണ്ടെന്നു ജില്ലാ സെക്രട്ടറി എൻ.പ്രതീഷ് പറഞ്ഞു. സാമൂഹിക അകലം, കൈയും മുഖവും ശുചിയാക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങളിലും കർശന സുരക്ഷ പാലിക്കണമെന്നു നിർദേശം നൽകിയിട്ടുണ്ട്




## ഇന്റർനെറ്റ് സൗകര്യം സൗജന്യമായി ലഭ്യമാക്കണം

**കോട്ടയം :** വിദ്യാർത്ഥികൾക്ക് പഠന ആവശ്യത്തിന് ഇന്റർനെറ്റ് സൗകര്യം സൗജന്യമായി ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ഇടപെടണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ആവശ്യപ്പെട്ടു.

ഇന്റർനെറ്റ് സേവനദാതക്കളുമായി ബന്ധപ്പെട്ട് സൗജന്യസൗകര്യം ഉറപ്പ് വരുത്തുകയോ അല്ലാത്ത പക്ഷം സർക്കാരും വിദ്യാഭ്യാസവകുപ്പും ചെലവ് വഹിക്കുകയോ ചെയ്യണം. ഇതു സംബന്ധമായി മുഖ്യമന്ത്രി, വിദ്യാഭ്യാസവകുപ്പ് മന്ത്രി എന്നിവർക്ക് കത്ത് അയച്ചതായും അദ്ദേഹം പറഞ്ഞു.

## ശുചിത്വപാലകർക്ക് ആദരവർപ്പിച്ച് സ്റ്റുഡൻറ് പോലീസ്

**കോട്ടയം :** കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ ജില്ലയിലെ സർക്കാർ ആശുപത്രികളെ അണുവിമുക്തമാക്കി സൂക്ഷിക്കുന്നതിനായി അധ്വാനിക്കുന്ന ശുചീകരണ ജീവനക്കാർക്ക് സ്റ്റുഡൻറ് പോലീസിൻറെ ആദരം. കോട്ടയം,കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി, ഈരാറ്റുപേട്ട ,തലയോലപ്പറമ്പ്, ഇടമറ്റം എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പ്രോജക്ടിൻറെ നേതൃത്വത്തിൽ സാദരം എന്ന പേരിൽ ചടങ്ങ് സംഘടിപ്പിച്ചു.
ജില്ലാ പോലീസ്, ബേക്കേഴ്സ് അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ചടങ്ങിൽ ജീവനക്കാർക്ക് സ്നേഹ സമ്മാനമായി പലവ്യഞ്ജനങ്ങളും കേക്കും നൽകി.
കോട്ടയം ജനറൽ ആശുപത്രിൽ നടന്ന ചടങ്ങിൽ ജില്ലാ പോലീസ് മേധാവി ജി.ജയദേവ് കിറ്റുകൾ സമ്മാനിച്ചു. കൗൺസിലർ സാബു പുളിമൂട്ടിൽ, ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദുകുമാരി, കോട്ടയം വെസ്റ്റ് സി.ഐ അരുൺ, എസ്.പി.സി പ്രോജക്ട് അസിസ്റ്റൻറ് ജില്ലാ നോഡൽ ഓഫീസർ ഉല്ലാസ് .പി.സ്റ്റീഫൻ, ബേക്കേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി പ്രേംരാജ് തുടങ്ങിയവർ പങ്കെടുത്തു.

## ഓൺലൈൻ പഠനം: സൗകര്യങ്ങളില്ലാത്തവർക്ക് സഹായം തേടാം

**കോട്ടയം** : കോട്ടയം ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളിൽ ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തവർക്ക് സഹായത്തിനായി വിദ്യാഭ്യാസ വകുപ്പിൻറെ വിവിധ ഓഫീസുകളിൽ ബന്ധപ്പെടാം. ഫോൺ നമ്പരുകൾ ചുവടെ:

ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ
കോട്ടയം- 0481 2566750,9495392352, 9947614076, 9947747579
കടുത്തുരുത്തി – 04829 283511 ,9744649644, 7034545657
കാഞ്ഞിരപ്പള്ളി – 0482 8221357,8547031360 ,9188824649
പാലാ- 04822 216599, 9656285079, 9747774831

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ
ഏറ്റുമാനൂർ – 0481 2537301, 8157032946, 8078189589, 8606582761
കൊഴുവനാൽ – 04822 267611, 8078826487, 9497821110
പാലാ – 04822 216599, 9495388217, 9961876100 , 9526038440
രാമപുരം – 04822263777, 9846840987, 9744322168
കാഞ്ഞിരപ്പള്ളി – 04828 224560, 9400548653, 9495705512
ഈരാറ്റുപേട്ട – 04922 277475, 9809960827, 9847930827 , 9605850373
കോട്ടയം ഈസ്റ്റ് – 04812301123,8089102484, 94956179250
കോട്ടയം വെസ്റ്റ് –0481 2585123, 8921369427, 9446560263
കറുകച്ചാൽ –0481 2486633, 9747981550, 9744241111
ചങ്ങനാശ്ശേരി –0481 2428742 , 7012951473, 9447597991
പാമ്പാടി –0481 2506411, 9745946935, 9747898725, 7511140795
വൈക്കം 04829 233343, 9747 492977, 9744022159
കുറവിലങ്ങാട് – 04829 232276, 9061857446, 9947832258

## പ്രാദേശിക വാർത്തകൾ



## ജില്ലയിൽ റാപ്പിഡ് ആന്റിബോഡി ടെസ്റ്റ് ആരംഭിച്ചു



*പീരുമേട്ടിൽ ആശുപത്രി ജീവനക്കാരന് റാപ്പിഡ് ആന്റിബോഡി പരിശോധന നടത്തുന്നു*

**ഇടുക്കി:** കോവിഡ്- 19 സാമൂഹിക വ്യാപന സാധ്യത മനസിലാക്കുന്നതിനുള്ള റാപ്പിഡ് ആന്റിബോഡി ടെസ്റ്റ് ജില്ലയിൽ ആരംഭിച്ചു. പീരുമേട്, നെടുങ്കണ്ടം താലൂക്കുകളിലെ കോവിഡ് ചികിത്സാർത്ഥമുള്ള ആശുപത്രികളിലെ ജീവനക്കാരിലാണ് ഇന്നലെ (9/6/20) ടെസ്റ്റ് നടത്തിയത്. റാൻഡമായി തിരഞ്ഞെടുത്ത 20 പേരെയാണ് പരിശോധിച്ചത്.ജില്ലയിൽ ആദ്യഘട്ടമായി 11 കാറ്റഗറികളിലായി 500 പേർക്കാണ് റാപ്പിഡ് ആന്റിബോഡി ടെസ്റ്റ് നടത്തുന്നത്. ഡോക്ടറും സ്റ്റാഫ് നഴ്സും ലാബ് ടെക്നീഷ്യനു മടങ്ങിയ പ്രത്യേക ടീം സ്ഥലത്തെത്തിയാണ് പരിശോധന നടത്തുന്നത്.

## പരീക്ഷക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് പാസ് വേണ്ട

**ഇടുക്കി** :തമിഴ്നാട്ടിൽ വിദ്യാർത്ഥികൾക്ക് വാർഷിക പരീക്ഷകൾ ജൂൺ 15 ന് ആരംഭിക്കുന്നതിനാൽ ഇടുക്കി ജില്ലയിലെ അതിർത്തി, തോട്ടം മേഖലകളിൽ നിന്നും തമിഴ്നാട്ടിൽ വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രത്യേക പാസ് വാങ്ങണ്ട. ഇവർക്ക് കുമളി, ബോഡിമെട്ട്, കമ്പംമെട്ട്, ചിന്നാർ എന്നീ ചെക്ക് പോസ്റ്റുകളിലൂടെ അതിർത്തി കടന്ന് പോകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾ വിദ്യാഭ്യാസ സ്ഥാപനത്തിലെ തിരിച്ചറിയൽ രേഖയോ പരീക്ഷയുടെ ഹാൾ ടിക്കറ്റോ മറ്റ് തിരിച്ചറിയൽ രേഖകളോ പരിശോധനക്ക് നൽകേണ്ടതാണ്.

# കരുതലോടെ ഭക്ഷ്യ സുരക്ഷാ വകുപ്പ്

**ഇടുക്കി** : ജില്ലയിൽ ലോക്ക്ഡൗൺ പിൻവലിക്കൽ നടപടികളിലേയ്ക്ക് കടക്കുന്ന സാഹചര്യത്തിൽ ഹോട്ടലുകളും, റെസ്റ്റോറന്റുകളും, ബേക്കറികളും ഉൾപ്പടെയുള്ള ഭക്ഷണ നിർമ്മാണ വിതരണസ്ഥാപനങ്ങൾക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിർദ്ദേശങ്ങൾ,

ഭക്ഷണപാനിയങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ വ്യക്തിശുചിത്വം പാലിക്കണം, സാമൂഹിക അകലം എല്ലായ്പ്പോഴും പാലിക്കുക, വൃത്തിയാക്കലും, അണുനശീകരണവും തുടർച്ചയായി നിർവ്വഹിക്കണം, സ്ഥാപന ഉടമകൾ/ സുപ്പർവൈസർ കോവിഡ് 19 രോഗത്തെപ്പറ്റി ബോധവാനായിരിക്കണം. ജീവനക്കാരിൽ രോഗലക്ഷണങ്ങൾ കണ്ടാലുടൻ അധികാരികളുമായി ബന്ധപ്പെട്ട് പരിഹാരം കാണണം, അടിയന്തിര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം ജീവനക്കാർക്ക് നൽകേണ്ടതാണ്, ജീവനക്കാരെ സ്ക്രീൻ ചെയ്തുമാത്രമെ ജോലി സ്ഥലത്തു പ്രവേശിക്കാവു. 37 എസ്.സി (99 എഫ്) താപനില, ശ്വാസസംബന്ധമായ രോഗലക്ഷണങ്ങൾ ശാരീരിക ക്ഷീണം എന്നീ ലക്ഷണങ്ങളുള്ള ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കരുത്, മാസ്കുകളും മറ്റ് സംരക്ഷണ ഉപകരണങ്ങളും ഇപ്പോഴും ഉപയോഗിക്കുക. ഉപയോഗിച്ചശേഷം കളയുകയോ/ അണുനശീകരണം നടത്തുക, രോഗിയുമായോ രോഗലക്ഷണമുള്ളവരുമായോ ജീവനക്കാർ സമ്പർക്കം പുലർത്തിയിട്ടുണ്ടെങ്കിൽ നിർബന്ധമായും നിശ്ചിത കാലം വരെ ക്വാറന്റിൻ പാലിക്കേണ്ടതാണ്.

**സ്ഥാപന ഉടമകൾ/ സൂപ്പർവൈസർമാർ അറിഞ്ഞിരിക്കേണ്ടത്, ഉറപ്പാക്കിയിരിക്കേണ്ടത്**, കോവിഡ് 19 പരിശോധനയും, ചികിത്സയും ലഭ്യമാകുന്ന ഏറ്റവും അടുത്ത സ്ഥാപനത്തിന്റെ വിവരങ്ങൾ, മാസ്ക്, ഗ്ലൗസ്, സാനടൈസറുകൾ ഇവയുടെ സ്റ്റോക്ക് ഉറപ്പാക്കുക. സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുക, ജീവനക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുക.

**ജീവനക്കാരുടെ വ്യക്തിശുചിത്വം ഉറപ്പാക്കുക**, കൈ കഴുകി വൃത്തിയാക്കൽ, ഹാന്റ് വാഷും ചൂടുവെള്ളവും ഉപയോഗിച്ച് 20 -30 സെക്കൻഡ് സമയം വരെ കൈകൾ കഴുകി വൃത്തിയാക്കി ഉണക്കുക, നിശ്ചിത കാലയളവിൽ ഹാൻഡ് സാനിടൈസർ ഉപയോഗിച്ച് കൈകൾ അണുനശീകരണം നടത്തുക, മൂക്കും, വായും മാസ്ക് ചെയ്യുക, തുമ്മുകയോ, ചുമയ്ക്കുകയോ ചെയ്താൽ അതിനുശേഷം മാസ്കും, ടിഷ്യൂവും റശുീലെ ചെയ്ത് കൈകൾ വൃത്തിയാക്കി അണുനശീകരണം നടത്തുക, പനി, ചുമ, ശ്വാസതടസ്സം, ക്ഷീണം എന്നീ ലക്ഷണങ്ങളുള്ളപ്പോൾ ജോലിയിൽ പ്രവേശിക്കാതിരിക്കുക, രോഗലക്ഷണങ്ങൾ കണ്ടാലുടൻ അധികൃതരെ വിവരം അറിയിക്കുക, ഐസോലേറ്റ് ചെയ്യുക.

**സാമൂഹിക അകലം പാലിക്കുക,** ജീവനക്കാരുടെ എണ്ണം പരമമിതപ്പെടുത്തുക, 1 മീറ്റർ അകലം പാലിക്കുക, സാധ്യമാകുന്നിടത്തു ബാരിയറുകൾ സ്ഥാപിക്കുക, ജീവനക്കാരുടെ ജോലിസമയം ക്രമപ്പെടുത്തുക. രണ്ട് ഷിഫ്റ്റുകൾക്കിടയിലുള്ള സമയം ദീർഘിപ്പിച്ചു വൃത്തിയാക്കൽ, അണുനശീകരണം ഇവ നടത്തുക, ജീവനക്കാർ കൂട്ടം കൂടി നിന്ന് സംസാരിക്കുന്നത് ഒഴിവാക്കുക, ജീവനക്കാരുടെ വസ്ത്രം, ബാഗുകൾ ഇവ സൂക്ഷിക്കുന്നതിന് പ്രത്യേകം സൗകര്യം ഏർപ്പെടുത്തുക, ഭക്ഷണം വിതരണം ചെയ്യുന്നിടത്തു കസ്റ്റമേഴ്സുമായി അകലം പാലിക്കുക, ഫ്ളോർ മാർക്കറുകളോ, സ്റ്റിക്കറുകളോ ഉപയോഗിച്ച് കസ്റ്റമേഴ്സിന്റെ ക്യൂ അകലം നിയന്ത്രിക്കുക.

**വൃത്തിയാക്കൽ, അണുനശീകരണം**, എല്ലാവിധ യന്ത്രങ്ങളും, ഉപകരണങ്ങളും, വസ്ത്രം, ബൂട്ട്സ്, ഗ്ലൗ എന്നിവ നന്നായി വൃത്തിയാക്കി അണുനശീകരണം നടത്തേണ്ടതാണ്. അഴുക്കും, പൊടിയും നീക്കം ചെയ്ത് ചൂടുവെള്ളവും സോപ്പും, സൊല്യൂഷനും ഉപയോഗിച്ച് നന്നായി വൃത്തിയാക്കിയശേഷം നന്നായി തിളപ്പിച്ച വെള്ളത്തിൽ 2 മിനിറ്റ് നന്നായി കഴുകി ഉണക്കിയെടുക്കേണ്ടതാണ്. 5% ക്ലോറിൻ സൊല്യൂഷനും 70% ആൽക്കഹോൾ മിശ്രണവുമാണ് അണുനശീകരണത്തിന് ഉപയോഗിക്കുന്നത്.

## 450 അതിഥി തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങി

**ഇടുക്കി** :തൊടുപുഴ താലൂക്കിൽ നിന്ന് 450 അതിഥി തൊഴിലാളികൾ പശ്ചിമ ബംഗാളിലേക്ക് മടങ്ങി. തൊടുപുഴയിൽ നിന്നും ഒമ്പത് ബസിലായി ആലുവ റെയിൽവേ സ്റ്റേഷനിലെത്തിച്ചാണ് തൊഴിലാളികളെ യാത്രയാക്കിയത്. വൈകിട്ട് 9.30 ന് കൊൽക്കത്തയിലേക്കുള്ള ട്രെയിനിലാണ് ഇവർ മടങ്ങുന്നത്.

മടങ്ങാനുള്ള തൊഴിലാളികൾക്ക് താലൂക്കിലെ അതത് വില്ലേജ് ഓഫീസുകൾ മുഖാന്തിരം നേരത്തെ തന്നെ അറിയിപ്പ് നൽകിയിരുന്നു. ചൊവ്വാഴ്ച്ച രാവിലെ മുതൽ തൊടുപുഴയിലെത്തിയ ഇവർക്കായി സെന്റ്. സെബാസ്റ്റ്യൻ പള്ളിയോട് ചേർന്ന് ഹെൽപ്പ് ഡസ്ക് തയ്യാറാക്കിയിരുന്നു. രാവിലെ 9 മുതൽ പുറപ്പുഴ, മുട്ടം സി.എച്ച്.സി. കളിലെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഇവരെ പരിശോധിച്ച് ഹെൽത്ത് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി. ഇവർക്കാവശ്യമായ യാത്രാനുമതി ലഭ്യമാക്കുകുന്നതിന് തൊടുപുഴ തഹസിൽദാർ കെ.എം.ജോസുകുട്ടിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പധികൃതരും മുഴുവൻ സമയവും സ്ഥലത്തുണ്ടായിരുന്നു. തൊഴിലാളികൾക്ക് ആവശ്യമായ ലഘുഭക്ഷണവും വെള്ളവും ഇവിടെ നിന്നും ലഭ്യമാക്കി.ബുധനാഴ്ച്ചയും 240 തൊഴിലാളികൾ പശ്ചിമ ബംഗാളിലേക്ക് മടങ്ങുമെന്ന് തഹസിൽദാർ പറഞ്ഞു. ഇവരുടെ ആരോഗ്യ പരിശോധനയും യാത്രാനുമതിയും ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലാളികൾ മടങ്ങിയ ശേഷം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയും പാരിഷ് ഹാളും അഗ്നിരക്ഷാസേനയെക്കൊണ്ട് അണുവിമുക്തമാക്കുമെന്നും തഹസിൽദാർ കൂട്ടിച്ചേർത്തു.ജില്ലയിൽ നിന്ന് 1550 തൊഴിലാളികളാണ് ചൊവ്വാഴ്ച്ച നാട്ടിലേക്ക് മടങ്ങിയത്. 31 കെ.എസ്.ആർ.ടി.സി. ബസുകളാണ് തൊഴിലാളികൾക്കായി ഉപയോഗിച്ചത്. തൊടുപുഴ 450, ദേവികുളം 300,ഉടുമ്പൻചോല 250, ഇടുക്കി 350, പീരുമേട് 200 എന്നിങ്ങനെയാണ് തൊഴിലാളികൾ മടങ്ങിയത്.



*തൊടുപുഴ താലൂക്കിൽ നിന്ന് ബംഗാളിലേക്കുള്ള ട്രെയിൻ ടിക്കറ്റ് ടോക്കൺ വാങ്ങാനെത്തിയവർ*

## വിദ്യാർത്ഥികൾക്ക് സഹായമായി ദുബായ് ഇൻകാസ് ഗ്രൂപ്പ്




*ദുബായ് ഇൻകാസ് ഗ്രൂപ്പ് ജനറൽ സെക്രട്ടറി അമൽ ചെറുചിലപറമ്പിലിന്റെ നേതൃത്വത്തിൽ രണ്ട് എൽഇഡി ടിവികൾ ജില്ലാ കളക്ടർ എച്ച് ദിനേശന് കൈമാറുന്നു*

**ഇടുക്കി** : ഓൺലൈൻ ക്ലാസ് തുടങ്ങിയെങ്കിലും ടിവി ഇല്ലാത്തതിനാൽ പഠിക്കാൻ സാധിക്കാതെ വന്ന വിദ്യാർത്ഥികൾക്ക് തുണയായി ദുബായ് ഇൻകാസ് ഗ്രൂപ്പിന്റെ ഇടുക്കി യൂണിറ്റ്.

ദുബായ് ഇൻകാസ് ഗ്രൂപ്പ് ജനറൽ സെക്രട്ടറി അമൽ ചെറുചിലപറമ്പിലിന്റെ നേതൃത്വത്തിൽ രണ്ട് എൽഇഡി ടിവികൾ ജില്ലാ കളക്ടർ എച്ച് ദിനേശന് കൈമാറി. 30 എൽഇഡി ടിവികളാണ് ജില്ലയിൽ നല്കുന്നത്. പഞ്ചായത്തുകളുടെ സഹായത്തോടെയാണ് അർഹരായവരെ കണ്ടെത്തി ടിവി എത്തിച്ചു നല്കുന്നത്.

അർഹരായവരുണ്ടേൽ ഇനിയും ടിവി നല്കാൻ ദുബായ് ഇൻകാസ് ഗ്രൂപ്പ് സന്നദ്ധമാണെന്ന് ഭാരവാഹി അമൽ ചെറുചിലപറമ്പിൽ ജില്ലാ കളക്ടറെ അറിയിച്ചു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ജില്ലയിൽ നിരവധി സഹായങ്ങൾ സംഘടന ചെയ്തിരുന്നു.

## പരപ്പ് വളകോട് റോഡിന്റെ നവീകരണം ആരംഭിച്ചു



*പരപ്പ് വളകോട് റോഡിന്റെ നവീകരണ ജോലികളുടെ ഉദ്ഘാടനം പീരുമേട് എംഎൽഎ ഇ എസ് ബിജിമോൾ നിർവ്വഹിക്കുന്നു.*

**തേക്കടി:** കൊച്ചി സംസ്ഥാനപാതയുടെ ഭാഗമായ പരപ്പ് മുതൽ വളകോട് വരെയുള്ള പാതയുടെ നവീകരണം ഉദ്ഘാടനം ആരംഭിച്ചു. നിർമ്മാണ ജോലികളുടെ ഉദ്ഘാടനം ഇ.എസ് ബിജിമോൾ എംഎൽഎ നിർവ്വഹിച്ചു. ബിഎംബിസി നിലവാരത്തിലാണ് പാതയുടെ ജോലികൾ നടത്തുക. വളകോട് മുതൽ പരപ്പ് വരെയുള്ള 8 കിലോമീറ്റർ പാതയുടെ നിർമ്മാണ ജോലികൾക്കായി 7 കോടി രൂപ ചിലവഴിക്കും.പാതയുടെ വീതിവർധിപ്പിച്ച് ഐറിഷ് ഓടയോടുകൂടിയായിരിക്കും നിർമ്മാണ ജോലികൾ പൂർത്തീകരിക്കുക.വിസ്താരം വർധിപ്പിക്കാനാവശ്യമായ കെട്ടുകളുടെ നിർമ്മാണം ആദ്യം നടക്കും.മഴകുറയുന്ന മുറക്ക് മണ്ണ് ജോലികൾ ആരംഭിക്കും.പരപ്പിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആശ ആന്റണി അധ്യക്ഷത വഹിച്ചു.ഉപ്പുതറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ സത്യൻ,അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ എൻ ബാബു, മറ്റ് പഞ്ചായത്തംഗങ്ങൾ,പി ഡബ്യ്യൂ ഡി ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

## വനിതാ സംഘകൃഷി ഗ്രൂപ്പുകൾക്ക് കുടുംബശ്രീയുടെ സഹായ ഹസ്തം

**ഇടുക്കി**: 2018, 2019 വർഷങ്ങളിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ഇടുക്കി ജില്ലയിലെ വനിതാ സംഘകൃഷി ഗ്രൂപ്പുകൾക്ക് ഒന്നരക്കോടി രൂപയുടെ ധനസഹായം ഇടുക്കി കുടുംബശ്രീ മിഷൻ മുഖേന വിതരണം ചെയ്തു. ജില്ലയിൽ പ്രളയം ബാധിച്ച 750 വനിതാ സംഘകൃഷി ഗ്രൂപ്പുകൾക്കാണ് 20000/ രൂപ വീതം സഹായം നൽകിയത്.

സംസ്ഥാന പ്ലാനിംഗ് ബ്ലോർഡിന്റെ സഹായത്തോടെ നൽകിയ ഈ തുക സംഘകൃഷി ഗ്രൂപ്പുകൾ വിവിധ കാർഷീക പുനരുജ്ജീവന പ്രവർത്തനങ്ങൾക്കും മറ്റ് കാർഷിക പദ്ധതികൾക്കുമാണ് വിനിയോഗിക്കുന്നത്.

ജില്ലയിലെ ഇടുക്കി, ഇളംദേശം, അടിമാലി, കട്ടപ്പന, അഴുത, നെടുംങ്കണ്ടം, ദേവികുളം എന്നീ ബ്ലോക്കുകളിലാണ് ധനസഹായം നല്കിയത്.


പ്രളയം മൂലം സാമ്പത്തിക നഷ്ടം നേരിടുകയും ഇപ്പോൾ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന വനിതാ സംഘകൃഷി ഗ്രൂപ്പുകൾക്ക് സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഈ സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തും

കേരള പ്രണാമം
സത്യം വദ: ധർമ്മം ചര:

രാഹുകാലം : 01.30 to 03.00 pm
ഗുളികകാലം : 09.00 to 10.30 am
യമകണ്ടകകാലം : 06.00 to 07.30 am
സുഹർ: 12.11 അസർ: 3.31 മഗ്‌രിബ്: 6.00
ഇശാഅ്: 7.13 സുബ്ഹി: 5.09 ഉദയം: 6.22

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച



> സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ടപ്പെടുക എന്നതാണ്.
>
> മഹാത്മാ ഗാന്ധി

## സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങ്

സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന ജനങ്ങൾക്ക് നൽകുന്ന അവകാശമാണ്. തീവണ്ടിയിലായാലും ബസുകളിലായാലും കുറഞ്ഞ ചെലവിൽ അവർക്ക് സഞ്ചരിക്കാൻ യാത്രാ സൗകര്യം ഒരുക്കുക ഒരു ജനകീയ സർക്കാരിന്റെ കടമയാണ്. ഈ അവകാശത്തിനുമേലാണ് ലോക്ക്ഡൗണിന്റെ പേരിൽ സർക്കാരുകൾ വിലക്ക് ഏർപ്പെടുത്തിയത്. ജനങ്ങളെ രോഗത്തിൽ നിന്ന് രക്ഷിക്കാനാണ് ഈ വിലക്ക് ഏർപ്പെടുത്തിയതെങ്കിൽ ഇപ്പോൾ ഇന്ത്യൻ റെയിൽവേ, റെയിൽവേ സ്റ്റേഷനുകളും സർവ്വീസുകളും സ്റ്റോപ്പുകളും വെട്ടിക്കുറയ്ക്കാൻ പോകുകയാണ്.

പ്രതിദിനം 25000 യാത്രക്കാരില്ലാത്ത സ്റ്റേഷനുകൾ വികസിപ്പിക്കില്ല. ടിക്കറ്റ് വിൽപന 50 ശതമാനത്തിൽ കുറഞ്ഞാൽ ആ സ്ഥലത്തെ സ്റ്റോപ്പ് ഒഴിവാക്കും. ലാഭകരമല്ലാത്ത സർവ്വീസുകൾ അവസാനിപ്പിക്കും. ഇത്തരത്തിലുള്ള ജനവിരുദ്ധ പരിഷ്ക്കാരങ്ങൾക്കാണ് റെയിൽവേ കോപ്പ് കൂട്ടുന്നത്.

ഈ പരിഷ്ക്കാരം നടപ്പിലാക്കിയാൽ കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സ്റ്റേഷനുകൾ മാത്രമേ ലാഭകരമാകൂ. പാലക്കാട്, കണ്ണൂർ, കാസർകോഡ്, കൊല്ലം, കോട്ടയം തുടങ്ങി രണ്ടാം നിരയിലുള്ള ഒട്ടനവധി സ്റ്റേഷനുകൾക്ക് ഇത് ഭീഷണിയാണ്. ഓരോ ദിവസവും 25000 യാത്രക്കാർ എത്തിയില്ലെങ്കിൽ ആ സ്റ്റേഷന്റെ ഭാവി തന്നെ അപകടത്തിലാകും. ടിക്കറ്റ് വിൽപന 50 ശതമാനം കുറഞ്ഞാൽ കേരളത്തിലെ നൂറുകണക്കിന് സ്റ്റോപ്പുകൾ ഇല്ലാതാകും. ഇപ്പോൾ തന്നെ പരിമിതമാണ് കേരളത്തിലേക്കുള്ള തീവണ്ടി സർവ്വീസ്. അവയുടെ എണ്ണം കൂടി വെട്ടിച്ചുരുക്കുന്നതോടെ റെയിൽവേ ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം ഏറെ പിന്നിലാകും.

> ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിലെ പൗരൻമാരെ രണ്ടാം തരം പൗരൻമാരായി കാണുന്നത് ഒരു ജനാധിപത്യ സർക്കാരിന് ചേർന്ന നടപടിയല്ല. ദുരന്ത നിവാരണ നിയമത്തിന്റെ മറവിൽ ജനവിരുദ്ധമായ നടപടികളും പരിഷ്ക്കാരങ്ങളും അടിച്ചേൽപ്പിക്കുന്നത് ക്രൂരവും നിന്ദ്യവുമാണ്.

അനേകം പ്രക്ഷോഭങ്ങളിലൂടെയും സമരങ്ങളിലൂടെയുമാണ് ഇന്ന് കാണുന്ന പല റെയിൽവേ സ്റ്റേഷനുകളും സ്റ്റോപ്പുകളും കേരളീയർ നേടിയെടുത്തത്. ജനങ്ങളുടെ മുറവിളിയും യാത്രക്കാരുടെ ബാഹുല്യവും ജനപ്രതിനിധികളുടെ സമ്മർദ്ദവും മൂലമാണ് ഇന്ന് കാണുന്ന വികസനമെങ്കിലും റെയിൽവേ രംഗത്ത് കേരളത്തിന് ലഭിച്ചത്.

കൊറോണ പോലെയുള്ള മഹാരോഗത്തിന്റെ പിടിയിലമർന്ന് ജനങ്ങൾ കഷ്ടപ്പെടുമ്പോഴാണ് ജനവിരുദ്ധമായ നടപടികൾ ഓരോന്നായി കേന്ദ്ര സർക്കാർ പുറത്തെടുക്കുന്നത്. 20000 ലക്ഷം കോടിയുടെ പാക്കേജ് പ്രഖ്യാപിക്കുന്നതിനിടയിലാണ് ബഹിരാകാശവും കൽക്കരി ഖനികളും സ്വകാര്യ മേഖലയ്ക്ക് നൽകാൻ തീരുമാനമെടുത്തത്. രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് ഇന്ത്യൻ റെയിൽവേ. ലക്ഷക്കണക്കിന് തൊഴിലാളികളും കോടിക്കണക്കിന് വരുമാനവുമുള്ള റെയിൽവേ കൂടി ഘട്ടംഘട്ടമായി സ്വകാര്യവൽക്കരിക്കുന്നതിന്റെ ആദ്യപടിയാണ് ഇപ്പോഴത്തെ നീക്കം. തിരുവനന്തപുരം ഉൾപ്പെടെയുള്ള രാജ്യത്തെ വിമാനത്താവളങ്ങൾ പലതും ഇതിനകം തന്നെ വിൽപനക്ക് വച്ചുകഴിഞ്ഞു.


ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയും ശക്തിയും പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനങ്ങളുമാണ്. ഈ പ്രത്യേകത കൊണ്ടാണ് കൊറോണ പോലെയുള്ള മഹാമാരിക്ക് മുന്നിൽ അമേരിക്കയും ചൈനയും ബ്രിട്ടനും എല്ലാം പകച്ചുനിന്നപ്പോൾ പോലും കേരളം ലോകത്തിന് മാതൃകയായി മാറിയത്. അങ്ങനെയുള്ള കേരളത്തെ പലതരത്തിലും ദ്രോഹിക്കുന്ന നടപടികളാണ് മോദി സർക്കാർ ആവർത്തിക്കുന്നത്. ഓഖി ദുരന്ത സമയത്തും ഒന്നാം പ്രളയത്തിലും രണ്ടാം പ്രളയത്തിലും കേരളത്തിന് അർഹതപ്പെട്ട സഹായം പോലും കേന്ദ്രം നൽകിയില്ല. വിദേശങ്ങളിൽ നിന്ന് സഹായം ലഭ്യമാക്കാനുള്ള നടപടികൾക്ക് പോലും മോദി സർക്കാർ ഇടംകോലിട്ടു. കൊറോണയെ സമർത്ഥമായി നേരിട്ട കേരളത്തിന് ആവശ്യപ്പെട്ട സഹായങ്ങൾ ഈ ഘട്ടത്തിലും ലഭിച്ചിട്ടില്ല.

ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിലെ പൗരൻമാരെ രണ്ടാംതരം പൗരൻമാരായി കാണുന്നത് ഒരു ജനാധിപത്യ സർക്കാരിന് ചേർന്ന നടപടിയല്ല. ദുരന്ത നിവാരണ നിയമത്തിന്റെ മറവിൽ ജനവിരുദ്ധമായ നടപടികളും പരിഷ്ക്കാരങ്ങളും അടിച്ചേൽപ്പിക്കുന്നത് ക്രൂരവും നിന്ദ്യവുമാണ്. ലോകത്തെ സർക്കാരുകളെല്ലാം പാവപ്പെട്ടവർക്കും സാധാരണക്കാർക്കും അവരുടെ അക്കൗണ്ടുകളിലേക്ക് തന്നെ സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാരന്റെ പേരു പറഞ്ഞ് അധികാരത്തിൽ വന്ന മോദി സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പോലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പാവപ്പെട്ടവരും തൊഴിലാളികളും കർഷകരുമെല്ലാം വൻ പ്രതിസന്ധിയാണ് നേരിടുന്നത്. ഈ ഘട്ടത്തിൽ വിമാന നിരക്ക് കൂട്ടിയും തീവണ്ടി സർവ്വീസുകൾ റദ്ദാക്കിയും സ്റ്റേഷനുകൾ ഇല്ലാതാക്കിയും പരമാവധി ജനങ്ങളെ ദ്രോഹിക്കുന്ന നിലപാടാണ് സർക്കാർ ആവർത്തിക്കുന്നത്.

പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിലിന്റെ അധ്യക്ഷനായ ബിബേക് ഡെബ്രോയിയുടെ നേതൃത്വത്തിലുള്ള സമിതി അഞ്ചുകൊല്ലം മുൻപ് നൽകിയ പരിഷ്ക്കാരങ്ങളാണ് ഈ പ്രതിസന്ധി കാലത്ത് നടപ്പിലാക്കാൻ പോകുന്നത്. ഇതിനെ ചെറുത്തുതോൽപ്പിക്കാൻ പ്രതിപക്ഷവും ഇതര സംസ്ഥാന സർക്കാരുകളും രംഗത്തിറങ്ങിയില്ലെങ്കിൽ ജനങ്ങളുടെ യാത്ര ചെയ്യാനുള്ള അവകാശം തന്നെ നഷ്ടപ്പെടും.

ജീവിതത്തിൽനിന്ന് ചീന്തിയെടുത്ത ഏടുകൾ

# ക്രൂരതയുടെ മനുഷ്യാവതാരങ്ങൾ



**രാധാമണി പരമേശ്വരൻ**



കേരളത്തെ നടുങ്ങിയ ഉത്രകൊലപാതകത്തിന്റെ ചുരുളഴിയാൻ നിയമപാലകർ നടത്തുന്ന പോരാട്ടം സമൂഹമാധ്യമങ്ങളിൽ നിറയുന്നു. മരണം സർപ്പദോഷമെന്ന് രണ്ടുതവണ വിധിയെഴുതി വെള്ള പുതപ്പിച്ച് അവളെ അഗ്നിക്ക് സമർപ്പിക്കുമ്പോൾ മനുഷ്യമനസാക്ഷിയിൽ ഉയർന്ന ചില സംശയങ്ങൾ മാത്രമാണ് സത്യം പുറത്തു കൊണ്ടുവന്നത്. സമ്പത്തിനോടുള്ള ആർത്തികൊണ്ടുണ്ടായ ഒരു കൊലപാതകമാണ് ഉത്രയുടെതെന്ന് തെളിഞ്ഞുകൊണ്ടിരിക്കുന്നു. ഇതോർക്കുമ്പോൾ ഇതിനുസമാനമായ മറ്റൊരു പൈശാചികമായ കൊലയുടെ കാര്യം ഓർമ്മവരുന്നു. ഏതാണ്ട് ഒരു പതിറ്റാണ്ട് മുൻപ് നടന്ന ആ കൊലയുടെ സംഭവകഥയാണ് ഇവിടെ വിവരിക്കുന്നത്.

ഒരു കുടുംബത്തിൽ അച്ഛനും അമ്മയും രണ്ടു പെൺമക്കളും. ഒപ്പം അവിവാഹിതയായ അമ്മയുടെ ചേച്ചിയും. ഒരു വലിയ നാലുകെട്ട്. ഒരേക്കർ പുരയിടവും കുറച്ചു നിലവുമൊക്കെയായി സുഭിക്ഷമായി താമസിക്കുമ്പോഴാണ് അനുജത്തിയുടെ വിവാഹം. ചേച്ചി വിവാഹജീവിതമുപേക്ഷിച്ച്, ഭക്തിമാർഗ്ഗത്തിലൂടെ ജീവിക്കാനാണ് ഇഷ്ടപ്പെട്ടത്. അവരുടെ അച്ഛൻ മരിച്ച് രണ്ടുവർഷം കഴിഞ്ഞാണ് അമ്മയുടെ വേർപാട്.

ചേച്ചി സുനിതയും അനുജത്തി സുമിത്രയും. സുനിതയുടെ ജീവിതം ഭക്തിമാർഗ്ഗം ആയതിനാൽ അമ്മയുടെ മരണത്തിനു മുൻപ തന്നെ സ്വത്തുക്കൾ രണ്ടായി വീതം വെച്ചിരുന്നു. വീട് മൂത്തവൾ സുനിതയ്ക്കാണ് എഴുതിയിരുന്നത്. സുമിത്രയുടെ വിവാഹം കഴിഞ്ഞപ്പോൾ അവരുടെ ഭർത്താവും ഈ വീട്ടിൽ തന്നെ കൂടി. സുനിതയ്ക്ക് ജന്മനാ ചെറിയ അംഗവൈകല്യം ഉണ്ടായതുകൊണ്ടും വിവാഹ ജീവിതം ഇഷ്ടപ്പെടാതിരിക്കാൻ കാരണമായി. അനുജത്തിയും ഭർത്താവും അവർക്കുണ്ടായ മക്കളും ഒരുവിധം സമാധാനത്തോടെ ജീവിച്ചുവരികെ, കൊച്ചുകൊച്ചു പ്രശ്നങ്ങൾ ഇടയ്ക്കിടെ ഉണ്ടായി. തനിക്ക് അമ്മവഴി എഴുതിക്കിട്ടിയ വീട് ഒരു അനാഥാലയമാക്കണമെന്നുള്ള പ്രാർത്ഥന ഉള്ളിൽ മുളപൊട്ടിയ കാലം. ഉടനെ വേണമെന്നവർ ശഠിച്ചില്ല. തന്റെ വാർദ്ധക്യം അശരണരായ അമ്മമാർക്കും തുണയാകണമെന്നും ശിഷ്ടജീവിതം അവരോടൊപ്പം കഴിച്ചുകൂട്ടണമെന്നും സുനിത ആഗ്രഹിച്ചിരുന്നു.

കാലം ഏറെ കഴിഞ്ഞുപോയി. സുനിത ഭക്തരുടെ ഇടയിൽ അമ്മയായി അറിയപ്പെട്ടു. തന്റെ ആഗ്രഹം സഹോദരി സുമിത്രയോട് ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. ഒന്നിച്ചു കിടക്കുന്ന പുരയിടത്തിന്റെ തെക്കുഭാഗം പകുതി അനുജത്തിക്കാണ് ആധാരത്തിൽ കാണിച്ചിരുന്നത്. സുമിത്രക്ക് രണ്ടു മക്കൾ പിറന്നു. മൂത്തത് പെൺകുട്ടി. ഇളയത് മകനും. അവരുടെ വയസ്സ് തമ്മിൽ ഏതാണ്ട് ഒൻപതു വർഷം അന്തരമുണ്ടായിരുന്നു. ഈ മക്കളുടെ അച്ഛൻ കേശവൻപിള്ളക്ക് സ്വന്തമായി പണമിടപാട് കമ്പനിയാണ്. പ്രാർത്ഥനയും പൂജയുമായി കഴിയുന്ന കുട്ടികളുടെ വല്ല്യമ്മ, സുനിതാമ്മയെയും തുടക്കകാലത്ത് സ്വന്തമാക്കാനുള്ള മോഹവുമായിട്ടാണ് കേശപിള്ള നടന്നിരുന്നത്. അതെല്ലാം ആരും പറയാത്ത, അധികമാരും അറിയാത്ത കഥ. അതിനെ മുളയിലെ നുള്ളാനുള്ള പ്രാപ്തി ഭാര്യയായ സുമിത്രയ്ക്കുണ്ടായിരുന്നതുകൊണ്ട് അത്തരം കുതന്ത്രങ്ങൾ വിജയിച്ചില്ല.

സ്ഥിരമായി ക്ഷേത്രദർശനം നടത്താറുള്ള സുനിതാമ്മയെ രണ്ടാഴ്ചയിലേറെയായി പുറത്ത് കാണാതായതുകൊണ്ടാകാം അടുത്തുള്ള വീട്ടിലെ രണ്ട് അമ്മമാർ ആ നാലുകെട്ടിലേക്ക് കയറി ച്ചെന്നു. അപ്പോഴാണ് അവരുടെ ദയനീയ സ്ഥിതി നേരിട്ട് കാണുന്നത്. സുഖമില്ലാത്ത അവർക്ക് യാതൊരു പരിചരണവും കിട്ടാതെ ആഹാരമില്ലാതെ ഒരുമുറിയിൽ തളർന്നുറങ്ങുന്നു. അവരെ കണ്ടപ്പോൾ സുമിത്ര അല്പം അന്ധാളിച്ചു. ''ചേച്ചിക്ക് ഒരു തരം പകർച്ചപ്പനിയാണ്. നേരിട്ട് ഉണർത്താൻ നിൽക്കേണ്ട'' അവരുടെ വാക്കുകളിൽ എന്തൊക്കെയോ ഒളിപ്പിക്കുംപോലെ തോന്നിയെങ്കിലും അധികനേരം അവിടെ നില്ക്കാതെ അവർ രണ്ടാളും മടങ്ങി.

പിറ്റേന്ന് കാലത്ത് പുറംലോകം അറിയുന്നത് വല്യവീട്ടിലെ സുനിതാമ്മ കിണറ്റിൽ ചാടി ആത്മഹത്യ ചെയ്തെന്നാണ്. നാട്ടുകാർക്ക് അവശ്വസനീയമായ മരണമായിരുന്നു അത്. തികഞ്ഞ ഈശ്വരവിശ്വാസിയായ ആ അമ്മ അങ്ങനെ ചെയ്യില്ലെന്നത് ജനങ്ങൾക്കിടയിൽ ആ മരണത്തിൽ സംശയം ജനിപ്പിച്ചു. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പീഡനത്തിനിരയായിട്ടുണ്ടെന്നും, മുങ്ങിമരണമല്ലെന്നതും രേഖപ്പെടുത്തിയിരുന്നു. ശരീരത്തിലുണ്ടായിരുന്ന നഖക്ഷതങ്ങൾ കണ്ടിട്ട് പോലീസുകാർ വീട്ടുകാരെ കൂടുതൽ ചോദ്യം ചെയ്തു. കേശപിള്ള തലേന്നു രാത്രിയിൽ ബാറിന്റെ ഇരുണ്ട വെളിച്ചത്തിൽ ഇരുന്നു മദ്യപിക്കുന്നതു കണ്ട അയൽക്കാർ ചില പ്രത്യേകതരം സൂചനകൾ പുറത്തുവിട്ടു. ''സുനിതാമ്മ ഒരു പാവം ദൈവഭക്തയായിരുന്നതായും എന്നാൽ സ്വന്തം ചേച്ചിയടക്കം അവരുടെ മക്കളും ഭർത്താവും അവരെ വാക്കിലും പ്രവൃത്തിയിലും ഉപദ്രവിക്കാറുണ്ടായിരുന്നെന്നതും വാസ്തവം. സുമിത്രയുടെ മൂത്തമകൾ താര പത്താം തരത്തിൽ പഠിക്കുമ്പോഴെ ഒരു പയ്യനോടൊപ്പം ഒളിച്ചോടിയതാണെന്നും ഒരാഴ്ചക്ക് ശേഷം മടക്കിക്കൊണ്ടു വന്നതാണെന്നും പരിസരവാസികളുടെ ചില സംഭാഷണങ്ങളിൽ പോലീസുകാർക്ക് ബോദ്ധ്യമായി. നാട്ടുകാരുടെ വിമർശനങ്ങൾ ഈ വീട്ടുകാർക്കെതിരെയായിരുന്നു. കുടുംബവീട് സുനിതാമ്മക്ക് എഴുതി വെച്ചതാണ് അവരുടെ ജീവൻ എടുക്കാൻ കാരണമായതെന്നാണ് ജനങ്ങളുടെ കടുത്ത ഭാഷ. കേശവപിള്ളയിലായിരുന്നു എല്ലാവർക്കും സംശയം. അവരെ കീഴ്പ്പെടുത്താനുള്ള ശ്രമത്തിനിടയിൽ മരിച്ചതാകാം, ശേഷം കിണറ്റിൽ എറിഞ്ഞതാകാം അങ്ങനെ സംശയങ്ങൾ പലതരത്തിൽ പ്രചരിച്ചു.

പോലീസിന്റെ ദീർഘമായ ചോദ്യം ചെയ്യലിൽ കേശവപിള്ള കുറ്റം സമ്മതിച്ചു. അവർ പീഡിപ്പിക്കപ്പെട്ട് ശ്വാസംമുട്ടി മരിച്ചശേഷം കിണറ്റിൽ എറിഞ്ഞതാണെന്ന് യാതൊരു കുറ്റബോധവും കൂടാതെ അയാൾ സമ്മതിച്ചു. ഒരുപക്ഷേ പീഡനം നടക്കാതെ ജീവനോടെ കിണറ്റിൽ തള്ളിയിരുന്നെങ്കിൽ സുനിതാമ്മയുടെ മരണം ആത്മഹത്യയിലൊതുങ്ങുമായിരുന്നു. അങ്ങനെ എൺപതുദിവസത്തെ റിമാന്റുകാലം കഴിഞ്ഞ്, ദിവസം ഭാര്യ സുമിത്ര ഭർത്താവിനെ നാട്ടിലെ നല്ലൊരു വക്കീലിന്റെ സഹായത്തോടെ ജാമ്യത്തിലിറക്കി. ഏതാണ്ട് മൂന്നു വർഷത്തിനു ശേഷമാണ് കേസ്



കോടതിയുടെ വിചാരണക്ക് എത്തുന്നത്. വിചാരണവേളകളിൽ കുറ്റം നിഷേധിച്ചുവെങ്കിലും തെളിവുകൾ പൂർണ്ണമായും അയാൾക്കെതിരായിരുന്നു.

ജാമ്യത്തിലിറങ്ങിയശേഷം കേശവപിള്ളയിൽ ഉണ്ടായ മാറ്റങ്ങൾ കുറച്ചധികം മോശമായിരുന്നു. അയാൾക്ക് മകളോടുള്ള സ്നേഹപ്രകടനങ്ങൾ അതിര് കവിയുന്നത് കണ്ടിട്ടും കാണാതെയുള്ള സുമിത്രയുടെ മൗനം ആരേയും ചിന്തിപ്പിക്കും. വനിതാ പോലീസിന്റെ ചോദ്യം ചെയ്യലിൽ മകൾ താരക്ക് എല്ലാം വിട്ടുപറയേണ്ടിവന്നു. അച്ഛന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായങ്ങളെ സാധൂകരിക്കാനുള്ള ശ്രമം, വേണമെങ്കിൽ അതും ഒരു പീഡനത്തിന് കേസ്സാക്കാമെങ്കിലും വനിതാ പോലീസ് അതിനു മുതിർന്നില്ല. മകൾ പ്രായപൂർത്തിയാകാത്ത കുട്ടിയാണെന്ന കാര്യംപോലും കേശപിള്ള ചിലരാത്രികളിൽ മറന്നുപോകാറുണ്ട്. എല്ലാം അറിഞ്ഞിട്ടും അറിയാതെ പോകേണ്ടിവരുന്ന രംഗങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. മറ്റുള്ളവർ അറിഞ്ഞതിലുള്ള ലേശം ചമ്മൽ മാത്രമായിരുന്നു താരക്ക്. അക്കാര്യങ്ങളിൽ യാതൊരു പരാതിയോ പരിഭവമോ പെൺകുട്ടി പുറത്തു പറഞ്ഞിട്ടുമില്ല. അതിലെല്ലാം ഒരു പരിധിവരെ സുമിത്രയെന്ന പെറ്റമ്മയ്ക്കും പങ്കുണ്ടെന്നാണ് ചോദ്യം ചെയ്തപ്പോൾ വനിതാ പോലീസുകാർക്ക് വായിച്ചെടുക്കാൻ കഴിഞ്ഞത്.

പക്ഷേ, കേശവപിള്ളയുടെ വിചാരണ നടക്കുമ്പോൾ മുന്തിയ പണം കൊടുത്ത് കേസ് വാദിക്കുന്ന വക്കീലിന് അയാളെ രക്ഷിക്കാൻ കഴിയുമെന്ന് അമ്മയും മകളും വിശ്വസിച്ചു. ആ സാധു സ്ത്രീയുടെ കൊലക്കുശേഷം സ്വത്തുക്കൾ മറ്റാർക്കും കൊടുക്കാതെ മുഴുവനായും സുമിത്രയ്ക്കും മക്കൾക്കും വന്നുചേരണമെന്ന ഒരേയൊരു ഉദ്ദേശ്യമായിരുന്നു ആ കൊലപാതകത്തിന്റെ പിന്നിലെന്ന് എഫ്.ഐ.ആറിൽ വ്യക്തമാക്കിയിരുന്നു.

സമൂഹത്തിൽ മാന്യനായിരുന്ന കേശവപിള്ളയുടെ പൊയ്മുഖം നാട്ടുകാരെപ്പോലെ തന്നെ ഭാര്യയും മകളും മനസ്സിലാക്കിയിരുന്നു. അവർ ജനത്തിനോട് മറ്റൊന്നാണ് പറഞ്ഞുപരത്തിയത്. 'ചേച്ചി കുറച്ചധിക ദിവസമായി സുഖമില്ലാതെ കിടപ്പിലായിരുന്നു. ഹോസ്പിറ്റലിൽ കൊണ്ടുപോകാൻ ഞങ്ങൾ ശ്രമിച്ചെങ്കിലും വരാൻ താല്പര്യം കാണിച്ചില്ല. എന്തോ കാര്യമായ മാനസിക പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി തോന്നി. വല്ല നിരാശയും ഉണ്ടായിട്ടാകാം ജീവൻ സ്വയം വെടിഞ്ഞത്'.

സുനിതാമ്മക്ക് ആകെയുണ്ടായിരുന്ന സഹോദരിയുടെ തണലിൽ ജീവിക്കുമ്പോഴും അന്യതാബോധം അവരെ ഏറെ അലട്ടിയിരുന്നു. അനുജത്തി, ഭർത്താവ്, മകൾ മൂന്നാളും ചേർന്ന് നടത്തുന്ന മുന്നൊരുക്കങ്ങൾ ദീർഘദൃഷ്ടിയിൽ കണ്ടതുകൊണ്ടാകാം സുനിതാമ്മ അങ്ങനെയൊരു വിൽപ്പത്രം തയ്യാറാക്കി ക്ഷേത്രത്തിലെ കാര്യസ്ഥനെ ഏല്പിച്ചിരുന്നത്. താൻ ജിവിച്ചിരിക്കുമ്പോൾ അവർ വീട് വിട്ടുതരില്ലെന്നതു സുമിത്രയുടെ പല സംഭാഷണങ്ങളിലും വ്യക്തമായിരുന്നു. കോടതിയും കേസുമായി പോകാനുള്ള പ്രാപ്തി തനിക്കില്ലെന്ന തിരിച്ചറിവിലാണ് അങ്ങനെയൊരു വിൽപ്പത്രം തയ്യാറാക്കാൻ തീരുമാനിച്ചത്. തനിച്ച് ആഹാരം വെച്ച് കഴിക്കേണ്ട സാഹചര്യം വന്നപ്പോൾ ഭക്ഷണക്രമത്തിലും മാറ്റങ്ങൾ ഉണ്ടായി. ആ വൈമനസ്യം ഏറെ അലട്ടിയിരുന്ന സുനിതാമ്മ അമ്പലത്തിലെ ഒരുനേരത്തെ നിവേദ്യച്ചോറുണ്ട് കാലം കഴിക്കാൻ ഇഷ്ടപ്പെട്ടിരുന്നു. എത്രതന്നെയായാലും കൊലപ്പെടുത്തുമെന്ന് ഒരിക്കലും അവർ ചിന്തിച്ചിട്ടുണ്ടാകില്ല. ചാരിത്ര്യശുദ്ധിക്ക് ഭംഗം വരാതെ ഭൂമി വിട്ടുപോകാനുള്ള അവരുടെ പ്രാർത്ഥനയും ഫലിച്ചില്ല.

കേശവപിള്ളയുടെ ക്രൂരതയുടെ മുഖം വെളുപ്പിക്കാൻ കോടതിയിൽ വാദം നടക്കുമ്പോൾ അമ്പലകാര്യസ്ഥനും കൂട്ടാളികളും സുനിതാമ്മയുടെ ആത്മാവിന്റെ അന്ത്യഭിലാഷത്തിനായി വല്യവീട്ടിൽ എത്തി. സുനിതാമ്മയുടെ ഇഷ്ടംപോലെ വീടുവിട്ടുകിട്ടാൻ ആവശ്യപ്പെട്ടു. സുമിത്രയുടെ ഇളയ മകൻ വിഷ്ണുവിന് തന്റെ ഓഹരിയിൽ നിന്നും വീടൊഴികെയുള്ള വസ്തുവിൽ പത്തുസെന്റ് കൊടുക്കണമെന്നും വിൽപത്രത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. ആ കുഞ്ഞു മാത്രമായിരുന്നു സ്വന്തം വീട്ടിൽ അല്പം ആശ്വാസവും സ്നേഹവും നൽകിയിരുന്നതെന്ന് സുനിതാമ്മക്ക് തിരിച്ചറിവുണ്ടായി. എന്നെങ്കിലും ഒരിക്കൽ അവൻ ചെയ്യേണ്ടിയിരുന്ന ഒരു സദ്കർമ്മവും ഓർമ്മയിൽ സൂക്ഷിച്ചുവെച്ചു. തന്റെ ചിതക്ക് കൊള്ളിവെക്കാൻ സ്വന്തം മകനായി കണ്ടിരുന്നത് വിഷ്ണു മാത്രമാണ്.

കൊലക്കേസിന്റെ വിധി തനിക്ക് അപകടമാകുമെന്ന ഭയം കേശവപിള്ളയെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു. ഭാര്യയും മകളും കൊടുത്ത ആത്മധൈര്യം മാത്രമായിരുന്നു കേസിന്റെ അവസാന നാളുകൾ കേശപിള്ളയെ ജീവിക്കാൻ പ്രേരിപ്പിച്ചത്. എന്നിട്ടും പിടിച്ചുനില്ക്കാനാകാതെ ഒരുമുഴം കയറിൽ തൂങ്ങി ആത്മഹത്യക്ക് ഒരുങ്ങും മുൻപ് സ്വന്തം മരണക്കുറിപ്പിൽ ഇങ്ങനെ എഴുതി ''ഞാൻ തന്നെയാണ് സുനിതാമ്മയെ പീഡിപ്പിച്ച്, കിണറ്റിലെറിഞ്ഞു കൊലപ്പെടുത്തിയത്. ആ ശുദ്ധാത്മാവ് ഒരിക്കലും എന്നോട് പൊറുക്കില്ല. കുറ്റബോധം എന്നെ വിഴുങ്ങുന്നു. എന്നാൽ മറ്റാരുടെയും പ്രേരണയോ, സഹായമോ അതിനുണ്ടായിട്ടില്ല. എന്റെ ഭാര്യ സുമിത്രയും മകളും നിരപരാധികളാണ്. അവരുടെ മേൽ ചുമത്തിയിരിക്കുന്ന പ്രേരണാക്കുറ്റം ബഹുമാനപ്പെട്ട കോടതി ദയവായി ഒഴിവാക്കണം. എന്റെ ഭാര്യ സുമിത്രയെ, എന്റെ മക്കളെ സംരക്ഷിച്ചു ജീവിക്കാൻ അനുവദിക്കണം. ജയിൽവാസം ഭയന്നല്ല മരണത്തിനു മുൻപിൽ കീഴടങ്ങുന്നത്. എന്നെ വെറുതെ വിട്ടാലും ജീവിക്കാനാകുന്നില്ല. സുനിതാമ്മയുടെ ആത്മാവ് എന്നെ വേട്ടയാടി കൊലപ്പെടുത്തുന്നു. ആ കടുത്ത വേദനയിൽ ഞാൻ എന്റെ ജീവിതം അവസാനിപ്പിക്കുന്നു. എന്റെ മരണത്തിൽ മറ്റൊരാൾക്കും പങ്കില്ല''.

പോസ്റ്റുമോർട്ടം കഴിഞ്ഞ് കേശപിള്ളയുടെ ശവശരീരം കൊണ്ടുവരുമ്പോഴേക്കും നാട്ടുകാർ ചേർന്ന് സുമിത്രക്ക് അവകാശപ്പെട്ട സ്ഥലത്ത് ഒരു കൊട്ടിൽ ഒരുക്കി. കേശവപിള്ള തൂങ്ങിമരിച്ചതും ആ പറമ്പിലെ പ്ലാവിൽ തന്നെയായിരുന്നു. ആ മണ്ണിന് തന്നെ ആ ശരീരവും ചാമ്പലാക്കി നൽകാൻ കഴിഞ്ഞതിന്റെ സംതൃപ്തിയിലാണ് നാട്ടുകാർ. ഏതാണ്ട് 16 ദിവസം കഴിഞ്ഞപ്പോൾ പുതിയ തീരുമാനങ്ങളുമായി അഭയകേന്ദ്രത്തിന് കെട്ടിടം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് അതിനുവേണ്ടി രൂപംകൊണ്ട കമ്മിറ്റിക്കാർ സുമിത്രയെ കാണാൻ എത്തി. സുനിതാമ്മയുടെ വിൽപ്പത്രപ്രകാരം വിഷ്ണുവിന്റെ പേരിൽ എഴുതി മാറ്റിയ പത്തുസെന്റിൽ സുമിത്രയും മക്കളും ഒരു വർഷത്തിനകം വീട് വെച്ചുമാറണമെന്നും സുനിതാമ്മയുടെ സ്മാരകമായി വല്യവീട്ടിൽ ആതുരാലയം ഉയരണമെന്നും കമ്മറ്റിക്കാർ തീർപ്പാക്കിയതായി അറിയിച്ചു.

കുശാഗ്രബുദ്ധിയും കൊലപാതകവും കൊണ്ട് അർഹതയില്ലാത്ത സ്വത്തുക്കൾ അപഹരിച്ചാലും അനുഭവയോഗ്യമാകില്ലെന്നത് കാലം തെളിയിക്കും. സ്വന്തം വിയർപ്പൊഴുക്കി നേടുന്ന സ്വത്തുക്കളും സമ്പാദ്യങ്ങളും അന്യാധീനപ്പെട്ടുപോകില്ലന്ന വിശ്വാസം കൈമുതലായുണ്ടെങ്കിൽ ജീവിക്കാനുള്ള പ്രേരകശക്തി മനുഷ്യർക്ക് കൂട്ടായി എപ്പോഴും കൂടെയുണ്ടാകും. എല്ലാ സൗഭാഗ്യങ്ങളുമുണ്ടായിട്ടും ഇതുപോലുള്ള എത്രയെത്ര കേശവപിള്ളമാർ സമൂഹത്തിൽ നീറി ജീവിക്കുന്നുണ്ടാകും.

സമൂഹത്തിൽ നാമറിഞ്ഞുകൊണ്ടിരിക്കുന്ന ക്രൂരസംഭവങ്ങളെല്ലാം മനുഷ്യന്റെ ദുരയും ആർത്തിയും കാരണമാണെന്ന് മനസ്സിലാക്കാം. ഉത്രവധക്കേസുൾപ്പെടെയുള്ള സംഭവങ്ങൾ വിരൽ ചൂണ്ടുന്നത് സമൂഹത്തിന്റെ ആരോഗ്യപരമായ അവസ്ഥയല്ല. മറിച്ച് കൊലപാതകങ്ങൾക്കുതന്നെ പുതിയ രീതി ചമച്ചുകൊണ്ടിരിക്കുന്ന ആധുനിക യുവത്വത്തിന്റെ ക്രൂരതയാണത്. മനുഷ്യമനസ്സ് എന്നെന്നും പിടികിട്ടാത്ത ഒന്നാണ്. നീചത്വത്തിന്റെയും സ്വാർത്ഥതയുടെയും കെട്ടനാളുകളിലേക്കാണ് മനുഷ്യമനസ്സ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. മഹാപ്രളയങ്ങൾക്കും മഹാമാരികൾക്കും മനുഷ്യനെ അധികമൊന്നും മാറ്റിത്തീർക്കാനാവുന്നില്ല. ഇവിടെ ആരാധനയ്ക്കും പ്രാർത്ഥനക്കും യാതൊരു കുറവുമില്ല. പക്ഷേ, ശാന്തി, സമാധാനം അകന്നുപോയ്ക്കൊണ്ടിരിക്കുന്നു. അത്യാർത്തിയും അസൂയയും കൊണ്ട് എന്തു നേടുന്നു? ഒന്നും കൊണ്ടുപോകാനാവാത്ത മനുഷ്യർക്ക് സ്നേഹത്തിന്റെ അല്പനേരങ്ങളെങ്കിലും സമ്മാനിച്ചിട്ട് കടന്നുപോകാൻ ഇനി എന്താണ് വഴി?

## അവളെ കൊന്നതാണ്, ആ അദ്ധ്യാപകർക്ക് മനുഷ്യത്വമില്ലാതെ പോയി: എം.എ നിഷാദ്

കോപ്പിയടിച്ചെന്ന ആരോപണത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത അഞ്ജു പി. ഷാജിയുടെ മരണത്തിൽ അധ്യാപകർക്കെതിരെ രൂക്ഷ വിമർശനവുമായി സംവിധായകൻ എം.എ നിഷാദ്. ഹോളി ക്രോസ് കോളജിലെ അധ്യാപകർക്ക് മനുഷ്യത്വമില്ലാതെ പോയെന്ന് സംവിധായകൻ ഫെയ്സ്ബുക്കിൽ പങ്കുവച്ച കുറിപ്പിൽ പറയുന്നു. വയനാട്ടിലെ കുട്ടിക്ക് പാമ്പു കടിയേറ്റ സംഭവത്തിലും, ഐഐടിയിൽ ഫാത്തിമ ആത്മഹത്യ ചെയ്ത സംഭവത്തിലും അധ്യാപകർക്ക് നേരെയാണ് വിരലുകൾ ചൂണ്ടപ്പെട്ടതെന്ന് എം.എം നിഷാദ് ഓർമ്മപ്പെടുത്തുന്നു

എം.എ നിഷാദിന്റെ കുറിപ്പ്:

ഹൃദയഭേദകം ഈ ചിത്രം. അഞ്ജു പി ഷാജി, അവൾ പോയി. അപമാന ഭാരത്താൽ അവൾ ആത്മഹത്യ ചെയ്തു.

അല്ല.അവളെ കൊന്നതാണ്.അറിവ് പകർന്ന് നൽകുന്നവർ.അധ്യാപകർ എന്ന് വിളിക്കാം.അവരിൽ ചിലരാണ്, ആ കുട്ടിയുടെ മരണത്തിനുത്തരവാദി. എന്റെ ഹൃദയം, തേങ്ങുകയാണ്, അവളുടെ അച്ഛന്റെ, നിസ്സഹായാവസ്ഥ കണ്ടിട്ട്.അയാൾ എങ്ങനെ സഹിക്കും.





അഞ്ജുവിന്റെയച്ഛൻ പൊട്ടികരയുന്ന ദൃശ്യം ടിവി യിൽ കണ്ടപ്പോൾ, വല്ലാത്തൊരസ്വസ്ഥത..അതെന്നെ വേട്ടയാടി കൊണ്ടിരിക്കുന്നു.

മീനച്ചിലാറിന്റെ ഓളങ്ങൾ തേങ്ങുന്നുണ്ടാകും, നിശബ്ദമായി.

മാതാപിതാ ഗുരു ദൈവം.എന്നാണല്ലോ ചൊല്ല്.

പക്ഷെ വർത്തമാനകാലത്തെ, പല ഗുരുക്കന്മാരും, അഹങ്കാരത്തിന്റെയും, ക്രൂരതയുടേയും ആൾ രൂപങ്ങളായി മാറിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു സത്യമാണ്.

ചേർപ്പുങ്കൽ ബിവിഎം ഹോളി ക്രോസ്സ് കോളജിലെ പ്രിൻസിപ്പാളും, ചില അധ്യാപകരും, മുകളിൽ പറഞ്ഞ ഗണത്തിൽ പെടുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.അഞ്ജുവിന്റെ പിതാവ് ഷാജിയുടെ ആവശ്യം ന്യായമാണ്..പ്രിൻസിപ്പാളിനെയും, ആ കുട്ടിയുടെ മരണത്തിന് പ്രേരകനായ അധ്യാപകനെയും അറസ്റ്റ് ചെയ്യണം.

വയനാട്ടിൽ പാമ്പ് കടിയേറ്റ് ഒരു കൊച്ച് കുട്ടി മരിച്ച സംഭവത്തിലും, കാരണക്കാരൻ ഒരധ്യാപകനായിരുന്നു..

ചെന്നൈ ഐഐടിയിൽ ആത്മഹത്യ ചെയ്ത ഫാത്തിമയുടെ മരണത്തിലും, സംശയത്തിന്റെ വിരലുകൾ ചൂണ്ടപ്പെട്ടത് അവിടുത്തെ പ്രൊഫസ്സറുടെ നേരെയാണ്.

എല്ലാ അധ്യാപകരും ഇത്തരക്കാരല്ല..പക്ഷെ, ഇങ്ങനെയുള്ള നരാധമന്മാർ അധ്യാപക സമൂഹത്തിൽ കൂടി വരുന്നു എന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയില്ല.

## ഓഫീസുകൾക്ക് മുന്നിൽ നിൽപ്പ് സമരം ഇന്ന്

**പറവൂർ:** അച്ചടി വ്യവസായത്തെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരള പ്രിന്റേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഇന്ന് സർക്കാർ ഓഫീസുകൾക്ക് മുന്നിൽ നിൽപ്പ് സമരം നടത്തും. പറവൂരിൽ മിനി സിവിൽ സ്റ്റേഷൻ, നഗരസഭാ ഓഫീസ്, വടക്കേക്കര വരാപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ എന്നിവക്ക് മുന്നിൽ നടത്തുന്ന നിൽപ്പ് സമരം വിവിധ നേതാക്കൾ ഉദ്ഘാടനം ചെയ്യുമെന്ന് പ്രസിഡൻറ് പി. കെ.സുരേന്ദ്രൻ, സെക്രട്ടറി പി. ജി.ഓമനക്കുട്ടൻ എന്നിവർ അറിയിച്ചു

## കായിക ഉപകരണങ്ങൾ വിതരണം ചെയ്തു

**പറവൂർ:** പറവൂർ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽപ്പെടുത്തി വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക ഉപകരണങ്ങൾ വിതരണം ചെയ്തു. പ്രസിഡൻറ് യേശുദാസ് പറപ്പിള്ളി വിതരണോദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡൻറ് രമശിവശങ്കരൻ അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ, ജി ഇ ഒ,വനിതാ ക്ഷേമ ഓഫീസർ എന്നിവർ പങ്കെടുത്തു

## ഭൂമിക്ക് തണലായി ഒരു മരം

**ചിറ്റാറ്റുകര:** കേരള വനം വകുപ്പ്, ചിറ്റാറ്റുകര പഞ്ചായത്ത്, കാരുണ്യ സർവ്വീസ് സൊസൈറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഭൂമിക്ക് തണലായി ഒരു മരം പരിപാടിക്ക് തുടക്കമായി. പഞ്ചായത്ത് പരിധിയിൽ ആയിരം ഫല വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയാണ് ലക്ഷ്യം. റസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, വിവിധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുക. കാരുണ്യ സർവീസ് സൊസൈറ്റി ഡയറക്ടർ ആന്റണി കോണത്തിന് വൃക്ഷത്തൈ നൽകി പഞ്ചായത്ത് പ്രസിഡന്റ് എ.ഐ. നിഷാദ് ഉദ്ഘാടനം ചെയ്തു. സുബ്രഹ്മണ്യൻ ഒറവൻതുരുത്ത്, ജനപ്രതിനിധികൾ, കൃഷി ഓഫീസർ, സൊസൈറ്റി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു

# നിറ്റാ ജലാറ്റിൻ കമ്പനിയുടെ വിഷ മാലിന്യജല പൈപ്പ് പദ്ധതിയെ ചെറുക്കും: ജനകീയ പ്രതിരോധ സമിതി

പി.സി.ബോസ്

**പറവൂർ:** കാതിക്കുടം നിറ്റാ ജലാറ്റിൻ കമ്പനി പുറംതള്ളുന്ന ആസിഡ് കലർന്ന വിഷ മലിനജലം പുഴക്കടിയിലൂടെ പൈപ്പുകൾ സ്ഥാപിച്ച് പുത്തൻവേലിക്കര പഞ്ചായത്തിലെ കണക്കൻകടവ് പാലത്തിന് താഴെ തുറന്നുവിടാനുള്ള പദ്ധതി എന്ത് വില കൊടുത്തും ചെറുത്തു തോൽപ്പിക്കുമെന്ന് ജനകീയ പ്രതിരോധ സമിതി. പുഴ മലിനമാകുന്നതോടെ കുടിവെള്ളത്തെയും കൃഷിയെയും മത്സ്യസമ്പത്തിനെയും നാട്ടുകാരുടെ സമ്പൈര്യ ജീവിതത്തെയും സാരമായി ബാധിക്കുന്ന പ്രശ്നത്തിൽ സംസ്ഥാന വ്യവസായ വകുപ്പ് കമ്പനിക്ക് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്ന് സമിതി നേതാക്കൾ കുറ്റപ്പെടുത്തി

കാതിക്കുടത്ത് പ്രവർത്തിക്കുന്ന കമ്പനിയിൽ നിന്നും പുറംതള്ളുന്ന വിഷ മാലിന്യ ജലം അന്നമനട പുഴയിൽ ഒഴുക്കുന്നതിനെതിരെ കാതിക്കുടം ആക്ഷൻ കൗൺസിൽ പതിറ്റാണ്ടുകളായി പ്രക്ഷോഭത്തിലാണ് .വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ കമ്പനിക്കെതിരെ റിപ്പോർട്ട് സമർപ്പിച്ചു. ഈ സാഹചര്യത്തിൽ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് ഡോ.എം.സി.ദത്തന്റെ നിർദ്ദേശമനുസരിച്ച് കടലിലേക്ക് പൈപ്പുകൾ സ്ഥാപിച്ച് വിഷജലം തുറന്നുവിടാൻ തീരുമാനിച്ചു. ഇതിന് നൂറ് കോടിയോളം രൂപ ചെലവുവരുമെന്നതിനാൽ ഈ പദ്ധതി കമ്പനി ഏറ്റെടുത്തില്ല

തുടർന്നാണ് ചാലക്കുടി പുഴയിൽ പുത്തൻവേലിക്കരയിൽ ഉപ്പുവെള്ളം കയറുന്ന ഭാഗത്ത് വിഷജലം ഒഴുക്കുവാനുള്ള പദ്ധതിയുമായി കമ്പനി സർക്കാരിനെ സമീപിച്ചത്. പെരിയാറിലൂടെ വിഷജലം ഒഴുക്കി കടലിൽ എത്തിക്കാനാണ് നീക്കം. ഇതോടെ പെരിയാറും കൈവഴികളും വിഷമയമാകും. സർക്കാരിൽ സമ്മർദം ചെലുത്തി പഞ്ചായത്തുകളിൽ നിന്നും അനുമതി വാങ്ങാനുള്ള ശ്രമം കമ്പനി തുടങ്ങി. വ്യവസായ വകുപ്പിന്റെ മൗനസമ്മതത്തോടെയാണ് കമ്പനി വക്താക്കൾ രംഗത്തുള്ളത്

ശക്തമായ ജനകീയ പ്രക്ഷോഭത്തിനാണ് പ്രതിരോധ സമിതി രൂപം നൽകിയിട്ടുള്ളത്. പദ്ധതി വന്നാൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്ന പുത്തൻവേലിക്കര, കുഴൂർ, കുന്നുകര, കരുമാല്ലൂർ, ചേന്ദമംഗലം, ചിറ്റാറ്റുകര, വടക്കേക്കര പഞ്ചായത്തുകളെയും പറവൂർ, കൊടുങ്ങല്ലൂർ നഗരസഭകളെയും സമരപരിപാടികളിൽ സഹകരിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജനങ്ങളെ ബോധവൽക്കരിക്കാൻ ലഘുലേഖകൾ വിതരണം ചെയ്യും. ജനപ്രതിനിധികൾക്കും മുഖ്യമന്ത്രി അടക്കമുള്ള ഭരണാധികാരികൾക്കും നിവേദനം നൽകുമെന്ന് ജനകീയ പ്രതിരോധ സമിതി ജനറൽ കൺവീനർ എം.പി. ഷാജൻ, കൺവീനർമാരായ പി.എസ്.ബൈജു, പി.എൻ. ദാസൻ എന്നിവർ പറഞ്ഞു

## അങ്കമാലി ഫയർസ്റ്റേഷന് റെസ്ക്യൂ ബോട്ട് നൽകി



**അങ്കമാലി :** മഴക്കാലപൂർവ്വ മുന്നൊരുക്കങ്ങളുടെ ഭാഗമായി അങ്കമാലി ഫയർ സ്റ്റേഷന് ഇൻഫ്ളേറ്റബിൾ റെസ്ക്യു ബോട്ട് നൽകി. റോജി എം ജോൺ എം.എൽ.എയുടെ ആവശ്യപ്രകാരം റോട്ടറി ക്ലബ്ബ് ഓഫ് അങ്കമാലി ഹെറിറ്റേജും, മൂക്കന്നൂർ ജോഷ് മാളും ചേർന്നാണ് റെസ്ക്യുബോട്ട് സ്പോൺസർ ചെയ്തത്. 2018 ലെയും, 2019 ലെയും പ്രളയത്തിൻറെ പശ്ചാത്തലത്തിൽ അങ്കമാലി ഫയർ സ്റ്റേഷന് കൂടുതൽ റെസ്ക്യു ബോട്ടുകൾ ലഭ്യമാക്കണമെന്ന് എം.എൽ.എ വിളിച്ച് ചേർത്ത യോഗത്തിൽ ഫയർ ഓഫീസർ ആവശ്യപ്പെട്ടിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് എം.എൽ.എ റോട്ടറി ക്ലബ്ബ് ഭാരവാഹികളുമായി സംസാരിക്കുന്നതും സമയബന്ധിതമായി ബോട്ട് ലഭ്യമാക്കുവാൻ സന്നദ്ധമായതും.

അങ്കമാലി ഫയർ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ റോജി എം. ജോൺ എം.എൽ.എ സ്റ്റേഷൻ ഓഫീസർക്ക് റെസ്ക്യു ബോട്ട് കൈമാറി. വാർഡ് കൗൺസിലർ സജി വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണർ മാധവ് ചന്ദ്രൻ മുഖ്യാതിഥിയായിരുന്നു. ജില്ലാ ഫയർ ഓഫീസർ ഷിജു, റോട്ടറി ക്ലബ്ബ് അസി. ഗവർണർ ബേസിൽ എബ്രഹാം, ഫയർ ഓഫീസർമാരായ ടി. രാമകൃഷ്ണൻ, ഡിബിൻ കെ.എസ്, റോട്ടറി ക്ലബ്ബ് ഓഫ് അങ്കമാലി ഹെറിറ്റേജ് പ്രസിഡൻറ് ആനന്ദ് തെക്കേക്കര എന്നിവർ പ്രസംഗിച്ചു. സമാനമായ രീതിയിൽ കാലടി പോലീസ് സ്റ്റേഷനിലും റെസ്ക്യു ബോട്ട് ലഭ്യമാക്കുവാൻ ശ്രമിക്കുമെന്ന് റോജി എം. ജോൺ എം.എൽ.എ കൂട്ടിച്ചേർത്തു.

## പല്ലാരിമംഗലം സ്റ്റേഡിയം; സർവ്വേ നടപടികൾ പൂർത്തിയായി

**പല്ലാരിമംഗലം :** സംസ്ഥാന സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഫൈനൽ സർവ്വെ നടപടികൾ പൂർത്തീകരിച്ചതായി ആന്റണി ജോൺ എംഎൽഎ അറിയിച്ചു.

സ്റ്റേഡിയ നിർമ്മാണവുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വേ മാപ്പ് നേരത്തെ തയ്യാറാക്കിയിരുന്നു.ഇതിനോടനുബന്ധിച്ചുള്ള കോന്തൂർ സർവ്വെ നടപടികളാണ് ഇപ്പോൾ പൂർത്തീകരിച്ചത്.കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിങ്ങ് വിഭാഗത്തിനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.സർവ്വെ പൂർത്തീകരിച്ചതോടെ സ്റ്റേഡിയ നിർമ്മാണവുമായി ബന്ധപ്പെട്ട ഫൈനൽ ഡി പി ആർ കായിക യുവജന കാര്യ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ച് വേഗത്തിൽ ടെൻഡർ നടപടികളിലേക്ക് കടക്കുമെന്നും എംഎൽഎ പറഞ്ഞു.

ബ്ലോക്ക് പഞ്ചായത്ത് അംഗം ഒ ഇ അബ്ബാസ്,ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ഷംസുദ്ദീൻ മക്കാർ,എ പി മുഹമ്മദ്, എം എം ബക്കർ,മിലാൻ ക്ലബ് പ്രസിഡന്റ് സഹീർ എം എസ്,ഫുഡ്ബോൾ കോച്ച് ബിന്നി കെ ജോസ്,കെ എഫ് എ റഫറി മുഹമ്മദ് കെ എം,ഫുഡ്ബോൾ അക്കാദമി പി റ്റി എ സെക്രട്ടറി ഷിജീബ് സൂഫി എന്നിവർ സർവ്വെ സംഘത്തോടൊപ്പം ഉണ്ടായിരുന്നു.

## കോതമംഗലം താലൂക്ക് ആശുപത്രിയിൽ കോവിഡ് സാംപിൾ കളക്ഷൻ യൂണിറ്റിന്റെ പ്രവർത്തനം ഇന്ന് ആരംഭിക്കും

**കോതമംഗലം:**കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കോവിഡ് രോഗ നിർണ്ണയവുമായി ബന്ധപ്പെട്ട് ടെസ്റ്റ് നടത്തുന്നതിനുള്ള കോവിഡ് സാംപിൾ കളക്ഷൻ യൂണിറ്റിന്റെ പ്രവർത്തനം ഇന്ന് രാവിലെ മുതൽ കോതമംഗലം താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുമെന്ന് ആന്റണി ജോൺ എം എൽ എ അറിയിച്ച. ആശുപത്രിയിൽ എത്തുന്ന മറ്റ് രോഗികളുമായി സമ്പർക്കത്തിൽ വരാത്ത വിധമാണ് സ്രവം ശേഖരിക്കുന്ന യൂണിറ്റാണ് ഒരുക്കിയിട്ടുള്ളത്.കോവിഡ് 19 പ്രകാരം ആരോഗ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമുള്ള ആളുകളുടെ സ്രവം മാത്രമേ ഇവിടെ ശേഖരിക്കുകയുള്ളൂ. സ്രവം ശേഖരിക്കുന്ന ഡോക്ടർക്കും നഴ്സിനും ആവശ്യമായ പി പി ഐ കിറ്റും ആശുപത്രിയിൽ സജ്ജമാക്കിയിട്ടുണ്ട്.നിലവിൽ സ്രവ പരിശോധനയ്ക്ക് ആലുവയിലോ,മുവാറ്റുപുഴയിലോ ഉള്ള കളക്ഷൻ സെന്ററിൽ എത്തണമായിരുന്നു.സ്രവ പരിശോധനകൾ ഊർജിതമാക്കുന്ന സാഹചര്യത്തിൽ കോതമംഗലം താലൂക്ക് ആശുപത്രിയിൽ സ്രവ കളക്ഷൻ യൂണിറ്റ് ആരംഭിക്കുന്നത് ഏറെ പ്രയോജനകരമാവുമെന്നും എംഎൽഎ പറഞ്ഞു.

## ജിവിത സായാഹ്നത്തിൽ ആശ്വാസമായി എം എൽ എ യുടെ ഇടപെടൽ



**കോതമംഗലം:** ജീവിത സായാഹ്നത്തിൽ ക്ഷേത്ര നടയിൽ അഭയം നേടിയ എൺപത് വയസ്സുകാരനായ കേശവൻ നായർക്ക് ഇനി കോതമംഗലം പീസ് വാലി തണലൊരുക്കും. എം എൽ എ ആന്റണി ജോണിന്റെ ഇടപെടലാണ് വൃദ്ധന് തുണയായത്.

കോതമംഗലം തങ്കളത്തിനു സമീപം കരിപ്പൻചിറ വനദുർഗ്ഗാ ദേവി ക്ഷേത്രത്തിനോട് ചേർന്ന ഷെഡിൽ അഭയം തേടിയ ചെറുവട്ടൂർ സ്വദേശി കേശവൻ നായർക്കാണ് പീസ്വാലി യിലെ സാമൂഹിക മാനസിക പുനരധിവാസ കേന്ദ്രത്തിൽ അഭയം നൽകിയത്. തൊട്ടടുത്ത അങ്കണവാടിയിലെ ടീച്ചർ ആണ് നാളുകളായി ഭക്ഷണം നൽകിയിരുന്നത്. പലദിവസങ്ങളിലും ഇതും ലഭിക്കാറില്ലായിരുന്നു. കാലവർഷം ആരംഭിച്ചതോടെ മഴയിൽ കുതിർന്ന് ദയനീയ അവസ്ഥയിലാണ് കേശവൻ നായർ കഴിഞ്ഞിരുന്നത്. ചെറുവട്ടൂർ സ്വദേശിയായ കേശവൻ നായർ അവിവാഹിതനാണ്. വൃദ്ധന്റെ ദുരവസ്ഥ സമീപവാസികളിൽ നിന്നും അറിഞ്ഞ എം എൽ എ നെല്ലിക്കുഴി പീസ്വാലി അധികൃതരുടെ ശ്രദ്ധയിൽ ഈ വിഷയം എത്തിക്കുകയും വൃദ്ധന് അഭയം നൽകാൻ പീസ് വാലി സന്നദ്ധത അറിയിക്കുയും ചെയ്തു. എം എൽ എ യുടെ നേതൃത്വത്തിൽ തഹസിൽദാർ ടി പി റേച്ചൽ, പീസ് വാലി ചെയർമാൻ പി എം അബൂബക്കർ എന്നിവർ ക്ഷേത്ര പരിസരത്തെത്തി കേശവൻ നായരെ ഏറ്റെടുത്തു. പീസ് വാലിയിൽ എത്തിച്ച വൃദ്ധനെ കോവിഡ് പരിശോധനക്ക് വിധേയമാക്കി ലക്ഷണങ്ങൾ ഇല്ലെന്നു ഉറപ്പ് വരുത്തിയ ശേഷമാണ് വാർഡിലേക്ക് എത്തിച്ചത്.

## ഫലവൃക്ഷത്തൈകളുടെ വിതരണം നടത്തി



**തൃപ്പൂണിത്തുറ :** ഉദയംപേരൂർ പഞ്ചായത്ത് രണ്ടാം വാർഡിൽ ഫലവൃക്ഷത്തൈകളുടെ വിതരണം നടത്തി. വിതരണോൽഘാടനം വാർഡ് മെമ്പർ എം.കെ അനിൽകുമാർ നിർവ്വഹിച്ചു .ചടങ്ങിൽ എ.ഡി.എസ് ചെയർ പേഴ്സൻ ഇന്ദിരാ മോഹൻ തുടങ്ങിയവർ പങ്കെടുത്തു. കോവിഡ് പ്രോപ്രോട്ടോകോൾ പാലിച്ചുകൊണ്ടാണ് പരിപാടിയിൽ പങ്കെടുത്തത്.



## പാലുവായ് ലെവൽ ക്രോസ് ഇന്ന് അടച്ചിടും

**തൃശൂർ:** പാളത്തിൽ പെട്ടെന്നുണ്ടായ അറ്റകുറ്റ പണികൾ കാരണം ഇന്ന് (ജൂൺ 10) പാലുവായ് ലെവൽ ക്രോസ് ഗേറ്റ് നമ്പർ 11 അടച്ചിടും. പൂങ്കുന്നം ഗുരുവായൂർ ലൈൻ ട്രെയിൻ പോകുന്ന റൂട്ടാണിത്. രാവിലെ എട്ട് മണി മുതൽ വൈകീട്ട് ആറ് വരെ ലെവൽ ക്രോസ് ഗേറ്റ് വഴി ഗതാഗതം അനുവദിക്കുന്നതല്ലെന്ന് ദക്ഷിണ റയിൽവേ അധികൃതർ അറിയിച്ചു. പകരം നാളത്തെ ഒരു ദിവസം വാഹനങ്ങൾ കരുവാൻപടി ലെവൽ ക്രോസ് ഗേറ്റ് നമ്പർ 12 വഴി തിരിച്ചു വിടും.

## ഗുരുവായൂരിൽ ക്ഷേത്രത്തിൽ ചൊവ്വാഴ്ച ദർശനം നടത്തിയത് 88 പേർ

**ഗുരുവായൂർ:** ലോക്ക് ഡൗൺ ഇളവുകൾ വരുത്തിയതിന് ശേഷം ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശനം ആരംഭിച്ച ആദ്യ ദിവസം ദർശനത്തിനെത്തിയത് 88 പേർ. 310 പേർക്ക് ടോക്കൺ അനുവദിച്ചിരുന്നതിൽ 88 പേർ മാത്രമാണ് ദർശനത്തിന് എത്തിയത്. ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ഭക്തർക്ക് പ്രവേശനം അനുവദിച്ചു. കോവിഡ് സുരക്ഷാ ക്രമീകരണങ്ങളോടെ രണ്ട് മിനിറ്റ് ഇടവേളകളിലായി മൂന്ന് പേരെ വീതമാണ് ക്ഷേത്രത്തിലേക്ക് പ്രവേശിപ്പിച്ചത്.

ഇന്ന് 153 പേർക്കാണ് ക്ഷേത്രത്തിലേക്കുള്ള പ്രവേശന ടോക്കൻ ഗുരുവായൂർ ദേവസ്വം അനുവദിച്ചിട്ടുള്ളത്. ടോക്കണുമായി വരുന്നവർക്ക് കിഴക്കേ നടയിലെ ക്യൂ കോംപ്ലസ് വഴി നടയിലേക്ക് പ്രവേശിക്കാം. ബാഗ്, ചെരുപ്പ്, മൊബൈൽ എന്നിവ അനുവദനീയമല്ല.

## ഡ്രൈവർമാരെ നിയമിക്കുന്നു

**തൃശൂർ:** ചരക്ക്സേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷ്ണറുടെ (ഇന്റലിജൻസ്) കാര്യാലയത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പാനൽ രൂപീകരിക്കുന്നു. ജൂൺ 16ന് യോഗ്യതാ സർട്ടിഫിക്കറ്റുകളും എഴുതി തയ്യാറാക്കിയ അപേക്ഷയുമായി കൂടികാഴ്ചയ്ക്ക് എത്തിച്ചേരേണ്ടതാണ്. ഫോൺ: 0487 2380695.

# പുതുക്കാട് ജൈവ വൈവിധ്യ ഉദ്യാനം കേരളത്തിന് മാതൃക: മുഖ്യമന്ത്രി

**തൃശൂർ:** സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൈവ വൈവിധ്യ ഉദ്യാനം കേരളത്തിന് മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സുസ്ഥിര വികസനം മുന്നിൽക്കണ്ട് നടപ്പിലാക്കുന്ന ഇത്തരം നല്ല ആശയങ്ങളിലൂന്നിയുള്ള പദ്ധതികളാണ് നാടിന് ആവശ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ ഉദ്ഘാടനം തത്സമയം ഓൺലൈനിലൂടെ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജൈവ വൈവിധ്യ ഉദ്യാനമൊരുക്കുന്നതിലൂടെ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകാൻ നമുക്ക് കഴിയും. കാർഷിക സമ്പന്നമായ ഒരു സമൂഹത്തെ വളർത്തിയെടുക്കാൻ ഇതിലൂടെ സാധിക്കും. കൃഷി ഇനങ്ങളിലെ വൈവിധ്യത ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ മാത്രം പ്രത്യേകതയാണ്. 14 തരം കപ്പ ഇനങ്ങൾമാത്രം കൃഷി ചെയ്യുന്ന കപ്പ വൈവിധ്യ ഉദ്യാനമൊരുക്കും എന്നത് ഇതിനൊരുദാഹരണം മാത്രം. വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുന്നത്. കർഷകരുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും പരിശ്രമത്തിലൂടെ സുഭിക്ഷ കേരളം പദ്ധതി വ്യാപകമാക്കാൻ നമുക്ക് കഴിയണം. നമ്മൾ മൺമറഞ്ഞു കൊണ്ടിരിക്കുന്ന ജൈവ വൈവിധ്യ സംസ്ക്കാരത്തിലേക്ക് തിരിച്ചു പോകാനുള്ള തയ്യാറെടുപ്പിലാണ്. അതിന് ഉത്തമ ഉദാഹരണമായി പുതുക്കാട് ജൈവ വൈവിധ്യ ഉദ്യാനം മാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു.




*സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പുതുക്കാട് ജൈവ വൈവിധ്യ ഉദ്യാനം ഓൺലൈൻ ഉദ്ഘാടനം നിർവ്വഹിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ. കൃഷി മന്ത്രി വി എസ് സുനിൽകുമാർ സമീപം*

കൊടകര ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ഓൺലൈൻ ഉദ്ഘാടന പരിപാടിയിൽ കൃഷി വകുപ്പ് മന്ത്രി വി എസ് സുനിൽ കുമാർ അധ്യക്ഷത വഹിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ് സ്വാഗതം പറഞ്ഞു. ടി എൻ പ്രതാപൻ എം പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ ജെ ഡിക്സൺ തുടങ്ങിയവർ മുഖ്യാതിഥികളായി. ജൈവ വൈവിധ്യ ഉദ്യാനത്തിനായി വിവിധ തരം പ്ലാവിൻ തൈകൾ നൽകിയ കെ ആർ ജയനെ ചടങ്ങിൽ ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരായ കെ രാജേശ്വരി, ഷീല മനോഹരൻ, അമ്പിളി ശിവരാജൻ, പി സി സുബ്രൻ, കാർത്തിക ജയൻ, ശ്രീജ അനിൽ, ജയശ്രീ കൊച്ചു ഗോവിന്ദൻ, സോഫി ഫ്രാൻസിസ് , പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ, തൊഴിലുറപ്പ് ജെപിസി പി സി ബാലഗോപാൽ, കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പി ആർ അജയഘോഷ് തുടങ്ങിയവർ പങ്കെടുത്തു.

## വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ് സൗകര്യമൊരുക്കി ഗുരുവായൂർ നഗരസഭ

**ഗുരുവായൂർ:** ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച സാഹചര്യത്തിൽ വിദ്യാർഥികൾക്ക് വേണ്ട സൗകര്യം ഒരുക്കി ഗുരുവായൂർ നഗരസഭ.

ഓൺലൈൻ പഠന കേന്ദ്രം ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ എം. രതി നിർവഹിച്ചു. നഗരസഭ ലൈബ്രറി കെട്ടിടത്തിലാണ് പഠനമുറി സജ്ജീകരിച്ചിരിക്കുന്നത്.

നഗരസഭയിലെ വായനശാലകൾ, വാർഡുതല കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും ബുധനാഴ്ചയോടെ ഓൺലൈൻ സൗകര്യം ലഭ്യമാക്കും.

വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശൈലജ ദേവൻ, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി. എസ് ഷെനിൽ, ഗുരുവായൂർ എയുപി സ്കൂൾ പ്രധാനാധ്യാപിക പി. ബി രാജി, ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രതിനിധികളായ മീന തോമസ്, ബിജി ചാക്കോ, വിനീഷ് ജോയ്സ്, ജോർജ് എന്നിവർ പങ്കെടുത്തു.



*ഗുരുവായൂർ നഗരസഭ സൗകര്യമൊരുക്കിയ ലൈബ്രറി കെട്ടിടത്തിൽ സംഘടിപ്പിച്ച ഓൺലൈൻ ക്ലാസ്സ്*

## യൂത്ത് കോൺഗ്രസ് ടിവികൾ വിതരണം ചെയ്തു



**തൃപ്രയാർ:** ഓൺലൈൻ വിദ്യാഭ്യാസത്തിനായി സൗകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് യൂത്ത് കോൺഗ്രസ് നാട്ടിക മണ്ഡലം കമ്മിറ്റി ടിവികൾ വിതരണം ചെയ്തു. നാട്ടിക നാലാം വാർഡിലെ കുടുംബങ്ങൾക്കാണ് ടിവികൾ വിതരണം ചെയ്തത്. ചലച്ചിത്ര താരം അക്ഷയ് രാധാകൃഷ്ണൻ ടീവിയുടെ വിതരണ ഉദ്ഘാടനം നിർവഹിച്ചു. ഡിസിസി ജനറൽ സെക്രട്ടറി അനിൽ പുളിക്കൽ മുഖ്യ പ്രഭാഷണം നടത്തി. വാർഡ് മെമ്പർ പി എം സിദ്ദിഖ് മുഖ്യ അഥിതി ആയി. പിസി മണികണ്ഠൻ, സി എസ് മണികണ്ഠൻ, പുഷ്പ്പങ്ങധൻ ഞായക്കാട്ട്, ജയരാമൻ അന്ടെഴത്ത്, രഘുനാനാഥ് നായരുശ്ശേരി, കെ എ രാമൻ,എന്നിവർ പങ്കെടുത്തു.

## വൈറോളജി ലാബ് 24 മണിക്കൂറും; സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗവ. മെഡിക്കൽ കോളേജ്

**തൃശൂർ:** ഗവ. മെഡിക്കൽ കോളേജിലെ വൈറോളജി ലാബിന്റെ പ്രവർത്തനസമയം 24 മണിക്കൂറായി ദീർഘിപ്പിച്ചു. ജില്ലയിൽ കോവിഡ് കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ചികിത്സാസൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള കമ്മ്യൂണിറ്റി ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി മുളങ്കുന്നത്തുകാവ് ഇഎസ്ഐ ആശുപത്രിയെ നിശ്ചയിച്ചു. ലഘു രോഗലക്ഷണങ്ങളുള്ള കോവിഡ് രോഗികളെ ഇവിടെ ചികിൽസിക്കും. സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുകയും സാമൂഹിക അകലം പാലിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. മഴക്കാല രോഗങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകും. നിലവിൽ കോവിഡ് ഇതര രോഗങ്ങൾക്ക് മെഡിക്കൽ കോളേജിൽ ചൊവ്വാഴ്ച (ജൂൺ 9) ചികിത്സ തേടിയത് ഒ പി വിഭാഗത്തിൽ 1239 പേരും ഐപി വിഭാഗത്തിൽ 726 പേരുമാണ്.

## 'എല്ലാ വീടുകളിലേക്കും മാസ്ക്' വിതരണോദ്ഘാടനം



**അന്തിക്കാട്:** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അന്തിക്കാട് ഗ്രാമപഞ്ചായത്ത് എല്ലാ വീടുകളിലേക്ക് മാസക് നൽക്കുന്നതിന്റെ വിതരണോദ്ഘാടനം നാട്ടിക എം.എൽ.എ ഗീതഗോപി നിർവ്വഹിച്ചു. അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ.വി.ശ്രീവതസൻ അദ്ധ്യക്ഷത വഹിച്ചു. സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമേൻ വി.എ.ദിവാരൻ , ആരോഗ്യം സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമേൻ എ.ബി.ബാബു എന്നിവർ പങ്കെടുത്തു സംസാരിച്ചു.

## ഊരുകളിലേക്ക് കുടുംബശ്രീ ജില്ലാ മിഷന്റെ സഹായം

**അതിരപ്പിള്ളി:** ആദിവാസി ഊരുകളിലെ കുട്ടികൾക്ക് കുടുംബശ്രീ ജില്ലാ മിഷന്റെ സഹായം. അതിരപ്പിള്ളി പഞ്ചായത്തിലെ നാല് ആദിവാസി ഊരുകളിലെ കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനായാണ് സഹായം നൽകിയത്. നാല് ടെലിവിഷൻ, ഡി ടി എച്ച് കണക്ഷൻ എന്നിവ കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ അതിരപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ വർഗീസ്, ബ്ലോക്ക് വൈസ് പ്രസിഡന്റ് ബിജു വാഴക്കാല എന്നിവർക്ക് കൈമാറി. കുടുംബശ്രീ ജില്ലാ മിഷൻ സ്റ്റാഫുകൾ, എം ഇ & മാർക്കറ്റിംഗ് ബ്ലോക്ക് കോഓർഡിനേറ്റർ, എം എ എം ച്ച് 1995 പൂർവ്വ വിദ്യാർഥി സംഘം, കാലടി സംസ്കൃത സർവ്വകലാശാല എംഎസ് ഡബ്ലിയു 201416 പൂർവ്വ വിദ്യാർഥി സംഘം എന്നിവരുടെയും സഹായത്തോടെയാണ് വിതരണം നടത്തിയത്.

## ക്ഷേത്രം ജീവനക്കാർക്ക് ധനസഹായം

**പാലക്കാട്:** കോവിഡ് 19 രോഗവ്യാപനത്തെ തുടർന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ, മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി മുഖേന ബി, സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ക്ഷേത്ര ജീവനക്കാർക്കും ശമ്പളം ലഭിക്കാത്ത എ ഗ്രേഡ് ക്ഷേത്രജീവനക്കാർക്കും അനുവദിച്ചിട്ടുള്ള 2500 രൂപ ധനസഹായം കൈപ്പറ്റാത്തവർ വിവരങ്ങൾ സമർപ്പിക്കണമെന്ന് സെക്രട്ടറി അറിയിച്ചു. ക്ഷേമനിധി പാസ്ബുക്ക്, ബാങ്ക് പാസ് ബുക്ക്, ആധാർ കാർഡ് എന്നിവയുടെ കോപ്പി ഫോൺ നമ്പർ സഹിതം ബന്ധപ്പെട്ട ക്ഷേത്ര ഭരണാധികാരി മുഖേന ലെര്യല മ്യെൃാലേംഉ@ഴാമശഹ. രീാ ൽ ജൂൺ 30 നകം അയക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല. ഫോൺ: 0495-2360720.

## കാണ്മാനില്ല



**പാലക്കാട്:** മംഗലം ഡാം പൊലീസ് സ്റ്റേഷൻ പരിധിയിൽ വീട്ടിൽകടവ് സ്വദേശി സലിനെ (45) 2020 ജനുവരി 17 മുതൽ കാണ്മാനില്ലായെന്ന് കാണിച്ചുള്ള പരാതി ലഭിച്ചിട്ടുണ്ടെന്ന് സബ് ഇൻസ്പെക്ടർ അറിയിച്ചു. ജോലി സ്ഥലത്തേക്ക് പോയി നാളിതുവരെ തിരിച്ചെത്തിയിട്ടില്ല. കാണാതാവുമ്പോൾ കാവിമുണ്ടും കാവിനിറത്തിലുള്ള ചെക്ക് ഷർട്ടുമാണ് ധരിച്ചിരുന്നത്. 160 സെന്റിമീറ്റർ ഉയരമുണ്ട്. ഇരുനിറമാണ്. ഇദ്ദേഹത്തെ കാണുന്നവർ 04922 262100, 9497980615 എന്ന നമ്പറിൽ അറിയിക്കണമെന്ന് മംഗലം ഡാം സബ് ഇൻസ്പെക്ടർ അറിയിച്ചു.

# പാലക്കാട് ഗവ. മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയാക്കും: മന്ത്രി എ.കെ ബാലൻ

**പാലക്കാട്:** ജില്ലയിലെ കോവിഡ് 19 രോഗബാധിതർക്കായി പാലക്കാട് ഗവ. മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയാക്കുമെന്ന് മന്ത്രി എ.കെ ബാലൻ അറിയിച്ചു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മുൻപ് പാലക്കാട് ജില്ലാ ആശുപത്രിയെ കോവിഡ് ആശുപത്രിയാക്കാൻ തീരുമാനിച്ചെങ്കിലും നിലവിലെ സാഹചര്യം കണക്കിലെടുത്ത് കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം, ജില്ല മെഡിക്കൽ ഓഫീസ്, ജനപ്രതിനിധികൾ, മാധ്യമ പ്രതിനിധികൾ തുടങ്ങിയവരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ആരോഗ്യ മന്ത്രിയുമായി ചർച്ച ചെയ്തതിനു ശേഷമാണ് തീരുമാനമെടുത്തതെന്ന് മന്ത്രി അറിയിച്ചു.

കോവിഡ് പോസിറ്റീവ് ആയവരെ മാത്രമേ ഗവ. മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കൂ. രോഗലക്ഷണങ്ങൾ ഉള്ളവരെ നിരീക്ഷണത്തിനായി മാങ്ങോട് കേരള മെഡിക്കൽ കോളെജ്, ഒറ്റപ്പാലം, മണ്ണാർക്കാട് എന്നീ താലൂക്കാശുപത്രിയിൽ പ്രവേശിപ്പിക്കും. ഇത്തരത്തിൽ സംവിധാനം ഒരുക്കുമ്പോൾ നിലവിൽ ജില്ലാശുപത്രിയിലുള്ള ആശങ്കയും പരിഹരിക്കപ്പെടും. ഗവ. മെഡിക്കൽ കോളേജിലേക്ക് കോവിഡ് രോഗികളെ മാറ്റുമ്പോൾ ഓക്സിജൻ കണക്ഷൻ, ഐ.സി.യു, വെന്റിലേറ്റർ തുടങ്ങിയ സൗകര്യങ്ങളും ഒരുക്കുന്നതാണ്. അടിയന്തര സാഹചര്യമുണ്ടായാൽ രോഗികളെ പരിശോധിക്കുന്നതിനായി ജില്ലാശുപത്രിയിൽ പ്രത്യേക ബ്ലോക്ക് തന്നെ മാറ്റിവെയ്ക്കുമെന്ന് മന്ത്രി അറിയിച്ചു. കോവിഡ് ജാഗ്രതാ പോർട്ടലിൽ മാറ്റം വരുത്താത്തതാണ് ജില്ലാ മെഡിക്കൽ ഓഫീസും സംസ്ഥാന ആരോഗ്യ വകുപ്പും നൽകുന്ന ജില്ലയിലെ നിരീക്ഷണത്തിലുള്ളവരുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാവാൻ കാരണമെന്നും പട്ടിക പുതുക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയതായും മന്ത്രി കൂട്ടിച്ചേർത്തു. ജില്ലാ കലക്ടർ ഡി ബാലമുരളിയും പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

**1000 ടെസ്റ്റുകൾ: പരിശോധനാഫലം 45 മിനിറ്റനകം ,അഞ്ച് വിഭാഗങ്ങളായിതിരിച്ച് റാപിഡ് ആന്റിബോഡി ടെസ്റ്റുകൾ നടത്താൻ തീരുമാനം** കോവിഡ് 19 മായി ബന്ധപ്പെട്ട് സമൂഹവ്യാപന സാധ്യത മനസ്സിലാക്കാൻ അഞ്ച് വിഭാഗങ്ങളിലായി റാപിഡ് ആന്റിബോഡി ടെസ്റ്റുകൾ നടത്താൻ തീരുമാനിച്ചതായി മന്ത്രി അറിയിച്ചു. ഇത്തരത്തിൽ 1000 ടെസ്റ്റുകൾ നടത്താൻ നടപടി തുടങ്ങിയിട്ടുണ്ട്. 45 മിനിറ്റിനകം പരിശോധനാഫലം ലഭ്യമാകും. ആദ്യ വിഭാഗത്തിൽ കോവിഡ് രോഗവുമായി നേരിട്ട് ബന്ധമുള്ള ആരോഗ്യ വകുപ്പ് പ്രതിനിധികൾ/ ജീവനക്കാർ, രണ്ടാം വിഭാഗത്തിൽ ഫ്രന്റ്ലൈൻ വർക്കേഴ്സായ പോലീസ്, ഫീൽഡുതല ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പത്ര ദൃശ്യമാധ്യമ പ്രവർത്തകർ, കമ്മ്യൂണിറ്റി കിച്ചനിൽ ഉള്ളവർ തുടങ്ങിയവരെ പരിശോധനയ്ക്ക് വിധേയമാക്കും. ക്വാറന്റൈനിൽ കഴിയുന്നവരാണ് മൂന്നാം വിഭാഗത്തിൽ ഉൾപ്പെടുക. 60 വയസ്സിന് മുകളിലുള്ള വയോധികരും കുട്ടികളും നാലാം വിഭാഗത്തിൽ ഉൾപ്പെടും. വിദേശത്തുനിന്ന് വന്നവരും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരുമാണ് അഞ്ചാം വിഭാഗക്കാർ. ഒരു ഡോക്ടർ, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ, ഡ്രൈവർ ഉൾപ്പെടെയുള്ളവരെ ഇതിനായി നിയോഗിക്കും.പി സി ആർ ടെസ്റ്റ് നടത്തുന്നതിന് താൽക്കാലിക മെഷീൻ ലഭ്യമായിട്ടുണ്ട്. ഗവ. മെഡിക്കൽ കോളേജിൽ ഇതിനായുള്ള ലാബ് സജ്ജീകരിച്ചു വരുന്നു. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ അനുമതിക്കായി അടുത്തദിവസം തന്നെ അപേക്ഷ നൽകും. പി സി ആർ മെഷ്യൻ ലഭ്യമാക്കുന്നതിന് 30 ലക്ഷം അനുവദിച്ചതായും മന്ത്രി അറിയിച്ചു. നിലവിൽ തൃശൂരിലും ആലപ്പുഴ എൻ.ഐ.വി.യിലുമാണ് പരിശോധനയ്ക്കായി സാമ്പിളുകൾ അയക്കുന്നത്. ഇത്തരത്തിൽ അയച്ച 2177 സാമ്പിളുകളുടെ ഫലം കൂടി ലഭിക്കാനുണ്ട്. പരിശോധനയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാതലത്തിൽ ഒരു കോഡിനേറ്ററെ ആവശ്യമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും. നിലവിൽ ജില്ലാ ആശുപത്രിയിൽ ഒഴിഞ്ഞു കിടക്കുന്ന ഒരു ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലെ ഒഴിവും നികത്തും. **8ജില്ലാ ആശുപത്രിയിൽ ഭക്ഷണവിതരണവുമായി ബന്ധപ്പെട്ട് പരാതികളില്ല** നിലവിൽ ജില്ലാ ആശുപത്രിയിൽ ഭക്ഷണവിതരണവുമായി ബന്ധപ്പെട്ട് പരാതികളില്ലെന്നും മന്ത്രി എ കെ ബാലൻ യോഗത്തിൽ അറിയിച്ചു. ജില്ലാ ആശുപത്രിയിലെ കോവിഡ് എം.എം വാർഡിലെ രോഗികൾക്ക് ഭക്ഷണവിതരണ നടത്താൻ സമയം വൈകിയെന്ന സംബന്ധിച്ച ആരോപണം പരിഹരിച്ചിരുന്നു. ഇതനുസരിച്ച് പ്രഭാതഭക്ഷണം കുടുംബശ്രീയാണ് നൽകുന്നത്. ഉച്ചഭക്ഷണവും രാത്രി ഭക്ഷണവും സന്നദ്ധസംഘടനകളാണ് ലഭ്യമാക്കുന്നത്. ഇതിനുപുറമേ രാവിലത്തെ ചായ ഗസറ്റഡ് ഓഫീസേഴ്സ് സംഘടനയും വൈകുന്നേരത്തെ ചായ സർക്കാരാണ് നൽകുന്നത്. എന്തെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടായാൽ ബന്ധപ്പെട്ടവരെ നേരിട്ടറിയിക്കാൻ ശ്രമിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

## യൂത്ത് കോൺഗ്രസ്സിന്റെ പരിസ്ഥിതി ദിന വാരാഘോഷം ' തണലൊരുക്കം'



**മണ്ണാർക്കാട്:** തെങ്കര മണ്ഡലം യൂത്ത് കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിന വാരാഘോഷം തണലൊരുക്കത്തിന്റെ ഭാഗമായി വൃക്ഷത്തൈ നടീലും,വൃക്ഷത്തൈ,പച്ചക്കറി വിത്ത് വിതരണവും,സംഘടിപ്പിച്ചു.യൂത്ത് കോൺഗ്രസ്സ് നിയോജക മണ്ഡലം പ്രസിഡണ്ട് ഗിരീഷ് ഗുപ്ത ഉദ്ഘാടനം ചെയ്തു.തെങ്കര മണ്ഡലം യൂത്ത് കോൺഗ്രസ്സ് പ്രസിഡണ്ട് ഹാരിസ് തത്തേങ്ങലം അദ്ധ്യക്ഷത വഹിച്ചു.ഗ്രാമപഞ്ചായത്ത് മെമ്പർ എം.ഹംസ,മണ്ഡലം കോൺഗ്രസ് സെക്രട്ടറി ടി.കെ ഉമ്മർ,നൂറുദ്ദീൻ,സലാം കൈതച്ചിറ,ഷഹറത്തലി,ശശി.എം തുടങ്ങിയവർ പങ്കെടുത്തു.

## കെ -ടെറ്റ് പരീക്ഷ: സർട്ടിഫിക്കറ്റ് പരിശോധന 11 മുതൽ

**പാലക്കാട് :** വിദ്യാഭ്യാസ ജില്ലയിൽ 2020 ഫെബ്രുവരിയിൽ നടന്ന കെ-ടെറ്റ് പരീക്ഷ വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് പരിശോധന പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ജൂൺ 11 ന് രാവിലെ 10 മുതൽ നടത്തുമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. പരിശോധനയ്ക്ക് വരുമ്പോൾ ഹാൾടിക്കറ്റ്, പരീക്ഷ റിസൾട്ട് പകർപ്പ്, എസ്.എസ്.എൽ.സി മുതലുള്ള എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സംവരണാനുകൂല്യത്തിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ വിജയികളായവർ റവന്യൂ വകുപ്പിന്റെ ജാതി സർട്ടിഫിക്കറ്റ് സഹിതം ഹാജരാക്കേണ്ടതാണ്. കോവിഡ് 19 പശ്ചാത്തലത്തിൽ ആദ്യം വരുന്ന 50 പേരുടെ പരിശോധന മാത്രമായിരിക്കും നടത്തുക. പരിശോധനയ്ക്ക് വരുന്നവർ സർക്കാർ നിർദേശിക്കുന്ന സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കേണ്ടതാണ്.

## ഇലക്ട്രീഷ്യൻ താൽക്കാലിക ഒഴിവ്

**പാലക്കാട്:**ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഇ.ടി.ബി വിഭാഗത്തിനായി സംവരണം ചെയ്ത ഇലക്ട്രീഷ്യൻ തസ്തികയിൽ ഒരു താൽക്കാലിക ഒഴിവുണ്ട്. പത്താം തരം/തത്തുല്യം, ഡിപ്ലോമ ഇൻ ഇലക്ട്രോണിക്ക് എൻജിനീയറിങ് യോഗ്യത ഉണ്ടായിരിക്കണം. ഇവരുടെ അഭാവത്തിൽ ഐ.ടി.ഐ.യിൽ നിന്നും ഇലക്ട്രീഷ്യൻ ട്രേഡിൽ 18 മാസത്തെ കോഴ്സ് പൂർത്തിയാക്കി അപ്രന്റീഷിപ്പ് പൂർത്തിയായവരെയും പരിഗണിക്കും. കൂടാതെ ഫിലിം സ്റ്റുഡിയോയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. പ്രായപരിധി 18-41 വയസ്. പ്രതിമാസ ശമ്പളം 19000-43600. യോഗ്യരായവർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജൂൺ 30 നകം പേര് രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ: 0491-2505204.

## ഇളവിൽ ജനങ്ങൾ കൂട്ടത്തോടെ പുറത്തിറങ്ങി

**പാലക്കാട്:** ലോക്ക് ഡൗൺ ഇളവിൽ ജനങ്ങൾ കൂട്ടത്തോടെ പുറത്തിറങ്ങിയതോടെ പാലക്കാട് നഗരത്തിൽ വൻ തിരക്ക്. ജില്ലയുടെ മിക്കയിടങ്ങളിലും ഇതേ അവസ്ഥയാണ്. പലയിടത്തും ഗതാഗതക്കുരുക്കുണ്ടായി. കോവിഡ് ഭീതിയിൽ പൊതുഗതാഗത സൗകര്യം ഉപയോഗിക്കാൻ മടിക്കുന്നതിനാൽ സ്വകാര്യ വാഹനങ്ങളെയാണ് ജനം ആശ്രയിക്കുന്നത്. ചെറുവാഹനങ്ങൾ അനിയന്ത്രിതമായി എത്തുന്നത് ഗതാഗതക്കുരുക്കിന് കാരണമാകുന്നു.

സർക്കാർ ഓഫീസുകളിൽ മുഴുവൻ ജീവനക്കാരും ഹാജരാകണമെന്ന നിർദേശം വന്നതും തിരക്ക് വർധിപ്പിച്ചു. മിക്ക കടകളും പ്രവർത്തിക്കുന്നു. അണുവിമുക്തമാക്കാനും സാമൂഹ്യ അകലം പാലിക്കാനും കർശന നിർദേശമുണ്ട്. തിരക്കു കൂടുമ്പോൾ കട ഉടമകൾ ഇവയെല്ലാം മറക്കുന്നു. സാമൂഹിക അകലം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ രൂപീകരിച്ച പ്രത്യേക സംഘം പാലക്കാട് നഗരത്തിലുൾപ്പെടെ നിരവധി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.
65 വയസ്സിന് മുകളിലുള്ളവരും പത്തുവയസ്സിന് താഴെയുള്ളവരും വീടിന് പുറത്തിറങ്ങരുതെന്ന് നിർദേശമുണ്ടെങ്കിലും അവയും പലപ്പോഴും പാലിക്കുന്നില്ല.കൈക്കുഞ്ഞുങ്ങളുമായും ആളുകൾ പുറത്തിറങ്ങുന്നു. ഷോപ്പിങ് മാളുകളും റസ്റ്റോറന്റുകളും ആരാധനാലയങ്ങളും ചൊവ്വാഴ്ച തുറക്കുന്നതോടെ നഗരത്തിൽ കൂടുതൽ തിരക്കിന് സാധ്യതയുണ്ട്. ജനങ്ങൾ സ്വയം ജാഗ്രത പുലർത്തിയാൽ മാത്രമേ മഹാമാരിയെ ഫലപ്രദമായി നേരിടാനാകൂവെന്നും അല്ലെങ്കിൽ 'വലിയ വില നൽകേണ്ടിവരുമെന്നും' ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകുന്നു.

## ലേലം 16 ന്

**പാലക്കാട്:** മലമ്പുഴ 2 വില്ലേജ് സ്വദേശിനി കുള്ളച്ചിയിൽ നിന്നും ഏറ്റെടുത്ത ഭൂമിയിൽ 2020-2021 കാലയളവിലേക്ക് കൃഷി ചെയ്ത് വിളവെടുക്കുന്നതിനുള്ള അവകാശം ജൂൺ 16 ന് രാവിലെ 11 ന് മലമ്പുഴ 2 വില്ലേജോഫീസിൽ നടക്കുമെന്ന് തഹസിൽദാർ (ഭൂരേഖ) അറിയിച്ചു. ബ്ലോക്ക് നമ്പർ 37, പഴയ സർവെ നമ്പർ 206/4 സി (റീ സർവെ നമ്പർ 140) ൽ ഉൾപ്പെട്ട 1.05 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്.



## കുത്തിയിരിപ്പ് സമര വാരാചരണം നടത്തുന്നു

**മലപ്പുറം :**കോവിഡ് 19: പല മേഖലകളിലും ഇളവ് പ്രഖ്യാപിച്ചപ്പോൾ കെട്ടിട ഉടമകളോട് ഈ രൂക്ഷമായ പ്രതിസന്ധിക്കിടയിലും നടപ്പാക്കിയ ഉത്തരവുകൾക്കെതിരിലും നീതിനിഷേധത്തിലും പ്രതിഷേധിച്ച് കേരള ബിൽഡിങ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ കുത്തിയിരിപ്പ് സമര വാരാചരണം നടത്തുന്നു.

ലോക് ഡൗണിൽ ഒരു മാസവാടക ഇളവ് നൽകിയ കെട്ടിട ഉടമകൾക്ക് നികുതി ഇളവ് നൽകുക, കെട്ടിടം/വീടുള്ള വസ്തു രജിസ്ട്രേഷന് പുതിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഉത്തരവ് റദ്ദാക്കുക, പ്രതിസന്ധിഘട്ടത്തിലെ നികുതികളും, വർദ്ധനവിന്റെ മൂന്നുവർഷ കുടിശ്ശിക കർശന പിരിവും നിർത്തിവെക്കുക, വൺ ടൈം ടാക്സ് 30 ശതമാനം വർദ്ധനവ് പിൻവലിക്കുക, വായ്പാ മൊറട്ടോറിയത്തിൽ പലിശ/പിഴപ്പലിശ ഒഴിവാക്കുക, കടക്കെണിയിലായവർക്ക് പലിശ രഹിത വായ്പ നൽകുക, എന്നീ ആവശ്യങ്ങളുടെ പ്ലക്കാർഡുമായി മാസ്ക് ധരിച്ച് കെട്ടിട/വീട്ടുമുറ്റത്തോ നിയമവിധേയമായി ഭരണ കേന്ദ്രങ്ങൾക്ക് മുമ്പിലോ മിനിമം ഏഴുപേരുടെ കുത്തിയിരിപ്പ് സമരം. യൂണിറ്റുകളും കെട്ടിട ഉടമകളും പങ്കെടുക്കും. ജൂൺ 11 മുതൽ 18 വരെ ഏതെങ്കിലും ഒരു ദിവസം.സചിത്ര വാർത്ത വാട്ട്സ്ആപ്പ് /ഫേസ്ബുക്ക് മീഡിയകൾക്കും നൽകും. ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കും. ഇതാണ് സമര രീതി.

വീഡിയോ കോൺഫ്രൻസിൽ സംസ്ഥാന പ്രസിഡണ്ട് പഴേരിഷെരീഫ് ഹാജി അദ്ധ്യക്ഷത വഹിച്ചു.ജന:സെക്രട്ടറി ജി. നടരാജൻ, ഒർഗനൈസിംഗ് സെക്രട്ടറി പി പി അലവിക്കുട്ടി, കോഡിനേറ്റർ അലിക്കുഞ്ഞ് കൊപ്പൻ പട്ടാമ്പി,ജില്ലകളെ പ്രതിനിധീകരിച്ച് കെ.എസ് മംഗലം മലപ്പുറം, കെരയത്ത് ഹമീദ് ഹാജി കോഴിക്കോട്,ജസ്റ്റസ് തോമസ് വയനാട്,എം ഇബ്രാഹിം ഹാജി കണ്ണൂർ, പി എം ഫാറൂഖ് കാസർകോട്, ഇല്യാസ് വടക്കൻ, ,കെ വി ഗഫൂർതൃശ്ശൂർ എന്നിവർ പങ്കെടുത്തു.

# എമിഗ്രേഷൻ ഡെപ്പോസിറ്റിൽ നിന്നും ധനസഹായം അനുവദിക്കണം - കേരള പ്രവാസി ഫെഡറേഷൻ

മലപ്പുറം : പ്രവാസി മലയാളികളുടെ ജനസംഖ്യാനുപാതികമായി കൂടുതൽ വിമാന സർവീസ് ആരംഭിക്കുക, പ്രവാസി പുനരധിവാസ പദ്ധതി പ്രഖ്യാപിക്കുക, സ്വയം തൊഴിൽ ചെയ്യുന്നതിന് പലശരഹിത വായ്പ അനുവദിക്കുക, വന്ദേഭാരതം പദ്ധതിയിൽ എംബസി ഉദ്യോഗസ്ഥരെ സ്വാധീനിച്ച് അനർഹരായവർ തിരിച്ചു വരാനുള്ള ലിസ്റ്റിൽ കയറികൂടുന്നത് തടയുക, എമിഗ്രേഷൻ ഡെപ്പോസിറ്റ് ഇനത്തിൽ പ്രവാസികളുടെ കയ്യിൽ നിന്നും കേന്ദ്ര സർക്കാർ വാങ്ങിയ തുക പ്രവാസികൾക്ക് ധനസഹായമായി വിതരണം ചെയ്യുക, തിരിച്ചെത്തുന്ന പ്രവാസികൾക്ക് ധനസഹായം നൽകുക എന്നീ ആവശ്യങ്ങളുന്നയിച്ച് കേരള പ്രവാസി ഫെഡറേഷൻ മലപ്പുറം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മലപ്പുറം ദൂരദർശൻ കേന്ദ്രത്തിന് മുന്നിൽ ധർണ്ണ നടത്തി.

പ്രശസ്ത കാർട്ടൂണിസ്റ്റ് ഉസ്മാൻ ഇരുമ്പൂഴി ഉദ്ഘാടനം ചെയ്തു. വിദേശ രാജ്യങ്ങളിലുള്ള ഇന്ത്യക്കാർക്ക് ആവശ്യമായ മരുന്നുകൾ എത്രയും പെട്ടെന്ന് എത്തിക്കണമെന്നും എല്ലാ രാജ്യങ്ങളിലേക്കും മെഡിക്കൽ സംഘത്തെ അയക്കണമെന്നും വിദേശരാജ്യങ്ങളിൽ നിന്നെത്തുന്നവരെ വീടുകൾ ക്വാറന്റൈനിൽ നിർത്തുന്നത് വൻ അപകടങ്ങൾക്ക് വഴി വെക്കുമെന്നും , എല്ലാ പഞ്ചായത്തിലും നിർബന്ധമായും ക്വാറന്റൈൻ സംവിധാനം കർശനമാക്കണമെന്നും ഉസ്മാൻ ഇരുമ്പൂഴി ആവശ്യപ്പെട്ടു.

മണ്ഡലം പ്രസിഡന്റ് കെ പി അബൂബക്കർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി മുക്കൻ അബ്ദുൽ റസാഖ് സ്വാഗതവും ഷംസു കാട്ടുങ്ങൽ നന്ദിയും പറഞ്ഞു.




.വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള പ്രവാസി ഫെഡറേഷൻ മലപ്പുറം മണ്ഡലം കമ്മിറ്റി മലപ്പുറം ദൂരദർശൻ കേന്ദ്രത്തിന് മുന്നിൽ നടത്തിയ ധർണ്ണ കാർട്ടൂണിസ്റ്റ് ഉസ്മാൻ ഇരുമ്പൂഴി ഉദ്ഘാടനം ചെയ്യുന്നു

## ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തതു കാരണം കാർഷിക മേഖലക്ക് തിരിച്ചടി

**മലപ്പുറം :** ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തതു കാരണം ജില്ലയിലെ കർഷകർക്കും ചെറുകിട വ്യവസായ മേഖലക്കും കനത്ത തിരിച്ചടിയാണ് നേരിട്ടതെന്നും നബാർഡ് മുഖേന ലഭിക്കേണ്ടിയിരുന്ന 200കോടി രൂപയുടെ ആനുകൂല്യം ജില്ലാ ബാങ്ക് ഭരണസമിതിക്കാരുടെ ധിക്കാരവും പിടിവാശിയും കാരണം ജില്ലക്ക് നഷ്ടപ്പെട്ടതെന്നും എൻ സി പി ജില്ലാ വൈസ് പ്രസിഡന്റും സംസ്ഥാന നിർവാഹക സമിതി അംഗവുമായ കെ പി രാമനാഥൻ അഭിപ്രായപ്പെട്ടു. ദുർവാശി കളഞ്ഞ് ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കുകയാണ് ചെയ്യേണ്ടതെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. നാഷണലിസ്റ്റ് കിസാൻസഭ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എൻ സി പി സ്ഥാപക ദിനത്തോട് അനുബന്ധിച്ച് ആയിരം അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ തൈയും വിത്തും വിതരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കിസാൻസഭ ജില്ലാ പ്രസിഡന്റ് അബ്ദുറഹിമാൻ മുള്ളുങ്ങൽ അധ്യക്ഷത വഹിച്ചു. എൻ സി പി ജില്ലാ സെക്രട്ടറി പി എച്ച് ഫൈസൽ,ഗോപാലൻ,സമീർ കളിയാട്ടുമുക്ക്, പി പി വഹാബ്, എം സി ഉഷ എന്നിവർ സംസാരിച്ചു.



എൻ സി പി സ്ഥാപക ദിനത്തോട് അനുബന്ധിച്ച് നാഷണലിസ്റ്റ് കിസാൻസഭ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരം അടുക്കള തോട്ടം നിർമ്മിക്കുന്ന പദ്ധതി എൻ സി പി ജില്ലാ വൈസ് പ്രസിഡന്റും സംസ്ഥാന നിർവാഹക സമിതി അംഗവുമായ കെ പി രാമനാഥൻ , ജില്ലാ കാർഷിക വികസന സമിതി അംഗം പി എച്ച് ഫൈസലിന് നൽകി ഉദ്ഘാടനം ചെയ്യുന്നു

## നിയന്ത്രണം ലംഘിച്ചതിന് ജില്ലയിൽ 24 കേസുകൾ

**മലപ്പുറം :** കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ആരോഗ്യ ജാഗ്രത ലംഘിച്ചതിന് ജില്ലയിൽ 24 കേസുകൾ കൂടി ഇന്നലെ (ജൂൺ ഒൻപത്) രജിസ്റ്റർ ചെയ്തതായി ജില്ലാ പൊലീസ് മേധാവി യു. അബ്ദുൾ കരീം അറിയിച്ചു.

വിവിധ സ്റ്റേഷനുകളിലായി 16 പേരെ ഇന്നലെ അറസ്റ്റു ചെയ്തു. നിർദേശങ്ങൾ ലംഘിച്ച് നിരത്തിലിറക്കിയ നാല് വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. ഇതോടെ ആരോഗ്യ ജാഗ്രത ലംഘിച്ചതിന് പൊലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 4,538 ആയി. 5,585 പേരെയാണ് ഇതുവരെ അറസ്റ്റു ചെയ്തത്.

## സ്നേഹത്തണൽ പദ്ധതിക്ക് തുടക്കമായി



കേരള പ്രദേശ് ഗാന്ധി ദർശൻ വേദിയുടെ സ്നേഹത്തണൽ പദ്ധതി ഡി സി സി പ്രസിഡന്റ് വി വി പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

**മലപ്പുറം :** കേരള പ്രദേശ് ഗാന്ധി ദർശൻ വേദി മലപ്പുറം ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്നേഹത്തണൽ പദ്ധതിക്ക് തുടക്കമായി. 'സബർമതി 'എന്ന പേരിൽ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മലപ്പുറം മുണ്ടുപറമ്പ് ബൈപാസ് ജംഗ്ഷനിൽ സബർമതി വൃക്ഷത്തൈ നട്ടുകൊണ്ട് ജില്ലാ കോൺഗ്രസ് പ്രസിഡന്റ് വി വി പ്രകാശ് ഉദ്ഘാടനം ചെയ്തു. ഗാന്ധി ദർശൻ വേദി സംസ്ഥാന സെക്രട്ടറി ടി ജെ മാർട്ടിൻ, വനിതാ വേദി ജില്ലാ പ്രസിഡന്റ് കെ എം ഗിരിജ, നിയോജക മണ്ഡലം ചെയർമാൻ കെ പി പ്രശാന്ത്, കമ്മിറ്റി അംഗങ്ങളായ എം കെ സഹദേവൻ, സേതുമാധവൻ, രാമു, അൻസാർ എന്നിവർ പങ്കെടുത്തു. വിവിധ നിയോജക മണ്ഡലങ്ങളിലായി ജില്ലാ ചെയർമാൻ എ ഗോപാലകൃഷ്ണൻ, ജന. സെക്രട്ടറി എസ് സുധീർ, ട്രഷറർ അബുബക്കർ , സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എ കരുണകുമാരൻ, ടി പി പത്മനാഭൻ, ഫാത്തിമ ബീവി, അബ്ദുൽ നാസർ, അബ്ദുറഹിമാൻ, ഓജസ് സെബാസ്റ്റിയൻ തുടങ്ങിയവർ പങ്കെടുത്തു

## ജനകീയ മത്സ്യകൃഷി പദ്ധതി അപേക്ഷ ക്ഷണിച്ചു

**മലപ്പുറം :** ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി, നൈൽ തിലാപ്പിയ, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ഓരുജല സമ്മിശ്ര മത്സ്യകൃഷി, ശുദ്ധജല കൂടു മത്സ്യകൃഷി, ഓരുജല കൂടു മത്സ്യകൃഷി, കരിമീൻ, വരാൽ വിത്തുൽപ്പാദന യൂനിറ്റുകൾ, കാർപ്പ്, ഓരുജല മത്സ്യവിത്തുപരിപാലന യൂനിറ്റ് തുടങ്ങിയ ഘടക പദ്ധതികൾ തുടങ്ങാൻ താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോം പൊന്നാനി മത്സ്യകർഷക വികസന ഏജൻസിയിൽ നിന്നും പഞ്ചായത്തുതല അക്വാകൾച്ചർ പ്രൊമോട്ടർമാരിൽ നിന്നും ലഭിക്കും. താത്പര്യമുള്ളവർ ജൂൺ 17 നകം അക്വാകൾച്ചർ പ്രൊമോട്ടർമാർ മുഖേന മത്സ്യകർഷക വികസന ഏജൻസി ഓഫീസിൽ അപേക്ഷ സമർപ്പിക്കണമെന്ന് പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ: 0494 2666428

# മാതൃകയാകുന്നു ഈ വളയന്നൂരിലെ ഒരു കൂട്ടം യുവാക്കൾ

*ബിജു വളയന്നൂർ*

**കുറ്റ്യാടി:** കർമ്മനിരതമായ പ്രവർത്തനിലൂടെ മാതൃകയായിരിക്കുകയാണ് വളയന്നൂരിലെ ഒരു കൂട്ടം യുവാക്കൾ . പ്രദേശത്തെ 500 ലധികം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്താണ് യുവാക്കൾ മാതൃകയായത്. ലോക്ഡൗണിന്റെ ആദ്യഘട്ടത്തിൽ 100ലധികം നിർധന കുടുംബങ്ങൾക്കാണ് കിറ്റ് വിതരണം ചെയ്തത്.

പ്രവർത്തനത്തിന്റെ ഭാഗമായി 4 സ്ക്വാഡുകളായി തിരിഞ്ഞ് നിർധനർ, പിന്നാക്കം, മുന്നാക്കം തുടങ്ങിയ രീതിയിൽ കുടുംബങ്ങളെ കണ്ടെത്തും. തുടർന്ന് ഓരോ കുടുംബത്തിനും ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കും. അതിനു ശേഷം ഭക്ഷ്യധാന്യങ്ങൾ വാങ്ങിക്കാനാവശ്യമായ തുക കണ്ടെത്തും. പ്രദേശത്തെ സുമനസുകളാണ് തുക നൽകാൻ മുന്നോട്ടു വന്നത്.

പിന്നീട് എല്ലാ ഭക്ഷ്യധാന്യങ്ങളും വാങ്ങുകയും കോവിഡ് മാർഗ നിർദ്ദേശങ്ങൾ പാലിച്ച് വിവിധ സഞ്ചികളിലായി നിറയ്ക്കുകയും ചെയ്യും. തുടർന്ന് ഓട്ടോറിക്ഷയിൽ കിറ്റുകൾ വീടുകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. സി പി ഐ എം വളയന്നൂർ ചിറ ബ്രാഞ്ച് കമ്മിറ്റിയാണ് പരിപാടിക്ക് നേതൃത്വം നൽകുന്നത്. രണ്ടാം ഘട്ട പച്ചക്കറി കിറ്റ് വിതരണം കുറ്റ്യാടി പഞ്ചായത്ത് പ്രസിഡണ്ട് സി എൻ ബാലകൃഷ്ണൻ നിർവഹിച്ചു. ബ്രാഞ്ച് സെക്രട്ടറി കെ പി ബാബുരാജ് ഏറ്റുവാങ്ങി. ഇ കെ ബാബു, എ വി രാജേഷ്, ഇ കെ ബൈജു, ബിജു വളയന്നൂർ, ഇ കെ വിജീഷ്, കെ കെ ദിവീഷ്, ഇ വി ശ്രീജിത്ത് എന്നിവർ പങ്കെടുത്തു



*പഞ്ചായത്ത് പ്രസിഡണ്ട് സി എൻ ബാലകൃഷ്ണൻ പച്ചക്കറി കിറ്റിന്റെ വിതരണോദ്ഘാടനം നിർവഹിക്കുന്നു*

## ധർണ്ണ നടത്തി

**വടകര:** കോവിഡുമായി ബന്ധപ്പെട്ട് വാണിജ്യ വ്യാപാര മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുക, കേന്ദ്ര സർക്കാറിന്റെ തൊഴിലാളി വിരുദ്ധ നിയമങ്ങൾ പിൻവലിക്കുക, ജോലി സമയം വർദ്ധിപ്പിച്ച കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കുക, വാണിജ്യ വ്യാപാര മേഖലയിലെ ഓൺലൈൻ സംവിധാനം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കമേഴ്ഷ്യൽ എംപ്ലോയീസ് യൂണിയൻ സിഐടിയു നേതൃത്വത്തിൽ ഹെഡ് പോസ്റ്റോഫീസിനു മുൻപിൽ നടന്ന ധർണ്ണ നടത്തി. സിഐടിയു ജില്ലാ സെക്രട്ടറി വി കെ വിനു( ഇകഠഡ ഉദ്ഘാടനം ചെയ്തു. ടി കെ പ്രഭാകരൻ അധ്യക്ഷനായി.

## കൂടത്തായി:വാദം ആഗസ്റ്റ് 11ന്

**കോഴിക്കോട്:** കൂടത്തായി കൊലപാതക പരമ്പര കേസിൽ ആഗസ്ത് 11ന് പ്രാരംഭ വാദം കേൾക്കും. വിചാരണ നടപടികളുടെ ഭാഗമായി ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി പി രാഗിണി കേസ് പരിഗണിച്ചു. സിലി വധക്കേസിലും റോയ് വധക്കേസിലും വിചാരണ നടപടികൾക്കാണ് തുടക്കമായത്.

## ചരമം



**തിരൂർ :** പച്ചാട്ടിരി പരേതരായ ശങ്കരൻ നായരുടെയും പൂക്കയിൽ എഴുത്തുപള്ളിയിൽ സത്യഭാമയുടെയും മകൻ അനിൽകുമാർ (57) മുംബൈയിൽ തിങ്കളാഴ്ച്ച അന്തരിച്ചു. സംസ്കാരം മുംബൈയിൽ നടത്തി. ഭാര്യ: ശ്രീദേവി, മക്കൾ: അഖിൽ, അമൃത, സഹോദരങ്ങൾ: അജിത്ത്, അജയ്, അനൂപ്, പരേതയായ അനിത.

# ജൈവമിത്ര വളം വിപണിയിലിറക്കി

**വടകര:** ഏറാമല പഞ്ചായത്ത് വിപണിയിലിറക്കുന്ന ' ജൈവമിത്ര ' എന്ന ജൈവവളത്തിന്റെ വിതരണരോദ്ഘാടനം കൃഷിമന്ത്രി വി.എസ് സുനിൽകുമാർ വീഡിയൊ കോൺഫ്രൻസിലൂടെ നിർവഹിച്ചു. ഓർക്കാട്ടേരി ടൗണിൽ നിന്ന് ശേഖരിക്കുന്ന ജൈവമാലിന്യങ്ങളിൽ നിന്നാണ് വളം നിർമിക്കുന്നത്. പഞ്ചായത്തിലെ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതോടൊപ്പം ജൈവകർഷകർക്ക് പ്രോത്സാഹനം നൽകുന്നതുമാണ് ഈ പദ്ധതി. ഏറാമല സഹകരണ ബാങ്കാണ് വളത്തിന്റെ വിതരണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്.

2016-17 ൽ പഞ്ചായത്തിൽ ആരംഭിച്ച സമ്പൂർണ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ഐ.ആർ.ടി.സി.യുടെ സഹകരണത്തോടെയാണ് ഹരിത സേനാംഗങ്ങൾക്ക് പരിശീലനം നൽകിയത്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഏറാമല സർവീസ് സഹകരണ ബാങ്ക് നടപ്പിലാക്കുന്ന എല്ലാ വീടുകളിലും അടുക്കളത്തോട്ടം പദ്ധതിയിൽ ഉൾപ്പെടുന്ന 8,000 വീടുകളിൽ ആദ്യഘട്ടത്തിൽ ജൈവമിത്ര നൽകും.

ആദ്യ വിതരണോദ്ഘാടനം സി.കെ നാണു എം.എൽ.എ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എം.കെ ഭാസ്കരൻ അധ്യക്ഷത വഹിച്ചു. ബാങ്ക് ചെയർമാൻ മനയത്ത് ചന്ദ്രൻ ഏറ്റുവാങ്ങി. സെക്രട്ടറി പി സുരേഷ്, ടി.കെ രാജൻ, ടി.സി നിഷ, ബേബി ബാലമ്പ്രത്ത് തുടങ്ങിയവർ സംബന്ധിച്ചു.



*വില്യാപ്പള്ളി സ്നേഹതീരം റസിഡൻറ്സ് അസോസിയേഷൻ പ്രവർത്തകർ റോഡ് ശുചീകരണം നടത്തുന്നു.*

# ഓഫീസുകളിൽ ഫുൾ ഹാജർ

കോഴിക്കോട്: അടച്ചിടൽ ഇളവുകൾ വന്നതോടെ സർക്കാർ ഓഫീസുകൾ പൂർണമായി പ്രവർത്തിച്ച് തുടങ്ങി. ഹോട്ട്സ്പോട്ട്, കണ്ടെയിൻമെന്റ് സോൺ ഒഴികെയുള്ള മുഴുവൻ പ്രദേശങ്ങളിലെയും സർക്കാർ, അർധസർക്കാർ ഓഫീസുകളിലും സഹകരണ സ്ഥാപനങ്ങളിലും തിങ്കളാഴ്ച ഭൂരിഭാഗം ജീവനക്കാരുമെത്തി. ജില്ലയിൽ 95 ശതമാനമായിരുന്നു ഹാജർ നില.

മറ്റ് ജില്ലകളിൽ നിന്നെത്താൻ കഴിയാതിരുന്ന ജീവനക്കാരിൽ ഭൂരിപക്ഷവും തിങ്കളാഴ്ച ഓഫീസിലെത്തി. പൊതുജനങ്ങളും കൂടുതലായി എത്തുന്നുണ്ട്. അത്യാവശ്യങ്ങൾക്ക് മാത്രം ഓഫീസുകളിൽ നേരിട്ടെത്തിയാൽ മതിയെന്നാണ് നിർദേശം. സിവിൽ സ്റ്റേഷന്റെ പ്രധാന കവാടത്തിലെ ഒരു ഗേറ്റിലൂടെ മാത്രമാണ് പ്രവേശനം. ഓഫീസുകൾക്ക് മുന്നിലും സന്ദർശകരെ നിയന്ത്രിക്കുന്നുണ്ട്. അതേസമയം, സ്വകാര്യ ബസ്സുകൾ ഓട്ടം നിർത്തിയത് പ്രയാസമാകുന്നതായി ജീവനക്കാർ പറഞ്ഞു.

# അനുമതി ഉണ്ടായിട്ടും ബസുകൾ ഓടുന്നില്ല; വലഞ്ഞ് ജനം

**കോഴിക്കോട്:** സർവീസ് അനുമതി ലഭിച്ചിട്ടും സംസ്ഥാനത്ത് പല ജില്ലകളിലും സ്വകാര്യ ബസുകൾ നിരത്തിൽ ഇറങ്ങിയില്ല. കോഴിക്കോട് നഗരത്തിൽ അടക്കം ബസുകൾ ഇല്ലാത്തത് ജനങ്ങളെ വലയ്ക്കുകയാണ്. കനത്ത നഷ്ടം സഹിച്ച് ബസുകൾ ഓടിക്കാനാവില്ലെന്ന നിലപാടിലാണ് ബസ് ഉടമകൾ.

കോട്ടയത്ത് സ്വകാര്യ ബസ് സർവീസ് ഭാഗികമായാണ് നടക്കുന്നത്. തൃശ്ശൂരിൽ വളരെ കുറച്ച് റൂട്ടുകളിലാണ് ബസുകൾ ഓടുന്നത്. പത്തനംതിട്ടയിൽ സ്വകാര്യ ബസുകൾ സർവീസ് നടത്തുന്നില്ല. കൊച്ചിയിൽ സ്വകാര്യ ബസ് സർവ്വീസുകളുടെ എണ്ണത്തിൽ വൻ കുറവാണുള്ളത്.

അമ്പതിൽ താഴെ ബസുകൾ മാത്രമാണ് നിലവിൽ കൊച്ചി നഗരത്തിൽ സർവീസ് നടത്തുന്നത്.

നഗരത്തിൽ ഓടുന്ന ബസുകൾക്ക് ആയിരം രൂപയോളവും ദീർഘ ദൂര ബസുകൾക്ക് മൂവായിരം രൂപയിലധികവും നഷ്ടമുണ്ടാകുന്നുവെന്നാണ് ഉടമകൾ പറയുന്നത്.

നഗരത്തിന് പുറത്തേക്കുള്ള പല പ്രധാന റൂട്ടുകളിലും ബസ് സർവ്വീസുകൾ പൂർണമായും നിലച്ചു.

സർവ്വീസുകൾ ലാഭകരമല്ലാതായെന്ന് ബസ് ഉടമകൾ പറയുന്നു.

സർക്കാർ നിർദ്ദേശം പാലിച്ച് സർവ്വീസ് നടത്താൻ ബുദ്ധിമുട്ടാണെന്നും ബസ് ഉടമകൾ പറയുന്നു.

# ഭിന്നശേഷിക്കാർക്കായി 'വൈറ്റ് ബോർഡ്' റെഡി

**കോഴിക്കോട് :** ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും ഇനി പഠിക്കാം. ഓൺലൈനായും വീട്ടിലെത്തിയും പാഠങ്ങൾ പഠിപ്പിക്കാൻ 'വൈറ്റ് ബോർഡ്' സജ്ജം. സമഗ്ര ശിക്ഷാ കേരള ആഭിമുഖ്യത്തിലാണ് സംസ്ഥാനത്തെ 82,000 ത്തോളം കുട്ടികൾക്ക് അധ്യയന സൗകര്യമൊരുക്കുന്നത്. പഠന സാമഗ്രികൾ തയ്യാറാക്കുന്ന പ്രവർത്തനം അവസാന ഘട്ടത്തിലാണ്. 15 മുതൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കും. 17 മുതൽ അധ്യാപകർ വീട്ടിലെത്തിയും പരിശീലനം നൽകും. ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ പഠനം ലഭ്യമാക്കുക. ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവുമായ പരിമിതികൾ മനസ്സിലാക്കി അതനുസരിച്ചാണ് ക്ലാസുകൾ വീഡിയോ, ഓഡിയോ രൂപത്തിൽ തയ്യാറാക്കുക. വർക്ക് ഷീറ്റുകളും നൽകും. ഇതിനായി അധ്യാപകരുടെ ടെലഗ്രാം ചാനൽ രൂപീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും ബിആർസി അധ്യാപകരാണ് ഓരോ ക്ലാസുകളിലെയും പാഠഭാഗങ്ങൾ കുട്ടികൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ തയ്യാറാക്കിയത്.

## യൂത്ത് കോൺഗ്രസ്സ് തെളിനീരും തണലും പദ്ധതി

കുറ്റ്യാടി:യൂത്ത് കോൺഗ്രസ് തെളിനീരും തണലും പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനത്തിൽ കുറ്റ്യാടി സ്നേഹതീരം പുഴയോരത്ത് ഫലവൃക്ഷങ്ങൾ നട്ടു

മണ്ഡലം കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീജേഷ് ഊരത്ത് ഉൽഘാടനം ചെയ്തു. എ.കെ ഷംസീർ അധ്യക്ഷത വഹിച്ചു.പി കെ ഷമീർ,കെ കെ ജിതിൻ, എ കെ സാജിർ എന്നിവർ പ്രസംഗിച്ചു

## ലോട്ടറി തൊഴിലാളികൾക്ക് കിറ്റ് വിതരണം ചെയ്തു

**വടകര:** ഓൾ കേരള ലോട്ടറി ഏജന്റ് സെല്ലേഴ്സ് (ഐ.എൻ.ടി.യു.സി) കോൺഗ്രസ് നിയോജക മണ്ഡലം കമ്മിറ്റി വടകരയിലെ ലോട്ടറി തൊഴിലാളികൾക്ക് കിറ്റ് വിതരണം ചെയ്തു.

കെ .മുരളീധരൻ എം.പി ഉദ്ഘാടനം ചെയ്തു .ജില്ലാ പ്രസിഡന്റ് എം.സി തോമസ്, മടപ്പള്ളി മോഹനൻ, രഞ്ജിത്ത് കണ്ണോത്ത്, പ്രകാശൻ അമ്പലക്കുളങ്ങര, എൻ.പി ഗീത, ജയദാസൻ കാടോട്ടി,വസന്ത എന്നി

## വൈദ്യുതി ബിൽ വർധനവിനെതിരെ ധർണ

**വടകര:** കോവിഡന്റെ മറവിൽ വൈദ്യുതി ബിൽ കുത്തനെ വർധിപ്പിച്ചതിനെതിരെ മുസ്ലിം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിന്റെ ഭാഗമായി വടകരയിലും വിവിധയിടങ്ങളിൽ പ്രതിഷേധ ധർണ നടത്തി. മുനിസിപ്പൽ ബീച്ച് വൈദ്യുതി ഓഫിസിനു മുന്നിൽ നടന്ന ധർണ എൻ.പി അബ്ദുള്ള ഹാജി ഉദ്ഘാടനം ചെയ്തു. കെ.കെ മഹമൂദ് അധ്യക്ഷത വഹിച്ചു. എം.പി അബ്ദുൾ കരീം, പി.എം മുസ്തഫ, വി.കെ അസീസ്, വി ഫൈസൽ, എ.പി മുസ്തഫ, മുനീർ സേവന എന്നിവർ സംസാരിച്ചു.

ആയഞ്ചേരി കെ.എസ്.ഇ.ബി ഓഫിസിനു മുമ്പിൽ നടന്ന ധർണ ജില്ല് മുസ്ലിം ലീഗ് സെക്രട്ടറി നൊച്ചാട്ട് കുഞ്ഞബ്ദുള്ള ഉദ്ഘാടനം ചെയ്തു. കാട്ടിൽ മൊയ്തു അധ്യക്ഷത വഹിച്ചു.

ലോക്ക് ഡൗൺ കാലമായ മൂന്ന് മാസത്തെ ബിൽ സംഖ്യ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഏറാമല പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓർക്കാട്ടേരി കെ.എസ്.ഇ.ബി ഓഫിസിനു മുമ്പിൽ നടന്ന ധർണ മണ്ഡലം പ്രസിഡന്റ് എം.സി ഇബ്രാഹിം ഉദ്ഘാടനം ചെയ്തു. കെ.കെ അമ്മദ് അധ്യക്ഷത വഹിച്ചു. അഴിയൂർ പഞ്ചായത്ത് കമ്മിറ്റി നടത്തിയ ധർണ മണ്ഡലം ട്രഷറർ കെ അൻവർ ഹാജി ഉദ്ഘാടനം ചെയ്തു. കെ ഇസ്മായിൽ ഹാജി അജ്മാൻ അധ്യക്ഷത വഹിച്ചു.

മുസ്ലിം ലീഗ് ചോറോട് പഞ്ചായത്ത് കമ്മിറ്റി മുട്ടുങ്ങൽ ഓഫിസ് ഉപരോധിച്ചു. മണ്ഡലം ജന സെക്രട്ടറി ഒ.കെ കുഞ്ഞബ്ദുള്ള ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ഹാഷിം കാളംകുളം അധ്യക്ഷത വഹിച്ചു.



## ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഊർജിതമാക്കും

**കൽപ്പറ്റ:** മഴക്കാല ശുചികരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജില്ലയിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ബി നസീമയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. കൽപറ്റ മുനിസിപ്പാലിറ്റിയിലെയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെയും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി.

ഹരിത കർമ്മ സേന അംഗങ്ങളുടെ വരുമാന വർദ്ധനവിന് ഉതകുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും പഞ്ചായത്ത് തലത്തിൽ അതിനുള്ള പദ്ധതി തയ്യാറാക്കുവാനും യോഗത്തിൽ നിർദേശം ഉയർന്നു.

യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ ഇൻചാർജ് സുഭദ്ര നായർ, എ. ഡി. പി ബെന്നി ജോസഫ്, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ വി. കെ ശ്രീലത തുടങ്ങിയവർ പങ്കെടുത്തു.

## ധർണ നടത്തി

**കൽപ്പറ്റ :** പൊതുമേഖലയും സാമൂഹ്യനീതിയും സംരക്ഷിക്കുക എന്ന മുദ്രവാക്യം ഉയർത്തി പട്ടികജാതി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് കേന്ദ്രങ്ങളിൽ പോസ്റ്റ്ഓഫീസ് ധർണ നടത്തി. കേന്ദ്രസർക്കാരിന്റെ കോവിഡ് പാക്കേജിൽ അർഹമായ വിഹിതം പട്ടികവിഭാഗത്തിന്റെ അതിജീവനത്തിന് മാറ്റി വെക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. പ്രതിഷേധത്തിന്റെ ഭാഗമായി പ്രധാനമന്ത്രിക്ക് കത്തും അയച്ചു.

കൽപ്പറ്റ ടെലഫോൺ എക്സ്ചേഞ്ച് ഓഫീസിന് മുന്നിൽ നടന്ന ധർണ ജില്ലാ പ്രസിഡന്റ് കെ സുഗതൻ ഉദ്ഘാടനം ചെയ്തു. പി ആർ നിർമല, പി ആർ ശശികുമാർ എന്നിവർ സംസാരിച്ചു. പി കെ ബാലകൃഷ്ണൻ അധ്യക്ഷനായി. കെ പത്മനാഭൻ സ്വാഗതം പറഞ്ഞു.

# ഓൺ ലൈൻ വിദ്യഭ്യാസം കാര്യക്ഷമമായി നടക്കണമെങ്കിൽ ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും അധ്യാപകരെ ഒഴിവാക്കണം

**മാനന്തവാടി:**ഓൺ ലൈൻ വിദ്യഭ്യാസം കാര്യക്ഷമമായി നടക്കണമെങ്കിൽ ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും അധ്യാപകരെ ഒഴിവാക്കണമെന്ന ആവശ്യം ശക്തം.ഹയർ സെക്കണ്ടറി അധ്യാപകർ മൂല്ല്യ നിർണ്ണയ ഡ്യൂട്ടിയിലായതും ഓൺലൈൻ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുമെന്നും ആരോപണം

കൊവിഡ് പശ്ചാതലത്തിൽ സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസം അരംഭിച്ചെങ്കിലും അധ്യാപകർ മറ്റ് ഡ്യൂട്ടിയിൽ പോകുന്നതിനാൽ ഓൺ ലൈൻ വിദ്യഭ്യാസം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടത്താൻ കഴിയാത്ത സാഹചര്യമെന്ന് പരാതി.പൊതു ഓൺലൈൻ വിദ്യാഭ്യാസം പൂർണ്ണമല്ലെന്ന ആരോപണം പൊതുവെ പറയപ്പെടുന്നുമുണ്ട്.കൂടാതെ കൊവിഡ് സാഹചര്യത്തിൽ അധ്യാപകരെ ഡ്യൂട്ടിക്ക് നിയോഗിച്ചതും ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകർ മൂല്ല്യ നിർണ്ണയത്തിനായി പോയതും കാര്യങ്ങളുടെ പോക്ക് ഇരട്ടിയാക്കുന്നു.

അത്തരമൊരു സാഹചര്യത്തിൽ ഓൺലൈൻ പഠനം കാര്യക്ഷമമായി നടപ്പാക്കാൻ അധ്യാപകരെ ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന് മുൻ അധ്യാപകനും മാനന്തവാടി നഗരസഭ കൗൺസിലറുമായ ജേക്കബ് സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു.

നിലവിൽ പല ആദിവാസി കോളനികളിലും ഇപ്പോൾ തന്നെ ഓൺലൈൻ വിദ്യാഭ്യാസം കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ആരോപണമുയർന്നിട്ടുണ്ട്. സ്മാർട്ട് ഫോണും, ടി.വി.യുമെല്ലാം ഇല്ലാത്തതും ഓൺലൈൻ വിദ്യഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നതിനൊപ്പം അധ്യാപകരെ കൂടി ചെക്ക് പോസ്റ്റ് ഡ്യൂട്ടിക്ക് നിയോഗിച്ചതും



ഫലത്തിൽ ഓൺലൈൻ വിദ്യഭ്യാസം തകിടം മറിയുകയാണ്. അത്തരമൊരു സാഹചര്യത്തിൽ അധ്യാപകരെ ചെക് പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കാൻ ജില്ലാ ഭരണകൂടം തയ്യാറാവണമെന്നാണ് ആവശ്യം.

# വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കണമെന്ന് ഭക്ഷ്യഭദ്രതാ കമ്മീഷൻ

**കൽപ്പറ്റ:**വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കണമെന്ന് ഭക്ഷ്യഭദ്രതാ കമ്മീഷൻ. വിഷയത്തിൽ ഇടപെടൽ നടത്തുമെന്ന് ഭക്ഷ്യഭദ്രതാ കമ്മീഷൻ എം വിജയലക്ഷ്മി പറഞ്ഞു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം വകുപ്പ് അഞ്ച് പ്രകാരം 14 വയസിൽ താഴെയുള്ള എല്ലാ സ്കൂൾ കുട്ടികൾക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകേണ്ടതാണ്. ഇതിന് വീഴ്ച സംഭവിച്ചാൽ ഫുഡ് അലവൻസ് ലഭിക്കാൻ അർഹതയുണ്ട്. കേരളത്തിൽ സ്കൂൾ അധ്യയനം സാധാരണ ഗതിയിൽ ജൂണിൽ സ്കൂളുകൾ തുറന്ന് ആരംഭിക്കുന്നതാണ്. എന്നാൽ കൊവിഡ്19 മഹാമാരി കാരണം സ്കൂളുകൾ തുറക്കുന്നത് അനിശ്ചിതമായി നീണ്ടുപോവുകയാണ്. ഇക്കാലയളവിൽ വിദ്യാർഥികൾക്ക് റേഷൻ കടകൾ വഴിയോ മറ്റ് മാർഗത്തിലോ നിർദിഷ്ട കലോറി ഊർജം ലഭിക്കാനുള്ള ഭക്ഷണം പാചകം ചെയ്യാനുള്ള ഫുഡ് അലവൻസോ മറ്റ് സഹായമോ ലഭിക്കാൻ അർഹതയുണ്ട്. ലോക്ക്ഡൗൺ കാലഘട്ടത്തിൽ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്ല്യം സർക്കാർ നൽകുന്നുണ്ട്. കുട്ടികൾക്ക് വേണ്ടി ആരെങ്കിലും കോടതിയിൽ പോയാലും ഫുഡ് കമ്മീഷന് മുമ്പിൽ പരാതി നൽകിയാലും ഇടപെടൽ ഉണ്ടാകും. ആയതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ ഉണ്ടാകുമെന്നും ഭക്ഷ്യഭദ്രതാ കമ്മീഷൻ അംഗം എം വിജയലക്ഷ്മി അറിയിച്ചു.

# 11 സാമൂഹ്യപാഠശാലകൾ പൂർത്തിയായി

**കൽപ്പറ്റ :** നമുക്കൊരുക്കാം അവർ പഠിക്കട്ടെ എന്ന മുദ്രാവക്യവുമായി എസ്എഫ്ഐയുടെ നേതൃത്വത്തിൽ ഓൺലൈൻ പഠനത്തിനായി സാമൂഹ്യപാഠശാലകൾ സജീവമാകുന്നു. പിന്നോക്ക മേഖലകളിൽ ഓൺലൈൻ ക്ലാസുകൾ ലഭിക്കാത്ത വിദ്യാർഥിക്കായി ടിവി ചാലഞ്ച് ക്യാമ്പയിനിലൂടെ ഇതിനകം 11 സാമൂഹ്യപാഠശാലയാണ് ഒരുക്കിയത്.

സംസ്ഥാനത്ത് ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച ആദ്യദിവസം തന്നെ ബത്തേരി കോട്ടകുന്ന് കോളനിയിൽ എസ്എഫ്ഐ സാമൂഹ്യപാഠശാല ഒരുക്കിയിരുന്നു. തുടർന്ന് സുഗന്ധഗിരി വയൽകുന്ന് കോളനിയിലെ വിദ്യാർഥികൾക്ക് പാഠശാല ഒരുക്കി. സിപിഐ എം ജില്ലാ സെക്രട്ടറി പി ഗഗാറിനാണ് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചത്. ചുള്ളിയോട് പാമ്പട കോളനി, ബത്തേരി കുപ്പാടി വേങ്ങൂർ കോളനി, ചീരാൽ മുരിക്കിലാട് കോളനി ,കമ്പളക്കാട് കൊയ്ഞ്ഞങ്ങാട് കോളനി, മാനന്തവാടി തലപ്പുഴ, അമ്പലവയൽ വികാസ് കോളനി, കോട്ടനാട് ഗവ യുപി സ്കൂൾ, പനവല്ലി കൊല്ലി കോളനി, തൊവരിമല കോട്ടയിൽ കോളനി എന്നിവിടങ്ങളിൽ സമൂഹ്യപഠന കേന്ദ്രങ്ങൾ സജ്ജമാണ്. മാനന്തവാടി മണ്ഡലത്തിൽ ഒ ആർ കേളു എംഎൽഎയുടെ നേതൃത്വത്തിൽ ആരംഭിച്ച ഹലോ സ്കൂൾ പദ്ധയിലേക്കും, കൽപ്പറ്റ മണ്ഡലത്തിൽ സി കെ ശശീന്ദ്രൻ എംഎൽഎ ആരംഭിച്ച ഇ--പാഠശാല പദ്ധതിയിലേക്കും എസ്എഫ്ഐ ടിവി നൽകുമെന്ന് ജില്ലാ കമ്മറ്റി അറിയിച്ചു. സാമൂഹ്യപാഠശാലകൾക്ക് പുറമേ അർഹരായ വിദ്യാർഥികൾക്ക് പൊതുസമൂഹത്തിൽ നിന്നും ശേഖരിക്കുന്ന ടെലിവിഷനുകൾ നൽകുന്നുണ്ട്.




## ഓവുചാലുകൾ അടിയന്തിരമായി വൃത്തിയാക്കണം: യൂത്ത് ലീഗ് മുനിസിപ്പൽ കമ്മിറ്റി

**മാനന്തവാടി:**കൊറോണ ഭീതിയുടെ പശ്ചാത്തലത്തിലും മഴക്കാല സാംക്രമിക രോഗങ്ങൾ തടയുന്നതിനായും മാനന്തവാടി ടൗണിലെ എല്ലാ ഭാഗത്തുമുള്ള ഓവുചാലുകൾ അടിയന്തിരമായി വൃത്തിയാക്കണമെന്ന് യൂത്ത് ലീഗ് മാനന്തവാടി മുനിസിപ്പൽ കമ്മിറ്റി ആവശ്യപ്പെട്ടു .ഓവുകൾ അടഞ്ഞതിനാൽ ചെറിയ മഴ പെയ്യുമ്പോഴേക്കും ചാലുകളിലൂടെ വരുന്ന മലിന ജലം റോഡിലൂടെ പടർന്നൊഴുകുകയാണ്. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കും. മുനിസിപ്പാലിറ്റി അധികൃതർ എത്രയും പെട്ടന്ന് ഈ കാര്യത്തിൽ ഇടപെട്ട് പരിഹാര നടപടികൾ കൈക്കൊള്ളണമെന്നും യോഗം ആവശ്യപ്പെട്ടു. ഓൺലൈൻ യോഗത്തിൽ ഷബീർ.കെ, ഹുസൈൻ.കുഴിനിലം, കബീർ.മാനന്തവാടി, അർഷാദ്.ചെറ്റപ്പാലം, ബഷീർ.സി, യാസിർ.ചിറക്കര എന്നിവർ പങ്കെടുത്തു

# മണൽ നീക്കം ചെയ്യുന്ന നടപടികൾ ഊർജിതമാക്കണം

**കൽപ്പറ്റ:** പുഴകളിൽ നീരൊഴുക്കിന്റെ തടസ്സം ഒഴിവാക്കുന്നതിനായി മണൽ നീക്കം ചെയ്യുന്ന നടപടികൾ ഊർജിതമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകി. കാലവർഷം ശക്തിപ്പെടുന്നതോടെ ജില്ലയിൽ പലയിടങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതിന് സാധ്യതയുണ്ട്. വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനായി പുഴകളിലെ നീരൊഴുക്ക് ശക്തിപ്പെടുത്തണം. ഇതിന് പുഴകളിലെ മണൽ നീക്കം ചെയ്യാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കളക്ടർ നിർദേശിച്ചു. ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ ലഭിക്കുന്ന മഴയുടെ തോത് അറിയുന്നതിനായി സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം ജില്ലയിൽ സജ്ജമാക്കും. കാലവർഷത്തിൽ ദുരിതം നേരിടാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള സംവിധാനമൊരുക്കും. ഇതിന് പ്രയോജനപ്പെടുത്താവുന്ന കേന്ദ്രങ്ങൾ കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. കോവിഡ് 19 രോഗവ്യാപന ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ വയോജനങ്ങൾക്കും കുട്ടികൾക്കും സുരക്ഷിതമായ കേന്ദ്രങ്ങൾ കണ്ടെത്തേണ്ടതുണ്ടെന്നും ജില്ലാ കളക്ടർ പറഞ്ഞു.



## മൂന്ന് വർഷം കഴിഞ്ഞിട്ടും പ്രളയ നഷ്ട പരിഹാരമായി ഒന്നും ലഭിക്കാതെ ഫാത്തിമയും കുടുംബവും

**മാനന്തവാടി:** 2018 ആഗസ്റ്റിലാണ് മാനന്തവാടി വരടിമൂല പുത്തൻ പുരക്കൽ ഫാത്തിമക്കും കുടുംബത്തിനും ദുരിതമായി കാലവർഷം മാറിയത്. ശുചി മുറി പൂർണ്ണമായും തകരുകയും അടുക്കളയുടെ തറയിലും, ചുമരുകൾക്കും വീള്ളൽ വീഴുകയും വീടിന്റ തറഭാഗത്തും വിള്ളൽ വീഴുകയും ചെയ്തു, പശു വളർത്തലിലൂടെ ലഭിക്കുന്ന ഏക വരുമാനമാണ് നാലംഗ കുടുംബത്തിന്റ ഉപജീവന മാർഗ്ഗം, കാലി തൊഴുത്ത് പൂർണ്ണമായും പ്രളയത്തിൽ തകർന്നെങ്കിലും മിൽമയിൽ നിന്നും 40000 രൂപ ധനസഹായമായി ലഭിച്ചതിനെ തുടർന്ന് തൊഴുത്ത് പുതുക്കി പണിതു, ശുചി മുറി തുണി ഇട്ട് മറിച്ചാണ് ഇപ്പോൾ ഉപയോഗിക്കുന്നത്, ഏത് നിമിഷവും വീഴാറായ ചുമരുക ളും മറ്റു മാ ണ് അ ടുക്കള ഭാഗത്തുള്ളത് ഈ വീടിനുള്ളിലാണ് 85 കാരിയായ വൃദ്ധ മാതാവും കഴിയുന്നത്. നിരവധി ഓഫീസുകൾ കയറിയിറങ്ങി നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകുകയും


നഗരസഭ, റവന്യൂ, ജിയോളജി വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെല്ലാം വീട് സന്ദർശിച്ചെങ്കിലും ഇതുവരെയായും ഒരു രൂപ പോലും നഷ്ടപരിഹാരം ലഭിച്ചില്ലെന്ന് ഫാത്തിമ പറഞ്ഞു മഴ നനയാതെ ഭക്ഷണം പാകം ചെയ്യാനായി അടുക്കളയുടെ മേൽക്കൂരയിൽ സ്വന്തം കൈയ്യിൽ നിന്നും പണം മുടക്കി ഷീറ്റ് ഇട്ടിരിക്കുകയാണിപ്പോൾ. പ്രളയദുരിതാശ്വാസം ലഭിക്കേണ്ടവരുടെ പട്ടികയിൽ ഈ കുടുംബം ഇടം പിടിച്ചില്ലെന്ന അധികൃതരുടെ അവകാശവാദം ഏറെ വിചിത്രമായിരിക്കുകയാണ്, മറ്റൊരു വരുമാന മാർഗ്ഗവുമില്ലാത്ത ഈ കുടുംബം ഏങ്ങനെ ആനുകൂല്യ പട്ടികയിൽ നിന്നും പുറത്ത് പോയി എന്നതാണ് പൊതുജനത്തിന്റ ചോദ്യം. ഇത്തരത്തിൽ നിരവധി പേരാണ് അധികൃതരുടെ അനാസ്ഥകാരണം നഷ്ടപരിഹാരം ലഭിക്കാതെ ഒരു കാലവർഷം കൂടി ദുരിതം പേറി ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നത്.

## എണ്ണം വർദ്ധിക്കുന്നുവയനാട്ടിൽ ആറ് പേർക്ക് കോവിഡ് 19 സ്ഥിരികരിച്ചു

**വയനാട് :** എണ്ണം വർദ്ധിക്കുന്നുവയനാട്ടിൽ ആറ് പേർക്ക് കോവിഡ് 19 സ്ഥിരികരിച്ചു.മഹാരാഷ്ട്രയിൽ നിന്ന് മെയ് 4ന് നാട്ടിലെത്തിയ നെന്മേനി സ്വദേശിയായ 47 കാരി, ഇവരുടെ 22 കാരനായ മകൻ ദുബൈയിൽ നിന്നും മെയ് 27 ന് നാട്ടിലെത്തിയമേപ്പാടി ആനപ്പാറ സ്വദേശിയായ 27 വയസ്സ്കാരൻ, കുവൈറ്റിൽ നിന്നും മെയ് 27 ന് വയനാട്ടിലെത്തിയ കണ്ണാടക മടിക്കേരി സ്വദേശിനിയായ 42 കാരി, കുവൈറ്റിൽ നിന്നും മെയ് 27 ന് നാട്ടിലെത്തിയ വൈത്തിരി അച്ചൂരാനം സ്വദേശിനിയായ 36 കാരി, ബംഗളുരുവിൽ നിന്ന് മെയ് 29 ന് നാട്ടിലെത്തിയ കൽപ്പറ്റ റാട്ടക്കോല്ലി സ്വദേശിയായ ദ0 കാരൻ എന്നിവർക്കാണ് ഇന്ന് വൈറസ് ബാധ സ്ഥിരികരിച്ചത് ഇവർ ക്വാറന്റെ യ്നിൽ കഴിഞ്ഞവരാണ്.

## ചരമം

### ചന്ദ്രോത്ത് ബാലകൃഷ്ണൻ നമ്പ്യാർ നിര്യാതനായി



**അഴീക്കോട്:** പ്രമുഖ ഗ്രന്ഥകാരനും ആകാശവാണി സുഭാഷിതാവതാരകനും അഴീക്കോട് വെസ്റ്റ് യു.പി.സ്കൂൾ റിട്ട. ഹെഡ്മാമാസ്റ്ററുമായിരുന്നു.ദേവീമാഹാത്മ്യം മലയാളപരിഭാഷ, ഭാഷ ഭഗവത്ഗീത, മഹാത്മാഗാന്ധിയും അനാസക്തിയോഗവും,പുരാണകഥമഞ്ജരി, സഹോദരങ്ങളുടെ ഇതിഹാസം എന്നിവയാണ് കൃതികൾ. ആകാശവാണി പ്രക്ഷേപണം ചെയ്യപ്പെട്ട സുഭാഷിതസമാഹാരം,അമരവാണി. ഗുരുവന്ദനംഗുരുശ്രേഷ്ഠ അവാർഡ് നേടി. അഴീക്കോട് പുതിയകാവ് ഭഗവതി ക്ഷേത്രം മുൻ ഭരണ സമിതി പ്രസിഡന്റും ട്രസ്ടിയുമാണ്. ഭാര്യ :പാലക്കൽ കാളിയത്ത് ചന്ദ്രിക (ബേബി ).മക്കൾ : രമേശൻകാളിയത്ത്,സതീശൻ , പ്രകാശൻ,പ്രദീപൻ. മരുമക്കൾ :പ്രീത തയ്യത്ത്, ജ്യോതി, സ്മിത,സരിത സഹോദരങ്ങൾ :ജാനകി, ഭാസ്കരൻ, പ്രഭാകരൻ ചന്ദ്രോത്ത് .ശവസംസ്കാരം ഇന്ന് ഉച്ചക്ക് 12.30 ന് പള്ളിക്കുന്ന്പ്രം സമുദായ ശ്മശാനത്തിൽ. ഫോൺ :9400656981

## സമയം നീട്ടി

**കണ്ണൂർ :** ടൌണിലെ വ്യാപാര സ്ഥാപനങ്ങൾ ഇന്നലെ മുതൽ വൈകീട്ട് 6.30 വരെ പ്രവർത്തിപ്പിക്കാൻ ധാരണയായി. കോർ പൊ റേഷൻ മെർച്ചന്റ്സ്ചേംബർ ഭാരവാഹികൾ പൊലീസ ധിക്ക തരുമായി നടത്തിയ കൂടിയാലോചന ട്ര ർന്നാണിത്. കച്ചവടക്കാർ കോവിഡ് സംബന്ധിച്ച എല്ലാ മാനദണ്ഡങ്ങളും പാലിക്കണമെന്ന് ചേംബർ അഭ്യർത്ഥിച്ചു.

# ഓൺലൈൻ പഠന സൗകര്യമൊരുക്കാൻ 50 സ്മാർട്ട് ടിവികൾ ഒരുക്കി ദയ ട്രസ്റ്റ്

### ഇ ക്ലാസ് ചാലഞ്ചിന് 15 എണ്ണം; ഡിവൈഎഫ്ഐ ടിവി ചലഞ്ചിന് 10 ടിവികൾ

**കണ്ണൂർ:** വിദ്യാർഥികൾക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി 50 സ്മാർട്ട് ടിവികൾ ഒരുക്കി ദയ ചാരിറ്റബിൾ ട്രസ്റ്റ്.

കൊറോണ വ്യാപന ഭീതിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി സ്കൂൾ ക്ലാസ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ ജില്ലയിലെ മുഴുവൻ സ്കൂൾ വിദ്യാർഥികൾക്കും ആവശ്യമായ പഠനസൗകര്യം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഇ-ക്ലാസ് ചലഞ്ച് പദ്ധതി പ്രകാരം 15 ടിവി സെറ്റുകളാണ് ദയ ട്രസ്റ്റ് ജില്ലാ ഭരണകൂടത്തിന് കൈമാറിയത്. ജില്ലാപഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ സബ് കലക്ടർ ആസിഫ് കെ യൂസഫ് ടിവി സെറ്റുകൾ ഏറ്റുവാങ്ങി.

ടി വി യോ സ്മാർട്ട് ഫോൺ അടക്കമുള്ള സൗകര്യങ്ങളോ ലഭ്യമാകാതെ പ്രയാസം അനുഭവിക്കുന്ന കുട്ടികൾ ഉള്ള മേഖലകളിലേക്ക് സഹായം എത്തിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നതെന്നും ഇത് തുടരുമെന്നും ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ് പറഞ്ഞു. നിലവിൽ 65ഓളം കോളനികളിൽ ഇതിനുള്ള സൗകര്യം ഒരുക്കി കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. ദയ ചാരിറ്റബിൾ ട്രസ്റ്റ് പോലുള്ള സ്ഥാപങ്ങൾ നടത്തുന്ന ശ്രമങ്ങൾ വിലമതിക്കാനാവാത്തതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എസ്സി-എസ്ടി കോളനികളിലെ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ടിവിയോ മറ്റ് ഓൺലൈൻ പഠന സൗകര്യങ്ങളോ ഇല്ലാത്ത സാഹചര്യത്തിൽ അത് ലഭ്യമാക്കാനുള്ള ശ്രമങ്ങൾക്ക് ദയ ചാരിറ്റബിൾ ട്രസ്റ്റ് വലിയ പിന്തുണയാണ് നൽകുന്നതെന്ന് സബ് കലക്ടർ ആസിഫ് കെ യൂസുഫ് പറഞ്ഞു. ഇത് മാതൃകാപരവും അഭിനന്ദനാർഹവുമാണ്. പുതുതലമുറയെ മുന്നോട്ട് നയിക്കുന്നത് വിദ്യാഭ്യാസം ആണ്. ഓൺലൈൻ ക്ലാസുകൾ അക്കാദമിക രംഗത്ത് വലിയൊരു മാറ്റമാണ് ഉണ്ടാക്കാൻ പോകുന്നതെന്നും സബ് കലക്ടർ പറഞ്ഞു.

സ്മാർട്ട്ഫോണോ ടി വിയോ ഇല്ലാത്തതു കാരണം ഒരു കുട്ടിക്കും വിദ്യാഭ്യാസം നഷ്ടപ്പെടാൻ പാടില്ല എന്ന ലക്ഷ്യത്തോടെയാണ് ദായ ചാരിറ്റബിൾ ട്രസ്റ്റ് ഇ-ക്ലാസ്സ് ചലഞ്ചു ഏറ്റടുത്തതെന്ന് ട്രസ്റ്റ് ചെയർമാൻ ഡോ. എൻ.കെ. സൂരജ് പറഞ്ഞു. ഈ നിർണായകഘട്ടത്തിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുമായി സഹകരിച്ചു കൂടെ നിൽക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ്, ഡിഡിഇ മനോജ് കുമാർ, എസ്എസ്കെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ടി പി വേണുഗോപാൽ, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ പി ജയബാലൻ മാസ്റ്റർ, ദയ ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തകരായ കെ രാജേന്ദ്രൻ, രഗിൻ തയ്യിൽ, എം. പ്രദീപൻ, കെ. സന്തോഷ്, അൻഷാദ് കരുവഞ്ചാൽ തുടങ്ങിയവർ പങ്കെടുത്തു.




തില്ലങ്കേരി പഞ്ചായത്തിലെ ഇല്ലം കോളനി, അയ്യൻകുന്ന് പഞ്ചായത്തിലെ മൂന്നാംകുറ്റി കോളനി, പേരാവൂരിലെ ആനക്കുഴി കോളനി, കൊട്ടിയൂർ പഞ്ചായത്തിലെ പാൽചുരം കോളനി, മുഴക്കുന്ന് പഞ്ചായത്തിലെ പള്ളിപ്പടി കോളനി എന്നിവിടങ്ങളിലാണ് ഈ ടിവി സെറ്റുകൾ കൈമാറുന്നത്.

ഡിവൈഎഫ് ഐ ടി വി ചലഞ്ചിന്റെ ഭാഗമായി 10 ടെലിവിഷൻ സെറ്റുകളും ദയ ചാരിറ്റബിൾ ട്രസ്റ്റ് നൽകി. സിപിഐ(എം) ജില്ലാ കമ്മിറ്റി ഓഫീസിൽ നടന്ന ചടങ്ങിൽ ദയ മെഡിക്കൽസ് എം.ഡി ശ്രീ. എൻ.കെ. ശ്രീജിത്ത് സിപിഎം ജില്ലാ സെക്രട്ടറി ശ്രീ. എം.വി. ജയരാജന് ടിവികൾ കൈമാറി.

ചടങ്ങിൽ ദയ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ഡോ. എൻ.കെ. സൂരജ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീ. ഒ.കെ. വിനീഷ്, ദയ മെഡിക്കൽസ് എം.ഡി എൻ.കെ ശ്രീജിത്ത്, മാനേജർ ടി.വി. ജ്യോതീന്ദ്രൻ, ദയ ട്രസ്റ്റ് പ്രവർത്തകരായ കെ. രാജേന്ദ്രൻ, എം. പ്രദീപൻ, രഗിൻ തയ്യിൽ, ഡിവൈഎഫ്ഐ കണ്ണൂർ ബ്ലോക്ക് സെക്രട്ടറി എം. ശ്രീരാമൻ, ട്രഷറർ പി.അനൂപ്, ജോ: സെക്രട്ടറി പി.അഖിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ജില്ലാ ഭരണകൂടത്തിനും ഡിവൈഎഫ്ഐയ്ക്കും കൈമാറിയതിന് പുറമെയുള്ള ടിവി സെറ്റുകൾ വരുംദിവസങ്ങളിൽ ആവശ്യക്കാർക്കായി വിതരണം ചെയ്യുമെന്നും ദയ ട്രസ്റ്റ് ഭാരവാഹികൾ അറിയിച്ചു.

നേരത്തെ ലോക്ക്ഡൗൺ വേളയിൽ ജില്ലയിൽ കുടുങ്ങിപ്പോയ അതിഥി തൊഴിലാളികൾക്കും ക്യാമ്പുകളിൽ വിനോദ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി 10 ടിവി സെറ്റുകളും ദായാചാരിറ്റബിൾ ട്രസ്റ്റ് കൈമാറിയിരുന്നു. അതിഥി തൊഴിലാളികൾ മടങ്ങിയ പശ്ചാത്തലത്തിൽ ഈ ടെലിവിഷൻ സെറ്റുകൾ കൂടി ഓൺലൈൻ പഠനസൗകര്യം ലഭ്യമല്ലാത്ത പഠിതാക്കൾക്ക് എത്തിച്ചു നൽകാനുള്ള ശ്രമത്തിലാണ് ജില്ലാഭരണകൂടം.

## കൊറോണ: നിരീക്ഷണത്തിലുള്ളത് 9735 പേർ

**കണ്ണൂർ :** കൊറോണ ബാധ സംശയിച്ച് ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 9735 പേർ. ഇവരിൽ 197 പേർ ആശുപത്രിയിലും 9538 പേർ വീടുകളിലുമാണ് നിരീക്ഷണത്തിൽ കഴിയുന്നത്. കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ 52 പേരും, കണ്ണൂർ ജില്ലാശുപത്രിയിൽ 28 പേരും അഞ്ചരക്കണ്ടി കോവിഡ് ട്രീറ്റ്മെന്റ് സെന്ററിൽ 84 പേരും തലശ്ശേരി ജനറൽ ആശുപത്രിയിൽ 33 പേരുമാണ് നിരീക്ഷണത്തിലുള്ളത്. ഇതുവരെ 9182 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 8799 എണ്ണത്തിന്റെ ഫലം വന്നു. ഇതിൽ 8297 എണ്ണം നെഗറ്റീവാണ്. 379 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്.

## ക്ഷേത്ര കവർച്ച ന്യൂ

**പിലാത്തറ:** ചിരപുരാതനമായ കൈതപ്രം കൈക്കുറ്റിയേരി കൈലാസനാഥ ക്ഷേത്രത്തിൽ കവർച്ച ചൊവ്വാഴ്ച ക്ഷേത്രം തുറക്കാൻ വന്നപ്പോഴാണ് കവർച്ച ആ സകിൽ പെട്ടത്.രണ്ട് ഭണ്ഡാരങ്ങൾ തകർത്തു. ഒന്ന് നഷ്ടപ്പെട്ടിട്ടുണ്ട്. സി.സി.ടി.വി - ക്യാമറ തകർക്കുകയും റിക്കാർഡർ എടുത്തു കൊണ്ടുപോവുകയും ചെയ്തു.നേരത്തെയും ഈ ക്ഷേത്രം കവർച്ചക്കിരയായിരുന്നു. പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ഐ.എൻ.ടി.യു.സി.ജില്ലയിൽ 11 സർക്കാർ ഓഫീസുകൾക്ക് മുന്നിൽ തൊഴിലാളി ധർണ്ണ നടത്തും

കണ്ണൂർ: കൊറോണ കാലത്ത് തൊഴിലാളികളെ വഞ്ചിക്കുന്ന മുഖ്യമന്ത്രിപിണറായി വിജയന്റെ ക്രൂരതക്കെതിരെ ഐ.എൻ.ടി.യു.സി.ജില്ലയിൽ 11 കേന്ദ്രങ്ങളിൽ സർക്കാർ ഓഫീസുകൾക്ക് മുന്നിൽ തൊഴിലാളി ധർണ്ണ സമരം നടത്തുവാൻ ജില്ല നേതൃത്വയോഗം തീരുമാനിച്ചു.

ജില്ലാ പ്രസിഡണ്ട് വി.വി.ശശീന്ദ്രന്റ് അദ്ധ്യക്ഷതയിൽ നടത്തിയ വീഡിയോ കോൺഫ്രൻസ് ദേശീയ സിക്രട്ടറി കെ.സുരേന്ദ്രൻ ഉൽഘാടനം ചെയ്തു . തൊഴിൽ നിയമങ്ങൾ ഇല്ലാതാക്കി നരേന്ദ്ര മോദിശത കോടീശ്വരന്മാരെ സഹായിക്കുമ്പോൾ തൊഴിലാളികളെയും പാവപ്പെട്ടവരെയും, പ്രവാസികളെയും വഞ്ചിച്ചു പിണറായി കോടികളുടെ അഴിമതിയാണ് നടത്തുന്ന തെന്നു സുരേന്ദ്രൻ പറഞ്ഞു.പിണറായി മണലും മണ്ണും, പാറയും, കല്ലും, മുള്ളും, എല്ലാം വിറ്റു കൊള്ളയടിക്കുകയാണ് .. എന്തൊക്കെ ഇനി വിൽക്കാനുണ്ടെന്നു കണ്ടെത്താൻ സർക്കാർ വാടകക്കെടുത്ത ഹെലികോപ്ടർ പോലും ഉപയോഗിക്കുന്നു. ഈ നടപടി പണ്ട് വി.എസ് പറഞ്ഞ കടും വെട്ടു തന്നെ സുരേന്ദ്രൻ പറഞ്ഞു. 3 മാസം സർക്കർ പൂട്ടിയിട്ട തൊഴിലാളികൾക്കും കുടുംബത്തിനും ഭക്ഷണം വേണ്ടിവരുംയെന്ന ചിന്ത പോലും മുഖ്യമന്ത്രിക്കില്ല ക്ഷേമനിധിയിൽ നിന്നും കൊടുക്കുമെന്ന പറഞ്ഞ വായ്പ പോലും തന്നില്ല. മോട്ടോർ ബസ്സ് മേഖലയിലെ തൊഴിലാളികൾ ആത്മഹത്യ ചെയ്യുകയാണ്. ഇതൊന്നും കാണാൻ മുഖ്യമന്ത്രിക്ക് സമയമില്ല. അദ്ദേഹം വൈകുന്നേരം നടക്കുന്ന വാർത്തക്ക് ചാനലിന് മുമ്പിലിരിക്കാൻ മുഖം മിനുക്കുകയും, മരിച്ചവരുടെ കണക്കെടുക്കുകയുമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.എ.പി രവീന്ദ്രൻ സ്വാഗതം പറഞ്ഞു.

## കണ്ണൂർ കോർപറേഷൻ ഡെപ്യൂട്ടി മേയർ തെരഞ്ഞെടുപ്പിൽ അട്ടിമറി തടുക്കാൻ യുഡിഎഫ്

**കണ്ണൂർ:** കോർപറേഷൻ ഡെപ്യൂട്ടി മേയർ തെരഞ്ഞെടുപ്പിൽ അട്ടിമറി നടക്കാതിരിക്കാൻ യുഡിഎഫ് നീക്കം സജീവമായി. കെപിസിസി വർക്കിംഗ് പ്രസിഡന്റ് കെ.സുധാകരന്റെ നേതൃത്വത്തിലാണ് നീക്കങ്ങൾ സജീവമായിരിക്കുന്നത്.

തെരഞ്ഞെടുപ്പിനെ നേരിടാനുള്ള മാർഗനിർദേശങ്ങളുമായി യുഡിഎഫ് കൗൺസിലർമാരുടെ യോഗം ഉടൻ വിളിച്ചു ചേർക്കും. 12ന് കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് തെരഞ്ഞെടുപ്പ്.

കോർപറേഷൻ കൗൺസിൽ ഹാളിൽ സാമൂഹ്യ അകലം പാലിക്കാൻ കഴിയാത്തതിനാലാണ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലേക്ക് തെരഞ്ഞെടുപ്പ് മാറ്റിയത്. പി.കെ.രാഗേഷ് തന്നെയാണ് യുഡിഎഫ് സ്ഥാനാർഥി. എൽഡിഎഫിൽ നിന്ന് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ വെള്ളോറ രാജൻ മത്സരിക്കും.

ഡെപ്യൂട്ടി മേയർ തെരഞ്ഞെടുപ്പിൽ രാഗേഷ് വിജയിച്ചാൽ മേയർ സ്ഥാനവും സുമാ ബാലകൃഷ്ണൻ രാജി വച്ച് ലീഗിന് നല്കും. ശേഷിക്കുന്ന മൂന്നു മാസത്തേക്ക് സി.സീനത്തിനെയാണ് ലീഗ് മേയർ സ്ഥാനത്തേക്ക് ആലോചിക്കുന്നത്.

ലീഗ് വിമതനെ ഒപ്പം നിർത്തിയാണ് ഡെപ്യൂട്ടി മേയർ സ്ഥാനത്ത് നിന്ന് രാഗേഷിനെ എൽഡിഎഫ് അവിശ്വാസത്തിലൂടെ പുറത്താക്കിയത്. ലീഗ് വിമതനെ തിരികെ പാളയത്തിലെത്തിച്ചെങ്കിലും അതീവ ജാഗ്രതയോടെയാണ് യുഡിഎഫ് തെരഞ്ഞെടുപ്പിനെ നേരിടുന്നത്

## ശരണ്യയും കാമുകനും കൊലപാതകം ആസൂത്രണം ചെയ്തത്; ഒന്നര വയസുകാരന്റെ കൊലപാതകത്തിൽ കുറ്റപത്രം

**കണ്ണൂർ:** കണ്ണൂരിൽ ഒന്നരവയസുകാരനെ അമ്മ ശരണ്യ കല്ലിലെറിഞ്ഞ് കൊലപ്പെടുത്തിയ കേസിന്റെ കുറ്റപത്രം പുറത്ത്. ശരണ്യയും കാമുകനും കൊലപാതകത്തിന് മുമ്പ് ഇന്ത്യൻ ഓവർസീസ് ബാങ്കിന് മുന്നിലാണ് ഗൂഡാലോചന നടത്തിയത് എന്ന് പൊലീസ് കുറ്റപത്രത്തിൽ വ്യക്തമാക്കുന്നു.

കുറ്റം ഭർത്താവ് പ്രണവിന് മുകളിൽ ചുമത്താനുള്ള തീരുമാനം എടുത്തതും അവിടെ വച്ചാണെന്നാണ് പൊലീസിന്റെ കണ്ടെത്തൽ. ഫെബ്രവരി 16 ന് ഇരുവരും വൈകുന്നേരം 3.45 മുതൽ 5.15 വരെയാണ് ഗൂഢാലോചന നടത്തിയത്.

ആദ്യം എറിഞ്ഞപ്പോൾ പാറക്കെട്ടുകളിൽ വീണ കുട്ടിയെ ശരണ്യ വീണ്ടും ഇറങ്ങിച്ചെന്ന് കടലിലേക്ക് എറിഞ്ഞെങ്കിലും വെള്ളത്തിൽ മുങ്ങിയല്ല കുട്ടി മരിച്ചത്. ശക്തമായി പാറയിൽ ചെന്നടിച്ചതിനെ തുടർന്ന് മുഖത്തും നെറ്റിയിലുമുള്ള പരിക്കുകൾ മൂലമാണ് മരണം എന്നും പോസ്റ്റ് മോർട്ടത്തിൽ വ്യക്തമാക്കിയിരിക്കുന്നു. കണ്ണൂർ ഗവൺമെൻറ് മെഡിക്കൽ കോളജിലെ ഫോറൻസിക് വിദഗ്ധൻ ആർ ജി ഹേമന്ത് കുമാർ ആണ് ഇത് സംബന്ധിച്ചുള്ള മൊഴി നൽകിയിട്ടുള്ളത്. കുട്ടിയെ കൊല്ലുന്നതിന് തൊട്ട് മുമ്പ് ശരണ്യ മുലപ്പാൽ നൽകിയിരുന്നു. കട്ടിയായ മുലപ്പാലിന്റെ അംശം വയറിൽ നിന്ന് പോസ്റ്റ് മോർട്ടം സമയത്ത് കണ്ടെത്തിയതായും മൊഴിയിൽ ഉണ്ട്.

ശരണ്യയും കാമുകനും മുമ്പ് വീട്ടിൽ ശാരീരിക ബന്ധം പുലർത്തിയിരുന്നെന്നും കുറ്റപത്രം പറയുന്നു. ഈ വിവരം പുറത്തു പറയുമെന്ന് ഭീഷണിപ്പെടുത്തി കാമുകൻ നിതിൻ ശരണ്യയുടെ കുട്ടിയുടെ ബ്രേസ്ലെറ്റ് കൈക്കലാക്കി വിൽപ്പന നടത്തി. ഒരു ലക്ഷം രൂപ ശരണ്യ കൊണ്ട് ലോൺ എടുപ്പിക്കാനും കാമുകൻ ശ്രമിച്ചതായും കുറ്റപത്രം വ്യക്തമാക്കുന്നു.



## പാമ്പുകടിയേറ്റ യുവതി മരിച്ചു

**രാജാക്കാട്:** പാമ്പുകടിയേറ്റ യുവതി മരിച്ചു. പരപ്പനങ്ങാടി പറത്താനത്ത് സുനിൽ- മിനി ദമ്പതികളുടെ മകൾ അനു(25) ആണ് മരിച്ചത്. ഞായറാഴ്ച വൈകിട്ട് 3.30 മണിയോടെയാണ് യുവതിക്ക് പാമ്പുകടിയേറ്റത്. ഭർത്താവ് നാഗരാജിനൊപ്പം വീടിന് സമീപത്തെ കാട് വെട്ടിത്തളിക്കുകയായിരുന്നു. ഇതിനിടെ പാമ്പിന്റെ കടിയേൽക്കുകയും ഉടൻ സ്വകാര്യ വിഷ ചികിത്സാ കേന്ദ്രത്തിൽ എത്തിച്ച് പ്രാഥമിക ചികിത്സക്ക് ശേഷം വീട്ടിലേക്ക് മടങ്ങുകയുമായിരുന്നു. എന്നാൽ പിന്നീട് ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെട്ടതിനെ തുടർന്ന് അടിമാലി താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും മരണത്തിനീ കീഴടങ്ങുകയായിരുന്നു

## വീട്ടിൽ അതിക്രമിച്ചു കയറി മർദ്ദിച്ചതായി പരാതി


**കാസർകോട്:** വീട്ടിൽ അതിക്രമിച്ചു കയറി അമ്മയെയും മകളെയും മർദിക്കുകയും തടയാൻ ചെന്ന ഭർതൃസഹോദരനു നേരെ കത്തി വീശുകയും ചെയ്ത സംഭവത്തിൽ രണ്ടു പേർക്കെതിരെ ടൗൺ പൊലീസ് കേസെടുത്തു. നെല്ലിക്കുന്ന് കടപ്പുറത്തെ 38 കാരിയുടെ പരാതിയിൽ മിഥുൻ, ഭാർഗവൻ എന്നിവർക്കെതിരെയാണ് നരഹത്യാ ശ്രമത്തിന് പൊലീസ് കേസെടുത്തത്.

കഴിഞ്ഞ ദിവസം വൈകിട്ടാണ് സംഭവം. വീട്ടിൽ അതിക്രമിച്ചു കയറിയ സംഘം വീട്ടമ്മയെ മർദിക്കുകയും തടയാൻ ചെന്ന മകളെ തള്ളിയിടുകയും ബഹളം കേട്ട് ഓടിയെത്തിയ ഭർതൃസഹോദരൻ പ്രശാന്തിനു നേരെ കത്തിവീശുകയും ചെയ്തുവെന്നാണ് പരാതി. ഇരുവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# വധശിക്ഷയ്ക്ക് തുല്യമാണത്, കോപ്പിയടിക്കുന്ന കുട്ടികളോട് ക്രിമിനലുകളെ കൈകാര്യം ചെയ്യുന്ന പോലെ പെരുമാറരുത്;

### അഞ്ജു ഷാജിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രശസ്ത മനോരോഗ വിദഗ്ധന്റെ ഫെയ്സ്ബുക്ക് കുറിപ്പ് ചർച്ചയാവുന്നു

പാരലൽ കോളേജ് വിദ്യാർത്ഥിനി അഞ്ജു ഷാജിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഫെയ്സ്ബുക്ക് കുറിപ്പുമായി പ്രശസ്ത മനോരോഗ വിദഗ്ധനും എഴുത്തുകാരനുമായ ഡോക്ടർ സി ജെ ജോൺ. കോപ്പിയടിച്ചുവെന്ന പേരിൽ പരീക്ഷാഹാളിനുള്ളിൽ വച്ച് പിടിക്കപ്പെടുകയും പിന്നീട് മൃതദേഹം മീനച്ചിലാറ്റിൽ നിന്ന് കണ്ടെടുക്കുകയും ചെയ്ത സംഭവം ഏറെ കോളിളക്കം സൃഷ്ടിച്ചിരിക്കുകയാണ്. ഇതിനിടെ വിദ്യാർത്ഥിനി കോപ്പിയടിച്ചെന്നും ഇല്ലെന്നും ഉള്ള വസ്തുത തർക്ക വിഷയമായി തുടരുമ്പോഴും കുട്ടികളുടെ മാനസികാവസ്ഥയെ പറ്റിയാണ് ഡോക്ടർ സി ജെ ജോൺ പറയുന്നത്.





സംഭവത്തെക്കുറിച്ച് കോളേജ് അധികൃതരുടെ വിശദീകരണം പരീക്ഷയുടെ പാഠഭാഗങ്ങൾ ഹാൾടിക്കറ്റിന് പിന്നിൽ എഴുതി വച്ചിരുന്നതായി ഇൻവിജിലേറ്റർ കണ്ടെത്തുകയും പിന്നീട് പ്രിൻസിപ്പൽ അച്ഛനെ വിവരമറിയിക്കുകയും ചെയ്യുകയായിരുന്നു എന്നാണ്.

'കോപ്പിയടിച്ചുവെന്ന പേരിൽ പിടിക്കപ്പെട്ടതിൽ മനം നൊന്തു ഒരു ഡിഗ്രി വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തുവെന്ന് വാർത്ത നിജ സ്ഥിതി തർക്ക വിഷയമാണ്. വീട്ടുകാരുടെയും നാട്ടുകാരുടെയും മുമ്പിൽ മാനം കെട്ടു പോകുന്ന സാഹചര്യം പെട്ടെന്ന് ഉണ്ടാകുമ്പോൾ ചില കുട്ടികൾ ഇങ്ങനെ പ്രതികരിച്ചേക്കും. ഈ സാധ്യത കൂടി കണക്കിലെടുത്തു വേണം കോപ്പിയടി സാഹചര്യത്തിൽ പെരുമാറാൻ.' സിജെ ജോൺ അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് കുറിപ്പിൽ പറയുന്നു. കുട്ടികൾ കോപ്പി അടിക്കുന്നത് പലതരം ഉൾപ്രേരണകൾ മൂലമാണെന്നും ക്രിമിനലുകളെ കൈകാര്യം ചെയ്യുന്നത് പോലെ അവരോട് പെരുമാറിയാൽ അതൊരു വധശിക്ഷയായി മാറുമെന്നും ഡോക്ടർ കുറിപ്പിൽ വ്യക്തമാക്കുന്നു.

**ഫെയ്സ്ബുക്ക് കുറിപ്പിന്റെ പൂർണ്ണരൂപം**

കോപ്പിയടിച്ചുവെന്ന പേരിൽ പിടിക്കപ്പെട്ടതിൽ മനം നൊന്തു ഒരു ഡിഗ്രി വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തുവെന്ന് വാർത്ത .നിജ സ്ഥിതി തർക്ക വിഷയമാണ്. വീട്ടുകാരുടെയും നാട്ടുകാരുടെയും മുമ്പിൽ മാനം കെട്ടു പോകുന്ന സാഹചര്യം പെട്ടെന്ന് ഉണ്ടാകുമ്പോൾ ചില കുട്ടികൾ ഇങ്ങനെ പ്രതികരിച്ചേക്കും.

ഈ സാധ്യത കൂടി കണക്കിലെടുത്തു വേണം കോപ്പിയടി സാഹചര്യത്തിൽ പെരുമാറാൻ. രക്ഷകർത്താക്കളെ ഇത്തരം സന്ദർഭത്തിൽ വിളിച്ചു വരുത്തി അവരുടെ ഒപ്പം വേണം വിടാനും. ഈ പ്രായത്തിലുള്ള കുട്ടികളെ ക്രിമിനലുകളായി കണക്കാക്കാതെ തിരുത്താനുള്ള പഴുത് നൽകി വേണം ഇടപെടലുകൾ നടത്താൻ. മാനുഷിക വശം കൂടി പരിഗണിച്ചു കൃത്യമായ ഒരു നടപടി ക്രമം വേണമെന്ന സൂചനയാണ് ഈ സംഭവത്തിൽ വന്ന വീഴ്ചകൾ ചൂണ്ടി കാണിക്കുന്നത്.

സ്വന്തം ഭാഗത്താണ് ശരിയെന്ന് സ്ഥാപിക്കാനായി ആ വിദ്യാഭ്യാസ സ്ഥാപനം സി. സി. ടി. വി ദൃശ്യങ്ങൾ പൊതു സമൂഹത്തിന്റെ മുൻപിലേക്ക് എറിഞ്ഞു കൊടുത്തതും ഒരു വലിയ വീഴ്ചയാണ്. പോലീസിനെ കാണിക്കേണ്ട ദൃശ്യങ്ങൾ ഇങ്ങനെ സ്വയം പോലീസ് ചമഞ്ഞ് പുറത്തു കാണിക്കുന്നത് ആ കുട്ടിയോടും കുടുംബത്തോടും ചെയ്യുന്ന ക്രൂരതയാണ്. കുട്ടികൾ കോപ്പി അടിക്കുന്നത് പല തരം ഉൾപ്രേരണകൾ മൂലമാണ്. പഠിക്കുന്ന കുട്ടികൾ പോലും



കൂട്ടുകാർ ചെയ്യുന്നത് കണ്ട് ചെയ്തു പോകാറുണ്ട്. എന്തിന് ചെയ്തുവെന്ന് മനസ്സിലാക്കാനുള്ള ശ്രമം ഉണ്ടാകണം.

തിരുത്താനുള്ള ഉത്തേജനം നൽകണം. ക്രിമിനലുകളെ കൈകാര്യം ചെയ്യുന്ന പോലെ ഇടപെട്ടാൽ അതൊരു വധശിക്ഷയായി മാറും. സ്വഭാവത്തെ തകർക്കും.

## പരിഹാര അദാലത്ത്: ജൂൺ 12 വരെ

**കാസർകോട്:** കാസർകോട് ജില്ലാ കളക്ടർ ഡോ. ഡി.സജിത് ബാബുവിന്റെ നേതൃത്വത്തിൽ നടത്തുന്ന പരാതി പരിഹാര അദാലത്ത് വിവിധ താലൂക്കുകളിൽ ഇനി ഓൺലൈനായി സംഘടിപ്പിക്കും. വിവിധ താലൂക്കുകളിലേക്കുള്ള അപേക്ഷകൾ ജൂൺ 12 ന് രാത്രി 12 വരെ സ്വീകരിക്കും.അദാലത്തിൽ സിഎംഡിആർ എഫ് ചികിത്സാ ധനസഹായം, ലൈഫ് മിഷൻ പദ്ധതി, റേഷൻ കാർഡ് സംബന്ധിച്ച പരാതികൾ, എൽആർഎം കേസുകൾ എന്നിവ ഒഴികെയുള്ള വിഷയങ്ങളിൽ പരാതികൾ നൽകാം. അദാലത്തിലേക്കുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴിയോ സമർപ്പിക്കാം. ജൂൺ 15 ന് മഞ്ചേശ്വരം താലൂക്കിലും 17 ന് കാസർകോട് താലൂക്കിലും 19 ന് ഹോസ്ദുർഗ്ഗ് താലൂക്കിലും 22 ന് വെള്ളരിക്കുണ്ട് താലൂക്കിലും ഓൺലൈനായി പരാതി പരിഹാര അദാലത്ത് സംഘടിപ്പിക്കും. . പരാതികളിൽ ബന്ധപ്പെട്ട ജില്ലാതലവകുപ്പ് മേധാവികൾ അദാലത്തിന് മുൻപ് നൽകുന്ന മറുപടി തൃപ്തികരമല്ലെങ്കിൽ അക്ഷയകേന്ദ്രത്തിലെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി അപേക്ഷകന് ജില്ലാ കളക്ടറുമായി ബന്ധപ്പെടാം.

## ട്രാൻസ്പരന്റ് ഷീറ്റുപയോഗിച്ച് പാസഞ്ചർ കാബിൻ മറയ്ക്കുന്ന പദ്ധതി വ്യാപിപ്പിച്ച് മോട്ടോർ വാഹന വകുപ്പ്

കാഞ്ഞങ്ങാട്: കൊവിഡ് - 19 പ്രതിരോധത്തിന്റെ ഭാഗമായി ഓട്ടോറിക്ഷകളിൽ ട്രാൻസ്പരന്റ് ഷീറ്റുപയോഗിച്ച് പാസഞ്ചർ കാബിൻ മറയ്ക്കുന്ന പദ്ധതി വ്യാപിപ്പിച്ച് മോട്ടോർ വാഹന വകുപ്പ്. കാസർകോട് ജില്ലാ ഭരണകൂടത്തിന്റെ . ഈ വിഷയത്തിലുള്ള അഭ്യർത്ഥന മാനിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

അഭി സിറാമിക്സ് കാഞ്ഞങ്ങാടുമായി സഹകരിച്ച് പുതിയ ബസ് സ്റ്റാൻഡിലെയും പ്രതീക്ഷ പുരുഷ സ്വയം സഹായ സംഘത്തിന്റെ സഹകരണത്തോടെ പടന്നക്കാട് തോട്ടം സ്റ്റോപ്പിലെയും ഓട്ടോറിക്ഷ സ്റ്റാൻഡുകളിലാണ് പദ്ധതി നടപ്പിലാക്കിയത്.കൊവിഡ് വ്യാപനത്തിൽ നിന്ന് യാത്രികരെയും ഡ്രൈവർമാരെയും സംരക്ഷിക്കാനുള്ള പദ്ധതിക്ക് വലിയ സ്വീകരണമാണ് ലഭിക്കുന്നത്. ഇത്തരത്തിലുള്ള 2500 ലധികം ട്രാൻസ്പരന്റ് ഷീറ്റുകൾക്ക് ജില്ലയിലാകെ സ്പോൺസർമാരെ കണ്ടെത്താനായിട്ടുണ്ടെന്ന് എൻ ഫോർ സ്റ്റാന്റ് വിഭാഗം എം.വി.ഐമാരായ പി.വി. രതീഷ്, ടി. വൈകുണ്ഠൻ എന്നിവർ അറിയിച്ചു. അഭി സിറാമിക്സ് ഉടമ കെ. ഷിജി, പ്രതീക്ഷ പുരുഷ സഹായസംഘം പ്രസിഡന്റ് കെ.വി. രാമകൃഷ്ണൻ സംഘം ഭാരവാഹികൾ എന്നിവരോടൊപ്പം എൻഫോഴ്സ്മെന്റ് വിഭാഗം എ.എം.വി.ഐമാരും സംബന്ധിച്ചു.

## വർഷങ്ങളോളമായി ഉഡുപ്പിയിൽ കുടുങ്ങിയ അഷ്ഫിന് പോലീസിന്റെ കരുതൽ സ്പർശം

**കാസർകോട്:** വർഷങ്ങളോളമായി ഉഡുപ്പിയിൽ കുടുങ്ങിയ അഷ്റഫിന് പോലീസിന്റെ കരുതൽ സ്പർശം. ജില്ലാ പോലീസ് ചീഫ് ഡി. ശിൽപ്പയുടെ ഇടപ്പെടലിൽ ഉഡുപ്പിൽ കഴിയുകയായിരുന്ന അഷ്റഫിന് ഇപ്പോൾ ബന്ധുകളെ കാണാനുള്ള പ്രതീക്ഷയേറുന്നു. ഉഡുപ്പിയിലെ സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റ് ഹോസ്റ്റലിൽ കഴിയുകയായിരുന്ന അഷ്റഫിനെ ജില്ലാ പോലീസ് ചീഫിന്റെ നിർദേശത്തെ തുടർന്ന് ഡി വൈ എസ് പി ബാലകൃഷ്ണന്റെയും മേൽപ്പറമ്പ് സി ഐ ബെന്നിലാലിന്റെയും നേതൃത്വത്തിൽ ഉഡുപ്പിയിൽ നിന്ന് ആംബുലൻസ് മാർഗം ദേളി എച്ച് എൻ സി ആശുപത്രിയിലെത്തിച്ച് ക്വാറന്റൈനിലാക്കി.

തുടർന്ന് കോവിഡ് ടെസ്റ്റ് നടത്തി ക്വാറന്റൈൻ നടപടി പൂർത്തിയാക്കി ബന്ധുക്കളെ കണ്ടെത്തുന്നതുവരെ പരവനടുക്കം അഗതിമന്ദിരത്തിലാക്കാനുള്ള നടപടി പോലീസ് സ്വീകരിച്ചതായി മേൽപ്പറമ്പ് സി.ഐ ബെന്നിലാൽ കാസർകോട് വാർത്തയോട് പറഞ്ഞു. കാസർകോട്ട് നിന്ന് ആംബുലൻസ് ഉഡുപ്പിയിലേക്ക് പുറപ്പെടുമ്പോൾ മേൽപ്പറമ്പ് സ്റ്റേഷനിലെ പോലീസുകാരൻ ഗോവിന്ദനും ഒപ്പമുണ്ടായിരുന്നു.

വർഷങ്ങളോളം ഭാര്യയേയും മക്കളെയും ബന്ധുകളെയും കൈവിട്ട് കഴിയുന്ന അഷ്റഫിന്റെ ദുരിതജീവതത്തിന്റെ വിവരങ്ങൾ ജില്ല പോലീസ് ചീഫ് ശിൽപ്പ നേരിട്ടറിഞ്ഞു. അഷ്റഫിന്റെ ബന്ധുക്കളെ കണ്ടെത്താനുള്ള പോലീസിന്റെ ഊർജ്ജിതമായ ശ്രമമാണ് ഇപ്പോൾ നടന്നുവരുന്നത്. ഉഡുപ്പിയിൽ കഴിയുന്ന അഷ്റഫിനെ കുറിച്ചുള്ള വിവരങ്ങൾ ദിവസങ്ങൾക്ക് മുമ്പ് സോഷ്യൽ മീഡിയ വഴി വൈറലായിട്ടും അഷ്റഫിന്റെ കുടുംബത്തെ കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

കാസർകോട് ഭാഷ സംസാരിക്കുന്നതുകൊണ്ടും നാട് കളനാട്, തളങ്കര എന്നും മറ്റും പറയുന്നത് കൊണ്ടുമാണ് കാസർകോട് ജില്ലക്കാരനെന്ന് മനസ്സിലാക്കിയത്. മക്കൾ ലത്വീഫ്, നാസർ, ഭാര്യ ജമീല എന്നൊക്കെ പറയുന്നുണ്ടെങ്കിലും കൂടുതൽ ഒന്നും വ്യക്തമാവുന്നില്ല. പൊതുപ്രവർത്തകരായ കെ എസ് സാലി കീഴൂർ, ഇല്യാസ്, റഷീദ് ഹാജി എന്നിവർ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തി കൊടുത്തു. ഇദ്ദേഹത്തെക്കുറിച്ച് കൂടുതൽ വിവരം അറിയുന്നവർ മേൽപ്പറമ്പ് സി ഐയെയോ താഴെ കാണുന്ന നമ്പറിലോ ബന്ധപ്പെടണമെന്ന് പോലീസ് അറിയിച്ചു. മൊബൈൽ: 9497947276.

## നിയന്ത്രണം ലംഘിച്ചതിന് ആറു പേരെ അറസ്റ്റ് ചെയ്തു

**കാസർകോട്:** ജില്ലയിൽ മാസ്ക് ധരിക്കാത്ത 165 പേർക്കെതിരെ കൂടി ജൂൺ എട്ടിന് കേസെടുത്തു. ഇതോടെ ജില്ലയിൽ ഇതുവരെ മാസ്ക് ധരിക്കാത്തതിന് കേസ് എടുത്ത് പിഴ ചുമത്തിയവരുടെ എണ്ണം 5334 ആയി. ലോക്ഡൗൺ നിർദ്ദേശ ലംഘനം: 6 പേരെ അറസ്റ്റ് ചെയ്തു

കാസർകോട്: നിരോധനം ലംഘിച്ച് യാത്ര ചെയ്തതിന് ജില്ലയിൽ ഇതുവരെ 2602 കേസുകൾ രജിസ്റ്റർ ചെയ്തു. 3272 പേരെ അറസ്റ്റ് ചെയ്തു. 1121 വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തു.ലോക് ഡൗൺ നിർദ്ദേശ ലംഘനവുമായി ബന്ധപ്പെട്ട് ജൂൺ എട്ടിന് ജില്ലയിൽ അഞ്ചു കേസുകൾ രജിസ്റ്റർ ചെയ്തു. മഞ്ചേശ്വരം-1, കാസർകോട്-2, ബേഡകം-1, ചന്തേര-1, എന്നീ സ്റ്റേഷനുകളിലാണ് കേസുകൾ രജിസ്റ്റർ ചെയ്തത്. വിവിധ കേസുകളിലായി 6 പേരെ അറസ്റ്റ് ചെയ്തു. 4 വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തു.

കേരള പ്രണാമം






# ഖത്തറിൽ ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ്

**ഖത്തർ:** ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഘട്ടം ഘട്ടമായി ഇളവ് നൽകാൻ ഖത്തർ ഭരണകൂടം തീരുമാനിച്ചു. സെപ്തംബറോടെ ദോഹ മെട്രോയും കർവ ബസ് സർവീസും ഭാഗികമായി പ്രവർത്തിപ്പിക്കും. സെപതംബറോടെ പൊതുഗതാഗതം പൂർണ്ണമായും പുന:സ്ഥാപിക്കും.

കൊവിഡ് മുൻകരുതൽ വ്യവസ്ഥകളെല്ലാം പാലിച്ചായിരിക്കും യാത്രക്കാരെ അനുവദിക്കുക. ആരോഗ്യമന്ത്രാലയത്തിന്റെ അനുമതിയോടെ സെപ്തംബറിൽ കൂടുതൽ വിമാനസർവീസുകൾക്കും അനുമതി നൽകും. ജൂൺ 15 മുതൽ അത്യാവശ്യസാഹചര്യങ്ങളുള്ളവർക്ക് ഖത്തറിന് പുറത്തേക്ക് യാത്ര ചെയ്യാൻ അനുമതി നൽകും.

തിരികെ വരുമ്പോൾ സ്വന്തം ചിലവിൽ രണ്ടാഴ്ചത്തെ നിർബന്ധിത ക്വാറന്റൈന് വിധേയമാകണം. ജൂലായ് ഒന്നുമുതൽ കപ്പലുകൾക്കും വലിയ ബോട്ടുകൾക്കും അനുമതി (യാത്രക്കാർ പത്തിൽ കൂടരുത്) നൽകും. കൊവിഡ് വ്യാപനം കുറഞ്ഞ വിദേശരാജ്യങ്ങളിൽ നിന്നും ഖത്തറി വിസയുള്ളവർക്ക് തിരിച്ചെത്താൻ അനുമതി അതിന്റെ അടുത്തഘട്ടമായി നൽകാനാണ് തീരുമാനം.

## അബുദാബിയിൽ കോവിഡ് രോഗികളെ നിരീക്ഷിക്കാൻ സ്മാർട് വാച്ച്

**അബുദാബി;** കോവിഡ് നിയന്ത്രണാതീതമായി പടരുന്ന സാഹചര്യത്തിൽ രോഗികളെ നിരീക്ഷിക്കാൻ അബുദാബിയിൽ സ്മാർട് വാച്ച്.
രോഗം സ്ഥിരീകരിക്കുകയും കാര്യമായ ലക്ഷണങ്ങൾ ഇല്ലാത്തവരുമായ ആളുകളെ വീടുകളിൽ ക്വാറന്റീനിലാക്കി നിരീക്ഷിക്കാനാണ് സ്മാർട് വാച്ച് ഉപയോഗിക്കുന്നത്.

ഇവരുടെ ശരീരോഷ്മാവ് നിരീക്ഷിക്കുന്നതിനും ക്വാറന്റീൻ നിയമം ലംഘിക്കുന്നത് കണ്ടെത്താനും സ്മാർട് വാച്ചിലൂടെ സാധിക്കുമെന്ന് ആരോഗ്യവിഭാഗം അറിയിച്ചു.

രോഗികൾക്ക് ആവശ്യമായ മാർഗനിർദേശം നൽകാനും ഇതുവഴി സാധിക്കും.

## കുവൈറ്റിൽ 105 ഇന്ത്യാക്കാരുൾപ്പെടെ 630 പേർക്ക് കൊറോണ ബാധിച്ചു, മരണ സംഖ്യ 273

**കുവൈറ്റ് സിറ്റി:** നാല് മരണങ്ങളും പുതിയതായി 630 കൊറോണ കേസുകളുമാണ് കുവൈറ്റ് ആരോഗ്യമന്ത്രാലയം സ്ഥിരീകരിച്ചത്. രാജ്യത്തെ ആകെ രോഗബാധിതരുടെ എണ്ണം 9,401 ഇന്ത്യാക്കാരുൾപ്പെടെ 33,140 ആയി. ഇതിൽ കഴിഞ്ഞ 24 മണിക്കൂറിനിടെയിൽ 920 പേരടക്കം ആകെ 22,162 പേരാണ് രോഗമുക്തിനേടിയത്.

ആരോഗ്യമന്ത്രാലയം ഇന്നലെ പുറത്തുവിട്ട റിപ്പോർട്ടിൽ 4 പേർ ഉൾപ്പെടെ രാജ്യത്തെ കൊറോണ മരണസംഖ്യ 273ആയി. രോഗം സ്ഥിരീകരിക്കപ്പെട്ടവരിൽ ആധികവും കുവൈറ്റ് സ്വദേശികളിലാണ്. 271 പേർ. രാജ്യങ്ങൾ തിരിച്ച് 105 ഇന്ത്യൻ പൗരന്മാർ, ഈജിപത്കാർ 101, ബംഗ്ലാദേശികൾ 57. മറ്റുള്ളവർ വിവിധ രാജ്യക്കാരുമാണ്.

24 മണിക്കൂറിനിടയിൽ 3,218 പേരിൽ കൊറോണ പരിശോധന നടത്തിയതോടെ ആകെ 3,21,502 പേരിലാണ് ഇതുവരെയായി പരിശോധന നടത്തിയത്. പുതുതായി രോഗം സ്ഥിരീകരിക്കപ്പെട്ടവരിൽ അഹ്മദിയിൽ നിന്നുമാണ് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത്. 207പേർ.

ചികിത്സയിൽ കഴിയുന്ന 10,705 പേരിൽ 173 പേർ അത്യാഹിത വിഭാഗത്തിൽ കഴിയുന്നവരാണെന്നും ആരോഗ്യമന്ത്രാലയം അറിയിച്ചു.



കെ.എസ്.എഫ്.ഇ. ഓഫീസേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ കെഎസ് എഫ് ഇ ജീവനക്കാർ നൽകിയ മെഡിക്കൽ കോളേജിലേക്കാവിശ്യമായ പിപി ഇ കിറ്റുകൾ തൃശൂർ കളക്ടറുടെ ചേംബറിൽനടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ.സി മൊയ്തീൻ ഏറ്റുവാങ്ങുന്നു

# ഓൺലൈൻ പഠനത്തിന് കെ.എസ്.എഫ്.ഇയുടെ വിദ്യാസഹായി പദ്ധതി

**തൃശൂർ:** കോവിഡ് പ്രതിരോധത്തിനായി വിദ്യാഭ്യാസസ്ഥാപനങ്ങൾ അടച്ചിട്ടതോടെ ഓൺലൈൻ പഠനം മാത്രമാണ് വിദ്യാർത്ഥികൾക്ക് ഇനിയുള്ള പോംവഴി. വീട്ടിലിരുന്നുള്ള ഓൺലൈൻ പഠനത്തിനായി സ്മാർട്ട് ഫോണോ, ടെലിവിഷനോ ഇല്ലാത്ത 2.5 ലക്ഷത്തിലധികം വിദ്യാർത്ഥികൾ കേരളത്തിലുണ്ട്. സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി അർഹരായ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യത്തിനായി വിദ്യാസഹായി പദ്ധതിക്ക് കെ.എസ്.എഫ്.ഇ തുടക്കം കുറിക്കുന്നു.

പദ്ധതി പ്രകാരം അയൽപക്ക വിദ്യാകേന്ദ്രങ്ങളായി പ്രവർത്തിക്കാൻ സാധിക്കുന്ന സംവിധാനങ്ങൾ ഉള്ള ക്ലബുകൾക്കോ അംഗൻവാടികൾക്കോ ലൈബ്രറികൾക്കോ മറ്റ് പൊതുസ്ഥാപനങ്ങൾക്കോ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള സ്പെസിഫിക്കേഷൻസ് ഉള്ള ടി.വി സെറ്റ് വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കെ.എസ്.എഫ്.ഇയ്ക്ക് അപേക്ഷ നൽകാം. അപേക്ഷക്ക് ഒപ്പം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ശിപാർശയും, ടെലിവിഷന്റെ വില, വിൽപനാന്തരസേവനം, എന്നിവ അടങ്ങുന്ന ക്വട്ടേഷനും അടക്കം ചെയ്യണം. കേബിൾ, ഇന്റർനെറ്റ് സൗകര്യം ഉണ്ടോയെന്നും മറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തണം.

ടെലിവിഷൻ സെറ്റിന്റെ വിലയുടെ 75 ശതമാനം കെ.എസ്.എഫ്.ഇ നൽകും. ബാക്കി 25 ശതമാനം തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ, അവർ നിർദേശിക്കുന്ന സ്പോൺസർമാരോ വഹിക്കും. പദ്ധതി യാതൊരുവിധ ലാഭേച്ഛയും കൂടാതെയാണ് നടപ്പാക്കുന്നതെന്നും, രണ്ടു ലക്ഷത്തിൽ പരം വിദ്യാർത്ഥികൾക്ക് ആദ്യഘട്ടത്തിൽ ലാപ്ടോപ് വിതരണം ചെയ്യാൻ സാധിക്കുമെന്നും പത്രസമ്മേളനത്തിൽ കെ.എസ്.എഫ്.ഇ ചെയർമാൻ അഡ്വ.പീലിപ്പോസ് തോമസ്, മാനേജിംഗ് ഡയറക്ടർ വി.പി.സുബ്രഹ്മണ്യൻ എന്നിവർ അറിയിച്ചു.

# സാന്റാ മോണിക്ക പി ടി ഇ ടെസ്റ്റ് സെന്റർ തുറന്നു

**കൊച്ചി:** മുൻനിര വിദ്യാഭ്യാസ സേവന ദാതാക്കളായ പിയേഴ്സൺ, അക്കാദമിക് പി ടി ഇ ടെസ്റ്റ് സെന്ററായ സാന്റാമോണിക്ക സ്റ്റഡി അബ്രോഡിന്റെ പ്രവർത്തനം കൊച്ചിയിൽ പുനരാരംഭിച്ചു. ഇംഗ്ലീഷ് പ്രാവീണ്യം തെളിയിക്കാനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ഭാഷാ പരീക്ഷയാണ് പി ടി ഇ അക്കാദമിക്.

ഓസ്ട്രേലിയ, അയർലണ്ട്, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിലെ സർവകലാശാലകളുടെ അംഗീകാരവും ഉണ്ട്. ഭാഷാ പ്രാവീണ്യ ടെസ്റ്റ് ആവശ്യമായവരുടെ ഡിമാൻഡിന് ഇതോടെ പരിഹാരമാകും.

സർക്കാറിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള സാമൂഹ്യ അകലം പാലിച്ചുകൊണ്ടും കർശനമായ സുരക്ഷാ വ്യവസ്ഥകളോടെയുമായിരിക്കും ടെസ്റ്റ് പുനരാരംഭിക്കുക. ടെസ്റ്റ് എടുക്കേണ്ടവർക്ക് വേ ്ു:ുലമൃീിുലേ.രീ സൈറ്റ് സന്ദർശിച്ച് പി ടി ഇ ടെസ്റ്റ് ഷെഡ്യൂൾ നിശ്ചയിക്കാം.

വിദേശങ്ങളിൽ പഠനത്തിനും തൊഴിൽ തേടിയും നിരവധി പേരാണ് ഓരോ വർഷവും ടെസ്റ്റിൽ പങ്കെടുക്കാറുള്ളത്. പി ടി ഇ ടെസ്റ്റ് സെന്റർ പുനരാരംഭിക്കുന്നതോടെ സുരക്ഷിതമായ സാഹചര്യങ്ങളിൽ ഇംഗ്ലീഷ് പ്രാവീണ്യ പരീക്ഷകൾ നൽകുകയാണ് ലക്ഷ്യമിടുന്നതെന്നും അവരവരുടെ സ്ഥലം എവിടെയായിരുന്നാലും പഠനം തടസ്സമില്ലാതെ കൊണ്ടുപോകാനാകുമെന്നും പിയേഴ്സൺ വൈസ് പ്രസിഡന്റ് എസ് ജി രാമാനന്ദ പറഞ്ഞു.

അംഗീകൃത പി ടി ഇ ടെസ്റ്റ് സെന്ററുകൾ കോവിഡ്–19 വ്യാപനം തടയുന്നതിനായി സംസ്ഥാന സർക്കാർ, സി ഡി സി, ലോകാരോഗ്യ സംഘടന തുടങ്ങിയവരുടെ നിർദ്ദേശങ്ങൾ പാലിച്ച് വിദ്യാർഥികളുടേയും ടെസ്റ്റ് സെന്റർ ജീവനക്കാരുടേയും സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.

എറണാകുളം ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ റോഡിൽ ബയോ ആർക്കേഡിലാണ് സാന്റാമോണിക്ക പി ടി ഇ സെന്റർ.

## വിദ്യാഭ്യാസ സഹായത്തിന് കുടുംബശ്രീ വഴി മൈക്രോ ചിട്ടി പദ്ധതി

**തൃശൂർ:** ഓൺലൈൻ വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികളെ സഹായിക്കാൻ കുടുംബശ്രീ മിഷനുമായി സഹകരിച്ച് മൈക്രോ ചിട്ടി പദ്ധതിയും നടത്തും. ഇതുവഴി നിർധനരായ വിദ്യാർത്ഥികൾക്ക് ലാപടോപ്പുകൾ അധികബാധ്യതയില്ലാതെ ലഭ്യമാകും.

500 രൂപ തവണ സംഖ്യയും 30 മാസം കാലാവധിയുമുള്ള ചിട്ടികളാണ് തുടങ്ങുക. ചിട്ടി കുടുംബശ്രീ അംഗങ്ങൾക്ക് മാത്രം. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് 10,20,30 എന്നീ തവണകളിലെ തവണ സംഖ്യ മുഴുവനും ഒഴിവാക്കി നൽകും. പദ്ധതി നടത്തിപ്പ് വഴി വരുന്ന അധിക ബാധ്യത സർക്കാർ വഹിക്കും.

ഇതിന് പുറമെ ഇടപാടുകാർക്ക് ചിട്ടിയിൽ പണം അടക്കാനായി കെ.എസ്.എഫ്.ഇയുടെ വെബ്സൈറ്റിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡെബിറ്റ് കാർഡുകളോ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനമോ ഉപയോഗിച്ച് ഈ സംവിധാനം വഴി ചിട്ടികളിൽ ചേരാം.




സംസ്കൃതി



# കറുകപ്പുല്ലും ഗണപതിയും

കറുകപ്പുല്ല് ഹൈന്ദവ പൂജകളിൽ പ്രധാനമാണ്. ഗണപതിയ്ക്കുള്ള പൂജകളിൽ പ്രത്യേകിച്ചും. കറുകപ്പുല്ല് പ്രധാനമായും മൂന്നു ശക്തികളെ വഹിയ്ക്കുന്നുവെന്നാണ് വിശ്വാസം. ശിവൻ, ശക്തി, ഗണേശൻ എന്നിവരാണിവ. പൂവില്ലാത്ത കറുകയാണ് പൂജകൾക്കെടുക്കാറ്.

കറുക പൂജകൾക്കു പ്രധാനമായതിനു പുറകിൽ ഒരു കഥയുണ്ട്. ഒരിക്കൽ അനലാസുരൻ സ്വർഗത്തിൽ പ്രശ്നങ്ങളുണ്ടാക്കി. ഈ അസുരന്റെ കണ്ണിൽ നിന്നും പ്രവഹിച്ച തീയിൽ പെടുന്ന എല്ലാം ചാമ്പലായി. ഇതിൽ നിന്നും രക്ഷപ്പെടാൻ ദേവന്മാർ ഗണപതിയെ അഭയം പ്രാപിച്ചു. ഗണപതി അസുരനുമായി യുദ്ധം ചെയ്തു. തന്റെ വിരാടരൂപം പുറത്തെടുത്ത ഗണപതി അസുരനെ വിഴുങ്ങി. എന്നാൽ അസുരന്റെ തീ ഗണപതിയുടെ വയറ്റിൽ ചൂടും അസ്വസ്ഥതകളുമുണ്ടാക്കി. ഗണപതിയുടെ ദേഹം മുഴുവൻ ചൂടനുഭവപ്പെട്ടു. ഇതിൽ നിന്നും സംരക്ഷണം നൽകാനായി ചന്ദ്രൻ ഗണപതിയുടെ തലയ്ക്കു മീതെ നിന്നു തണൽ നൽകി. വിഷ്ണുഭഗവാൻ തന്റെ താമര നൽകി. ശിവൻ വയറിനു ചുറ്റും ആശ്വാസം നൽകാനായി തന്റെ പാമ്പിനെ നൽകി. ഇതൊക്കെക്കൊണ്ടും ഗണപതിയ്ക്ക് ആശ്വാസം ലഭിച്ചില്ല. അവസാനം പല ദിക്കുകളിൽ നിന്നുള്ള മഹർഷിമാർ വന്ന് ഗണപതിയ്ക്ക് 21 കറുകപ്പുല്ലുകൾ നൽകി. ഇതോടെ ചൂടിൽ നിന്നും ഗണപതി ഭഗവാന് ആശ്വാസം ലഭിയ്ക്കുകയും ചെയ്തു. ഇതെത്തുടർന്ന് തന്നെ കറുകപ്പുല്ലു കൊണ്ടു പൂജിയ്ക്കുന്നവരിൽ താൻ പ്രസന്നനാകുമെന്ന് ഗണപതി അനുഗ്രഹം നൽകി. 21 കറുക കൊണ്ടുള്ള പൂജയാണ് ഏറ്റവും മികച്ചത്. ഇത് ഒരുമിച്ചു കെട്ടി വെള്ളത്തിൽ മുക്കി ശുദ്ധമാക്കി ഗണപതിയെ പൂജിയ്ക്കണം. ഗണപതിയുടെ കാൽക്കൽ നിന്നും തുടങ്ങി കഴുത്തറ്റം കറുക കൊണ്ടു മൂടുന്നത് ഏറ്റവും വിശിഷ്യമായി കരുതാം.



# ഫാസിലിന്റെ ദിലീപ് ചിത്രത്തിൽനിന്ന് ഷംന കാസിം പുറത്തായതെങ്ങനെ?

മലയാളികൾക്ക് ഏറെ സുപരിചിതയായ നടിയാണ് ഷംനകാസിം. മലയാളത്തിന് പുറമേ തമിഴിലും തെലുങ്കിലും സജീവമായ താരത്തിന് ആരാധകരും ഏറെയാണ്. മലയാളത്തിന് പുറമേ തമിഴിൽ പൂർണ എന്ന പേരിൽ അറിയപ്പെടുന്ന താരം ഇപ്പോൾ ദിലീപ് നായകനായി ഫാസിൽ സംവിധാനം ചെയ്ത മോസ് ആൻഡ് ക്യാറ്റ് എന്ന സിനിമയിൽ അവസരം നഷ്ടപെട്ട കാര്യം തുറന്ന് പറയുകയാണ്. പിന്നീട് കേരളത്തിൽ പോലും വരാൻ താൻ ഇഷ്ടപ്പെട്ടിട്ടില്ല. അടുത്ത സിനിമയിൽ അവസരം താരമെന്നൊക്കെ ഫാസിൽ സാർ പറഞ്ഞെങ്കിലും അതൊന്നും കേൾക്കാൻ ഉള്ള ക്ഷമ തോന്നിയില്ലന്നും. പക്ഷെ സിനിമയിൽ നിന്നും അവസരം നഷ്ടപ്പെടാൻ ദിലീപേട്ടനല്ല കാരണക്കാരൻ. പക്ഷെ ദിലീപേട്ടനുമായി അടുത്ത ബന്ധമുള്ള ഒരാളാണ് എനിക്കെതിരെ പ്രവർത്തിച്ചതെന്ന് എനിക്കറിയാം ആ കഥ പുറത്ത് പറഞ്ഞാൽ ആർക്കും നല്ലതായിരിക്കില്ല എന്നും ഷംന കാസിം പറയുന്നു.



സംഭവത്തെ കുറിച്ച് ഷംന കാസിം പറയുന്നത്....

'ഈ സിനിമക്ക് വേണ്ടി സംവിധായകൻ ഫാസിലിന്റെ നിർദേശ പ്രകാരം പല സ്റ്റേജ് ഷോകളിൽ നിന്നും ഒഴിവായെന്നും, തമിഴിൽ ചിമ്പു നായകനായ സിനിമയിൽ നായിക വേഷത്തിൽ നിന്നും പിന്മാറിയെന്നും ഷംന പറയുന്നു കാരണം ദിലീപിന്റെ നായികയായി അഭിനയിക്കാൻ നല്ല ആഗ്രഹമുണ്ടായിരുന്നു.

എന്നാൽ ഷൂട്ടിംഗ് തുടങ്ങാൻ രണ്ട് ദിവസം മാത്രമുള്ളപ്പോൾ ഫാസിൽ ഫോണിൽ വിളിച്ചു ഒഴുവാക്കിയ കാര്യം അറിയിച്ചു, ദേഷ്യവും സങ്കടവും പ്രതിക്ഷ നഷ്ടപ്പെട്ടിട്ടും താൻ ''ഓക്കേ സാർ എന്ന് മാത്രമാണ് പറഞ്ഞത്. പിന്നീട് സിനിമ റിലീസ് ചെയ്യുന്ന ദിവസം ദിലീപേട്ടൻ വിളിച്ചുവെന്നും ഷംന എന്നെ ശപിക്കരുത് എന്ന് പറഞ്ഞു. എന്നാൽ താൻ അങ്ങനെയൊന്നും ചെയ്യില്ലെന്നും പക്ഷെ തന്നെ വേദനിപ്പിച്ചതിന് ഉള്ള എന്തെങ്കിലും നല്ല റിസൾട്ട് ആ സിനിമക്ക് ലഭിക്കുമെന്നും ദിലീപേട്ടനോട് പറഞ്ഞു. താൻ ശപിച്ചിട്ടില്ലനും എന്നാൽ ആ സിനിമക്ക് ഒരു ശാപം കിട്ടിയെന്നും ഷംന പറയുന്നു.

പിന്നീട് കേരളത്തിൽ പോലും വരാൻ താൻ ഇഷ്ടപ്പെട്ടിട്ടില്ല. അടുത്ത സിനിമയിൽ അവസരം താരമെന്നൊക്കെ ഫാസിൽ സാർ പറഞ്ഞെങ്കിലും അതൊന്നും കേൾക്കാൻ ഉള്ള ക്ഷമ തോന്നിയില്ലന്നും. പക്ഷെ സിനിമയിൽ നിന്നും അവസരം നഷ്ടപ്പെടാൻ ദിലീപേട്ടനല്ല കാരണക്കാരൻ, അങ്ങനെ ഞാൻ നായികയായി വരുന്നത് താല്പര്യമില്ലായിരുന്നു എങ്കിൽ ആദ്യമേ അദ്ദേഹത്തിന് പറയാമായിരുന്നു. പക്ഷെ ദിലീപേട്ടനുമായി അടുത്ത ബന്ധമുള്ള ഒരാളാണ് എനിക്കെതിരെ പ്രവർത്തിച്ചതെന്ന് എനിക്കറിയാം ആ കഥ പുറത്ത് പറഞ്ഞാൽ ആർക്കും നല്ലതായിരിക്കില്ല എന്നും ഷംന കാസിം പറയുന്നു.

ദിലീപേട്ടൻ നല്ല സുഹൃത്താണ്, സിനിമക്ക് വേണ്ടി കരാർ ഒപ്പിട്ടപ്പോൾ തന്നെ അദ്ദേഹം വിളിച്ചു ആത്മവിശ്വാസം തന്നിരുന്നു. നല്ല നടിയാണ് തന്നെനും കൂടെ അഭിനയിക്കാൻ ആഗ്രഹിച്ചിരുന്നു എന്നൊക്കെ അദ്ദേഹം പറഞ്ഞിരുന്നു. ഇന്നും ദിലീപുമായി നല്ല ബന്ധം സൂക്ഷിക്കുന്നുണ്ടെന്നും മലയാളികളുടെ പ്രിയ താരം ഷംന പറയുന്നു.

## മമ്മൂട്ടിയുടെ കടക്കൽ ചന്ദ്രൻ ലുക്കിൽ ആന്റോ ജോസഫ്

പ്രേക്ഷകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന മമ്മൂട്ടി ചിത്രമാണ് വൺ. കേരള മുഖ്യമന്ത്രി കടയ്ക്കൽ ചന്ദ്രനായിട്ടാണ് ചിത്രത്തിൽ താരം എത്തുന്നത്. പുറത്തിറങ്ങിയ ചിത്രത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്ററും ടീസറുമൊക്കെ ഏറെ ചർച്ചയായിരുന്നു. വണ്ണിലെ മമ്മൂട്ടിയുടെ ഗെറ്റപ്പ് ഏറെ ചർച്ച വിഷയമായിരുന്നു. പ്രേക്ഷകർ ഇതുവരെ കാണാത്ത ഗംഭീര ഗെറ്റപ്പിലാണ് താരം ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇപ്പോഴിത മമ്മൂട്ടിയുടെ കടക്കൽ ചന്ദ്രൻ ലുക്കിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണ് മലയാളത്തിലെ പ്രമുഖ നിർമ്മാതാവ് ആന്റോ ജോസഫ് .





ആന്റോ ജോസഫിന്റെ ലുക്ക് സോഷ്യൽ മീഡിയയിൽ വൈറലായിട്ടുണ്ട്.പ്രൊഡക്ഷൻ കൺട്രോളറായ ബാദുഷയാണ് തന്റെ ഫേസ്ബുക്ക് പേജിലൂടെ ചിത്രം പങ്കുവെച്ചിരിക്കുന്നത്. ഇതാര്, കടക്കൽ ചന്ദ്രനോ, എന്ന കുറിപ്പോടെയാണ് ചിത്രം ഷെയർ ചെയ്തിരിക്കുന്നത്. സോഷ്യൽ മീഡയയിൽ ചിത്രം വൈറലായിട്ടുണ്ട്. കടക്കൽ ചന്ദ്രനും ആന്റോ ജോസഫിനും ചെറിയ സാമ്യമുണ്ടെന്നാണ് ആരാധകർ പറയുന്നത്.മലയാളത്തിൽ ഇതാദ്യമായിട്ടാണ് മമ്മൂട്ടി മുഖ്യമന്ത്രി കഥാപാത്രവുമായി എത്തുന്നത്. കഴിഞ്ഞ വർഷം തെലുങ്കിൽ മുഖ്യമന്ത്രി വൈഎസ് രാജശേഖര റെഡ്ഡിയുടെ ബയോപിക്കായ യാത്രയിൽ വൈഎസ് ആറായി എത്തിയിരുന്നു. മികച്ച അഭിപ്രഭായമായിരുന്നു ചിത്രത്തിന് ലഭിച്ചിരുന്നത്. വൈഎസ് ആറായി എത്തി ഒരു വർഷം പിന്നിടുമ്ബോഴാണ് കേരള മുഖ്യമന്ത്രിയായി മമ്മൂട്ടി എത്തുന്നത്.

മമ്മൂട്ടിയ്ക്കൊപ്പം വൻ താരനിരയാണ് വണ്ണിൽ അണിനിരക്കുന്നത്. ജോജു ജോർജ്,സംവിധായകൻ രഞ്ജിത്ത്മുരളി ഗോപി, ശ്രീനിവാസൻ, ബാലചന്ദ്രമേനോൻ, രഞ്ജിത്ത്, മാമുക്കോയ, സലീംകുമാർ, സുരേഷ് കൃഷ്ണ, ശങ്കർ രാമകൃഷ്ണൻ, സുദേവ് നായർ, വിഷ്ണു ഉണ്ണിക്കൃഷ്ണൻ, നിമിഷ സജയൻ, ഗായത്രി അരുൺ, കൃഷ്ണകുമാർ തുടങ്ങിയവർ ചിത്രത്തിൽ പ്രധാന വേഷത്തിൽ എത്തുന്നുണ്ട്. കൂടാതെ നടി അഹാനയുടെ സഹോദരിയും നടൻ കൃഷ്ണകുമാറിന്റെ മകൾ ഇഷാനി കൃഷ്ണ ഈ ചിത്രത്തിലൂടെ വെള്ളിത്തിരയിൽ എത്തുകയാണ്. ബോബി സഞ്ജയ് ആണ് ചിത്രത്തിന്റെ തിരക്കഥയൊരുക്കുന്നത്.

